# TRICHUR ARCHDIOCESAN BULLETIN

DECEMBER 2013



ആദരാഞ്ജലികളോടെ...



# മാർ ജോൺ മേനാച്ചേരി

ഡിസംബർ 19

പാവനസ്മരണകളോടെ :
തൃശ്ശൂർ അതിരൂപത

TRICHUR ARCHDIOCESAN
# Bulletin

പുസ്തകം : 80
2013 ഡിസംബർ
ലക്കം : 12

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***
**Fr. Francis Aloor**

***Executive Editor***
**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325,
2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

## ഈ ലക്കത്തിൽ


❖ **സർക്കുലർ**
സീറോ മലബാർ സഭയുടെ പുതിയ ആരാധനക്രമ ഗ്രന്ഥങ്ങൾ 5
❖ കച്ചേരികാര്യം 10
❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ -ഡിസംബർ 25
❖ സഹായമെത്രാന്റെ പരിപാടികൾ -ഡിസംബർ 28
❖ നാളാഗമം 30
❖ പാസ്റ്ററൽ കൗൺസിൽ 33
❖ ചാന്ദാ വാർത്തകൾ 36
❖ നാമകരണനടപടികൾ 38
❖ സാമ്പത്തിക കാര്യാലയം 39
❖ വൈദികർ 42
❖ സന്യസ്തർ 45
❖ സ്ഥാപനങ്ങൾ 50
❖ സാന്ത്വനം 58
❖ സംഘടനകൾ 66

Prot. No. 2185/2013

# സർക്കുലർ

## സീറോമലബാർ സഭയുടെ പുതിയ ആരാധനക്രമഗ്രന്ഥങ്ങൾ

*സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

*കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയ്ക്ക് രണ്ടു പുതിയ ആരാധനക്രമഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതമായിരിക്കുകയാണ്: കുർബാനയുടെ രണ്ടാമത്തെ കൂദാശക്രമവും (മാർ തെയദോറിന്റെ പേരിലറിയപ്പെടുന്ന അനാഫൊറ) ആരാധനക്രമത്തിലെ വിശുദ്ധഗ്രന്ഥവായനകൾക്കുവേണ്ടിയുള്ള പ്രഘോഷണഗ്രന്ഥങ്ങളും. ദീർഘമായ കാത്തിരിപ്പിന്റെയും കഠിന പരിശ്രമത്തിന്റെയും സാക്ഷാത്കാരമായി വെളിച്ചം കാണുന്ന ഈ ഗ്രന്ഥങ്ങൾ സഭയുടെ ആരാധനാജീവിതത്തിന് വലിയ മുതൽക്കൂട്ടായിരിക്കുമെന്നതിൽ സംശയമില്ല. 2013 ആഗസ്ററ് 15ന് പ്രാബല്യത്തിൽവന്ന തെയദോറിന്റെ കൂദാശക്രമവും 2013 ഡിസംബർ 1 മുതൽ പ്രാബല്യത്തിൽവരുന്ന പ്രഘോഷണഗ്രന്ഥങ്ങളും സഭാമക്കൾക്കെല്ലാവർക്കും വിശ്വാസം ഫലവത്തായി ആഘോഷിക്കുവാനും വിശ്വാസത്തിൽ വളരുവാനും നിമിത്തമായി തീരട്ടെയെന്ന് ആശംസിക്കുന്നു.

### മാർ തെയദോറിന്റെ കൂദാശക്രമം

ഇപ്പോൾ നമ്മുടെ കുർബാനക്രമത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശക്രമത്തിനു

പുറമേ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും പേരി ലറിയപ്പെടുന്ന രണ്ടു കൂദാശക്രമങ്ങൾ കൂടിയുണ്ട്. ഉദയംപേരൂർ സൂന ഹദോസിനുശേഷം ഉപയോഗത്തിലില്ലാതെവന്ന മാർ തെയദോറിന്റെ കൂദാശക്രമം 415 വർഷങ്ങൾക്കുശേഷം വീണ്ടും നമ്മുടെ സഭയിൽ ഉപയോഗിച്ചുതുടങ്ങുന്നുവെന്നത് ചരിത്രപ്രാധാന്യമുള്ള വസ്തുതയാണ്. സീറോമലബാർ കുർബാനയുടെ പുനരുദ്ധാരണവേളയിൽ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശക്രമങ്ങൾ പുനരുദ്ധരിച്ചു ചേർക്കണമെന്ന് 1957 ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ ആവശ്യപ്പെട്ടിരുന്നു. മാർ തെയദോറിന്റെ കൂദാശയുടെ ഡ്രാഫ്റ്റ് സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റിയുടെയും ലിറ്റർജിക്കൽ റിസേർച്ച് സെന്ററിന്റെയും സബ്കമ്മിറ്റികളുടെയും രൂപതകളിലെ ലിറ്റർജിക്കൽ കമ്മീഷനുകളുടെയും തലങ്ങളിൽ സൂക്ഷ്മമായ പഠനങ്ങൾ നടത്തിയാണ് പുനരുദ്ധരിച്ചത്. രണ്ടാമത്തെ കൂദാശക്രമത്തിന്റെ മൂലരൂപത്തോട് പരമാവധി വിശ്വസ്തത പുലർത്തിക്കൊണ്ടുതന്നെ കാലോചിതമായ മാറ്റങ്ങൾ പ്രാർത്ഥനകളിൽ വരുത്തിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ ടെക്സ്റ്റാണ് സീറോമലബാർ സിനഡിന്റെ തീരുമാനമനുസരിച്ച് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി റോമിലേക്ക് അയച്ചത്. 2012 ഡിസംബർ 15-ാം തീയതി പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയം ഈ കൂദാശക്രമം മൂന്നുവർഷക്കാലത്തേക്ക് പരീക്ഷണാർഥം ഉപയോഗിക്കുവാനുള്ള അംഗീകാരം നല്കി.

മാർ തെയദോറിന്റെ പേരിലാണറിയപ്പെടുന്നതെങ്കിലും ഈ കൂദാശയുടെ രചയിതാവ് തെയദോറല്ല എാണ് ഈ കൂദാശയെക്കുറിച്ച് ആധികാരിക പഠനം നടത്തിയ പണ്ഡിതന്മാരുടെ അഭിപ്രായം. തെയദോറിന്റെ ദൈവശാസ്ത്രചിന്തകളെ ഒരുകാലത്ത് സംശയദൃഷ്ടിയോടെ വീക്ഷിച്ചിരുന്നുവെങ്കിലും കലർപ്പില്ലാത്ത ക്രൈസ്തവ പ്രബോധനമാണ് തെയദോറിന്റെ രചനകളിലുള്ളതെന്ന് ആധുനിക ദൈവശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുന്നു. തെയദോറിന്റെ ദൈവശാസ്ത്രവീക്ഷണങ്ങളുടെ ആധികാരികതയെക്കുറിച്ച് കത്തോലിക്കാസഭ ഇന്ന് സംശയം പുലർത്തുന്നില്ല. തെയദോറിന്റെ കൂദാശക്രമം വിശ്വാസസംബന്ധ

മായും ദൈവശാസ്ത്രപരമായും ഭദ്രമായ ഒന്നാണെന്നാണ് കത്തോലിക്കാ സഭയുടെ ആധികാരികമായ നിലപാട്. ഈ കൂദാശക്രമത്തിലെ ദൈവശാസ്ത്രപരമായ ആശയങ്ങൾ സത്യവിശ്വാസത്തോടു ചേർന്നുപോകുന്നതും വിശുദ്ധഗ്രന്ഥവുമായി ഏറ്റവുമടുത്ത് നില്ക്കുതുമാണ്.

ആറാം നൂറ്റാണ്ടിൽ പ്രചാരത്തിൽ വന്ന ഈ കൂദാശയുടെ മുഖമുദ്ര വികാസം പ്രാപിച്ച ദൈവശാസ്ത്രവും വ്യവസ്ഥാപിതമായ ആശയഘടനയുമാണ്. പൗരസ്ത്യ സുറിയാനി ദൈവശാസ്ത്രത്തിന്റെ വളർച്ചയുടെ അടയാളമായി മാർ തെയദോറിന്റെ കൂദാശയെ നമുക്കു കാണാം. ഈശോമിശിഹായുടെ പെസഹാരഹസ്യത്തിന്റെ ആഘോഷത്തെ കൂടുതൽ അർത്ഥപൂർണ്ണവും അനുഭവവേദ്യവുമാക്കുവാൻ സഭയിലെ വ്യത്യസ്ത കൂദാശകൾക്ക് (അനാഫൊറകൾക്ക്) കഴിയുമെന്നതിനാൽ മാർ തെയദോറിന്റെ പേരിലുള്ള രണ്ടാമത്തെ കൂദാശക്രമം ഉപയോഗിച്ചുള്ള കുർബാന സീറോമലബാർ സഭയെ സംബന്ധിച്ചിടത്തോളം അനുഗ്രഹപ്രദമായിരിക്കും. ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചുള്ള ആഴമേറിയ ദൈവശാസ്ത്രബോധ്യങ്ങൾ ഉൾക്കൊള്ളുന്ന രണ്ടാമത്തെ കൂദാശയുടെ ആഘോഷം സീറോമലബാർ സഭയുടെ ദൈവശാസ്ത്ര വളർച്ചയെയും വിശ്വാസജീവിതത്തെയും ത്വരിതപ്പെടുത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം.

മംഗലവാർത്തക്കാലം ഒന്നാം ഞായർമുതൽ ഓശാനഞായർ ഉൾപ്പെടെയുള്ള കാലങ്ങളിൽ ഉപയോഗിക്കേണ്ടതെന്ന് പാരമ്പര്യം നിഷ്കർഷിച്ചിരുന്ന ഈ കൂദാശക്രമം ആരാധനാവത്സരത്തിലെ ഏതു കാലത്തും സാധിക്കുന്ന സന്ദർഭങ്ങളിലൊക്കെ ഉപയോഗിച്ച് കുർബാനയർപ്പിച്ചുകൊണ്ട് നമ്മുടെ വിശ്വാസത്തെ ആഴത്തിൽ മനസ്സിലാക്കാനും അനുഭവിക്കാനും സഭാമക്കളെല്ലാവരോടും സ്നേഹപുരസ്സരം ആഹ്വാനം ചെയ്യുന്നു.

**പ്രഘോഷണഗ്രന്ഥങ്ങൾ**

ക്രൈസ്തവ സഭയിലെ എല്ലാ ആരാധനക്രമങ്ങളും വചനശുശ്രൂഷയ്ക്കായി പ്രത്യേകം ക്രമപ്പെടുത്തിയ വായനപ്പുസ്തകങ്ങൾ

(Lectionaries) അഥവാ പ്രഘോഷണഗ്രന്ഥങ്ങളാണ് ഉപയോഗിക്കുന്നത്. ഓരോ ദിവസത്തെയും വി. ഗ്രന്ഥവായനകൾ ആരാധനാവത്സരത്തിലെ കാലങ്ങൾക്കും നിശ്ചിത തീയതികൾക്കും അനുസൃതമായി ക്രമമായി നല്കുന്ന ഗ്രന്ഥമാണ് പ്രഘോഷണഗ്രന്ഥം. വായനകൾ എളുപ്പത്തിൽ തിരഞ്ഞെടുക്കുവാനും കലണ്ടർ നിർദേശിക്കുന്ന വ്യത്യസ്ത വി. ഗ്രന്ഥ ഭാഗങ്ങൾ അനായാസം ഒരുമിച്ചുചേർത്തുവായിക്കാനും പ്രഘോഷണ ഗ്രന്ഥം വളരെ സഹായകമാണ്.

1986ൽ നമ്മുടെ പുനരുദ്ധരിക്കപ്പെട്ട കുർബാനക്രമം ഉദ്ഘാടനം ചെയ്യപ്പെട്ടതുമുതൽ പ്രഘോഷണഗ്രന്ഥങ്ങൾ തയ്യാറാക്കുക എന്ന ലക്ഷ്യമുണ്ടായിരുന്നു. എന്നാൽ ആ ലക്ഷ്യം ഇപ്പോഴാണ് സഫലമാകുന്നത്. 1959ലും 1960ലുമായി റോമിൽനിന്ന് നല്കിയ Ordo Celebrationis Quddasae, Supplementum Mysteriorum എന്നീ ഗ്രന്ഥങ്ങളിൽ നല്കിയിട്ടുള്ള വിശുദ്ധ ഗ്രന്ഥവായനക്രമത്തോട് പരമാവധി വിശ്വസ്തത പുലർത്തിക്കൊണ്ടാണ് ഇപ്പോൾ പ്രസിദ്ധീകൃതമാകുന്ന പ്രഘോഷണ ഗ്രന്ഥങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. സീറോമലബാർ സിനഡിന്റെ ആഹ്വാനമനുസരിച്ച് പലവർഷങ്ങളായി സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റിയും സബ് കമ്മിറ്റികളും സൂക്ഷ്മപഠനം നടത്തി വളരെ അനിവാര്യമായ ചില ഭേദഗതികൾ വായനക്രമത്തിൽ വരുത്തിയിട്ടുണ്ട്. സാധാരണ ദിവസങ്ങൾക്കു വേണ്ടിയുള്ള വായനകൾ ആരാധനാവത്സരത്തിന്റെ ചൈതന്യത്തിനനുസരിച്ച് ആരാധനക്രമ പണ്ഡിതരും വിശുദ്ധഗ്രന്ഥ പണ്ഡിതരുമടങ്ങിയ സബ്കമ്മിറ്റികളാണ് തയ്യാറാക്കിയത്. 2013 ആഗസ്റ്റിലെ സിനഡ് അംഗീകാരം നൽകിയ പ്രഘോഷണ ഗ്രന്ഥങ്ങളാണ് പഴയനിയമം, ലേഖനം, സുവിശേഷം എന്നീ മൂന്ന് പുസ്തകങ്ങളായി പ്രസിദ്ധീകരിക്കുത്. ആരാധനാവത്സരത്തിലെ എല്ലാ ദിവസങ്ങൾക്കും തിരുനാളുകൾക്കും പ്രത്യേക സന്ദർഭങ്ങൾക്കും വേണ്ടിയുള്ള വായനകൾ ഈ പ്രഘോഷണ ഗ്രന്ഥങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സീറോമലബാർ സഭയെ സംബന്ധിച്ചിടത്തോളം ആരാധനക്രമ പരമായ വളർച്ചയുടെ വ്യക്തമായ സൂചനയാണ് ഈ പ്രഘോഷണഗ്ര

ന്ഥങ്ങൾ. കൂടുതൽ ഫലപ്രദമായ ഒരു വചനശുശ്രൂഷ നടത്താൻ പ്രഘോഷണഗ്രന്ഥങ്ങൾ സഭയ്ക്കുമുഴുവനും ഉപകരിക്കട്ടെ എന്ന് ആശംസിക്കുന്നു. സീറോമലബാർ സഭയിലെ എല്ലാ ദൈവാലയങ്ങളിലും സന്യാസ ഭവനങ്ങളിലും സ്ഥാപനങ്ങളിലും പുതിയ ആരാധനാവത്സരം തുടങ്ങുന്ന ഡിസംബർ 1 മുതൽ കുർബാനയുടെ വചനശുശ്രൂഷയ്ക്കായി പ്രഘോഷണഗ്രന്ഥങ്ങൾ ഉപയോഗിച്ചു തുടങ്ങണമെന്ന് സഭാമക്കളെല്ലാവരോടും ആഹ്വാനം ചെയ്യുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**കാർഡിനൽ ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച് ബിഷപ്പിൻ കാര്യാലയത്തിൽ നിന്ന് 2013-ാം ആണ്ട് നവമ്പർമാസം 7 -ാം തിയതി നൽകപ്പെട്ടത്.

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

ഡിസംബർ 01 : ഇരുപത്തിയഞ്ച് നോമ്പാരംഭം
**മംഗളവാർത്ത ഒന്നാം ഞായർ**
03 : വി. ഫ്രാൻസിസ് സേവ്യർ
06 : ആദ്യവെള്ളിയാഴ്ച
07 : വി. അംബ്രോസ്
08 : **പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ**
**മംഗലവാർത്ത രണ്ടാം ഞായർ**
14 : കുരിശിന്റെ വി. യോഹന്നാൻ
15 : **മംഗലവാർത്ത മൂന്നാം ഞായർ**
18 : മൈലാപ്പൂരിലെ അത്ഭുത കുരിശ്
19 : മാർ ജോൺ മേനാച്ചേരി പിതാവിന്റെ ചരമദിനം
22 : **മംഗലവാർത്ത നാലാം ഞായർ**
25 : **ഈശോമിശിഹായുടെ പിറവിത്തിരുനാൾ**
കടമുള്ള ദിവസം
26 : വി. സ്റ്റീഫൻ
27 : വി. യോഹന്നാൻ ശ്ലീഹ
28 : കുഞ്ഞിപ്പൈതങ്ങൾ
29 : **പിറവി ഒന്നാം ഞായർ**
തിരുകുടുംബം
31 : വർഷാവസാനം

**2. ഡിസംബർ മാസത്തെ പരിപാടികൾ**

ഡിസംബർ 06 : 07:30 pm സാമ്പത്തികസമിതി യോഗം
09 : 02:30 pm വൈദികസമിതിയോഗം
14 : 04:00 pm സംഘടനകളുടെ ഏകോപനസമിതി ജനറൽ ബോഡി
20 : 10:00 am ആലോചനസമിതിയോഗം

**3. പിറവിക്കാലം :**

ഈശോമിശിഹായുടെ പിറവിതിരുനാൾ മുതൽ ദനഹാതിരുനാൾവരെയുള്ള ദിവസങ്ങളാണ് പിറവിക്കാലമായി കണക്കാക്കപ്പെടുന്നത്. ജ്ഞാനികളുടെ സന്ദർശനവും ഈജിപ്തിലേക്കുള്ള പലായനവും

ഈശോയെ ദൈവാലയത്തിൽ സമർപ്പിക്കുന്ന സംഭവവുമാണ് പിറവിക്കാലത്തിലെ പ്രധാനചിന്തകൾ.

ദൈവപുത്രന്റെ ജനനത്തിൽ ഭൂവാസികളും സ്വർഗ്ഗവാസികളും സന്തോഷത്തിലാറാടി. എന്തുകൊണ്ടെന്നാൽ രക്ഷയുടെ ആശാകിരണങ്ങൾ ഉദയം ചെയ്തു. ലോകത്തിനു കൈവന്ന ഈ സൗഭാഗ്യത്തിൽ പങ്കുപറ്റാനുള്ള ആഹ്വാനമാണ് ഈ കാലം നൽകുന്നത്. സൗഭാഗ്യത്തിൽ പങ്കുപറ്റുക എന്നാൽ ക്രിസ്തുവിനെ സ്വന്തമാക്കുകയെന്നതാണ്. പാപത്തിനു മരിച്ച്, ക്രിസ്തുവിനെ സ്വന്തമാക്കി, സമാധാനവും പ്രത്യാശയും ഉൾക്കൊള്ളുകയാണ് പിറവിക്കാലത്തിന്റെ ചൈതന്യം.

**4. അമലോത്ഭവതിരുനാൾ:**

നമ്മുടെ അതിരൂപത അമലോത്ഭവമാതാവിന് പ്രതിഷ്ഠിതമാണല്ലോ. അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനമായ ഡിസംബർ 8 ന് നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമിപ്പിക്കുന്നു.

**5. പിതാക്കന്മാരുടെ ജന്മദിനം :**

ഡിസംബർ 13ന് ജന്മദിനമാഘോഷിക്കുന്ന മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും മാർ ജേക്കബ് തൂങ്കുഴി പിതാവിനും അതിരൂപത മുഴുവന്റെയും പ്രാർത്ഥനാശംസകൾ. അന്നേ ദിവസം അഭിവന്ദ്യപിതാക്കന്മാർക്കുവേണ്ടി ദിവ്യബലി മധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**6. പാസ്റ്ററൽ കൗൺസിൽ/ ഫൊറോനകൗൺസിൽ തെരഞ്ഞെടുപ്പ്**

നിലവിലുള്ള പാസ്റ്ററൽ കൗൺസിലും ഫൊറോന കൗൺസിലുകളും കാലാവധി പൂർത്തിയാക്കുന്നതിനാൽ പുതിയ പാസ്റ്ററൽ കൗൺസിൽ/ ഫൊറോന കൗൺസിൽ അംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള സമയമായി. 2014 മാർച്ചിലാണ് പുതിയ പാസ്റ്ററൽ കൗൺസിൽ/ഫൊറോന കൗൺസിൽ നിലവിൽ വരുന്നത് (അതുവരെ നിലവിലുള്ള പാസ്റ്ററൽ കൗൺസിൽ തുടരും). പുതിയ അംഗങ്ങളെ 2013 ഡിസംബർ മാസത്തിൽ തെരഞ്ഞെടുക്കണം. പാസ്റ്ററൽ കൗൺസിലിലേക്കുള്ള ഇടവകപ്രതിനിധിയെ റൊട്ടേഷൻ ക്രമമനുസരിച്ചാണ് തെരഞ്ഞെടുക്കേണ്ടത്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ അന്യത്ര കൊടുത്തിട്ടുണ്ട്. (പേജ് 18 കാണുക.)

തെരഞ്ഞെടുക്കപ്പെടുന്ന പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ (പേര്, അഡ്രസ്സ്, ഫോൺ നമ്പറുകൾ, ഇ–മെയിൽ, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവയുൾപ്പെടെ) 2014 ജനുവരി 15നു മുമ്പ് അതിരൂപത കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ഫൊറോന കൗൺസിൽ അംഗങ്ങളുടെ പേരുവിവരം ഫൊറോന കാര്യാലയത്തിലും രേഖാമൂലം നൽകണം.

**7. ഓഫീസ് അവധി :**

2013 ഡിസംബർ 22 മുതൽ 2014 ജനുവരി 6 വരെ അതിരൂപതകാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിരഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**8. തിരുപട്ടസ്വീകരണങ്ങൾ :**

അതിരൂപതക്കുവേണ്ടി 2013 ഡിസംബർ അവസാനവാരത്തിൽ തിരുപ്പട്ടം സ്വീകരിക്കുന്നതിന് താഴെ പറയുന്ന 15 ഡീക്കന്മാർ ഒരുങ്ങികൊണ്ടിരിക്കുകയാണ്. അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

| | | | |
|---|---|---|---|
| 1. ഡീ. അനീഷ് നെല്ലിക്കൽ | മാന്ദാമംഗലം | 26-12-2013 | 09.00 am |
| 2. ഡീ. ജിൻസൺ ചിരിയങ്കണ്ടത്ത് | ഗുരുവായൂർ | 26-12-2013 | 09.00 am |
| 3. ഡീ. ജെയ്സൻ വടക്കേത്തല | മണലൂർ കിഴക്ക് | 26-12-2013 | 02.30 pm |
| 4. ഡീ. ബിനോയ് ചിറ്റിലപ്പിള്ളി | പറപ്പൂർ | 28-12-2013 | 09.00 am |
| 5. ഡീ. ആന്റോസ് എലുവത്തിങ്കൽ | പറപ്പൂർ | 28-12-2013 | 09.00 am |
| 6. ഡീ. ജിന്റോ ചൂണ്ടൽ | പറപ്പൂർ | 28-12-2013 | 09.00 am |
| 7. ഡീ. ഫെബിൻ കൂത്തൂർ | മറ്റം | 28-12-2013 | 09.00 am |
| 8. ഡീ. ഫെക്സിൻ കൂത്തൂർ | എളവള്ളി | 28-12-2013 | 02.30 pm |
| 9. ഡീ. ഡേവിഡ് നെറ്റിക്കാടൻ | മരിയാപുരം | 30-12-2013 | 09.00 am |
| 10. ഡീ. സനോജ് അറങ്ങാശ്ശേരി | തയ്യൂർ | 30-12-2013 | 09.00 am |
| 11. ഡീ. ഫിജോ ആലപ്പാടൻ | തിരൂർ | 30-12-2013 | 02.30 pm |
| 12. ഡീ. റോയ്സൻ കൊള്ളന്നൂർ | മുണ്ടത്തിക്കോട് | 31-12-2013 | 09.00 am |
| 13. ഡീ. മനോജ് കീഴൂർ മുട്ടിക്കൽ | എരുമപ്പെട്ടി | 31-12-2013 | 02.30 pm |
| 14. ഡീ. പോൾ കള്ളിക്കാടൻ | വെളുത്തൂർ | 01-01-2014 | 09.00 am |
| 15. ഡീ. റിജോയ് തൈവളപ്പിൽ | അന്തിക്കാട് | 01-01-2014 | 02.30 pm |

**9. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും:**

വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2014 ജനുവരി 29ന് ബുധനാഴ്ച രാവിലെ 10ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്നതാണ്. എല്ലാ വൈദികരും പങ്കെടുക്കണം.

**10. ഡയറി 2014 :**

അതിരൂപതയിലെ ബഹു. അച്ചന്മാർക്കും പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കുമുള്ള ഡയറി അതിരൂപത ഫിനാൻസ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**11. വൈദികരുടെ നിയമനം :**

1. ഫാ. സിജോ ജോസഫ് കൊള്ളന്നൂർ – വി. ബലിയർപ്പണം; ഹോളിക്രോസ് കോൺവെന്റ് മുള്ളൂർക്കര. സാധുത 2013 സെപ്തംബർ 22 മുതൽ.

**12. പ്രത്യേക അനുവാദങ്ങൾ :**

1. വൈലത്തൂർ ഇടവകയിലെ കല്ലറകളുടെ നിരക്ക് വർദ്ധനവിന് അംഗീകാരം (കല്പനനമ്പർ 2114/2013).
2. നാടാംപാടം പള്ളിയുടെ അധീനതയിലുള്ള സ്ഥലം കൈമാറ്റം ചെയ്യുന്നതിന് അനുവാദം (കല്പനനമ്പർ 2115/2013).
3. കുറ്റൂർ ഇടവകയിൽ സ്ഥലം വാങ്ങുന്നതിനും ആവശ്യമെങ്കിൽ ടി. ആവശ്യത്തിന് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലോൺ സ്വീകരിക്കുന്നതിനും അനുവാദം (കല്പനനമ്പർ 2116/2013).
4. അമലനഗർ മേരിറാണി കോൺവെന്റിൽ സ്കൂളിനായി പണിതീർത്ത പുതിയ കെട്ടിടത്തിൽ മാതാവിന്റെ തിരുസ്വരൂപം സ്ഥാപിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2123/2013).
5. പുതുക്കാട് ആവില കോളേജിൽ നാലര അടി ഉയരമുള്ള മാതാവിന്റെ തിരുസ്വരൂപം സ്ഥാപിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2125/2013).
6. പൊങ്ങണംകാട് ഇടവകയിൽ വൈദികമന്ദിരം നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2145/2013).
7. പഴുവിൽ ഇടവക കിഴ്പുള്ളിക്കര പള്ളിയോട് ചേർന്ന് വൈദികമന്ദിരവും ഓഫീസ് കെട്ടിടവും നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2159/2013).
8. പുറനാട്ടുകര ഇടവകപള്ളിയുടെ പുനർനിർമ്മാണ കാലയളവിൽ വി. കുർബാനയും മറ്റു തിരുകർമ്മങ്ങളും ഹാളിൽ പരികർമ്മം ചെയ്യുന്നതിനുള്ള അനുവാദം (കല്പനനമ്പർ 2163/2013).
9. വെട്ടുകാട് ഇടവകയിൽ വൈദികമന്ദിരം പുനക്രമീകരിക്കാൻ അനുവാദം (കല്പനനമ്പർ 2166/2013).
10. ഏങ്ങണ്ടിയൂർ ഇടവകദൈവാലയനിർമ്മാണം പൂർത്തിയാക്കുന്നമുറയ്ക്ക് പഴയ ദൈവാലയം, വൈദികമന്ദിരം, മണിമാളിക, ഇടവക കാര്യാലയം, പുതിയ പള്ളിക്ക് മുമ്പിൽ സ്ഥിതി ചെയ്യുന്ന ഗ്രോട്ടോ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ പൊളിച്ചു നീക്കുന്നതിന് അനുവാദം (കല്പനനമ്പർ 2169/2013).
11. ഏങ്ങണ്ടിയൂർ ഇടവക ദൈവാലയത്തിന്റെ പുനർനിർമ്മാണചെലവിലേക്കായി വ്യക്തികളിൽ നിന്നും സ്ഥാപനങ്ങലിൽ നിന്നും സംഘടന

യിൽ നിന്നും വായ്പ വാങ്ങുന്നതിന് അനുവാദം (കല്പനനമ്പർ 2170/2013).

12. കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ പബ്ലിക് സ്കൂളിനോട് ചേർന്ന് മൂന്ന് നിലകളിലായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പണിയുന്നതിന് അനുവാദം (കല്പനനമ്പർ 2172/2013).
13. മനക്കൊടി ഇടവകയിൽ വൈദികമന്ദിരവും മതബോധനഹാളും നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2199/2013).
14. പറപ്പൂർ ഇടവകയിലെ പ്രതിനിധിയോഗത്തിലേക്ക് ചേർത്ത പുതിയ അംഗങ്ങൾക്ക് അംഗീകാരം (കല്പനനമ്പർ 2206/2013).
15. വടക്കൻ പുതുക്കാട് ഇടവകയ്ക്കായി സ്ഥലം വാങ്ങുന്നതിന് വ്യക്തികളിൽ നിന്ന് പണം സ്വരൂപിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2241/2013).
16. പൊന്നൂക്കര ഇടവകയിലെ രണ്ടു കപ്പേളകൾ പുനർനിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2242/2013).
17. നെടുപുഴ ഇടവകപള്ളി കോമ്പൗണ്ടിൽ ഗ്രോട്ടോ പണിയുന്നതിന് അനുവാദം (കല്പനനമ്പർ 2243/2013).
18. പടവരാട് സെന്റ് മേരീസ് കപ്പേള ട്രസ്സ് വർക്ക് ചെയ്യുന്നതിനും ടൈൽ വിരിക്കുന്നതിനും അനുവാദം (കല്പനനമ്പർ 2250/2013).
19. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ആശുപത്രി കെട്ടിടത്തിന്റെ മുകളിൽ ട്രസ്സ് വർക്ക് ചെയ്യുന്നതിന് അനുവാദം (കല്പനനമ്പർ 2251/2013).
20. പെരിഞ്ചേരി ഇടവകയിലെ 'തിരുഹൃദയകാരുണ്യനിധി' ട്രസ്റ്റിന് അംഗീകാരം (കല്പനനമ്പർ 2259/2013).
21. ഏനാമാക്കൽ ഇടവക ദർശനകുറി കൈക്കാരന്മാർക്ക് അംഗീകാരം (കല്പനനമ്പർ 2265/2013).
22. ആളൂർ ഇടവകയിലെ കല്ലറകളുടെ നിരക്ക് വർദ്ധനവിന് അംഗീകാരം (കല്പനനമ്പർ 2279/2013).
23. ആളൂർ ഇടവകയിലെ സെമിത്തേരിയിൽ മെമ്മറി സ്ലാബ് നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2300/2013).
24. 'ദൈവശബ്ദം' കൺവെൻഷനോടനുബന്ധിച്ച് ശക്തൻ നഗറിൽ പ്രത്യേകം സജ്ജീകരിച്ച വേദിയിൽ വി. ബലിയർപ്പിക്കുന്നതിന് അനുവാദം (കല്പനനമ്പർ 2303/2013).

**തെരട്ട്**

1. തൃക്കൂർ ഇടവകയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2144/2013).

2. ആർത്താറ്റ് ഇടവകയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2149/2013).
3. ഒല്ലൂർ ഇടവക അവിണിശ്ശേരി സെന്റ് മേരീസ് കപ്പേളയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2151/2013).
4. എരനെല്ലൂർ ഇടവകയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2177/2013).
5. ചൂലിശ്ശേരി പള്ളയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2188/2013).
6. തൃശ്ശൂർ അതിരൂപത 'നെസ്റ്റി'ന്റെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2225/2013).
7. പനമുക്ക് ഇടവകയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2248/2013).
8. ചേരുംകുഴി ഇടവകയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2257/2013).
9. മണലാടി ഇടവകയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2258/2013).
10. പറവട്ടാനി ഇടവകയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2280/2013).
11. പേരകം ഇടവകയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2291/2013).
12. തയ്യൂർ ഇടവകയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2292/2013).
13. മാന്ദാമംഗലം ഇടവകയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2306/2013).
14. തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2318/2013).
15. തിരൂർ ഇടവകയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2320/2013).
16. തിരൂർ ഇടവക സെന്റ് മേരീസ് കപ്പേളയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2321/2013).
17. തിരൂർ ഇടവക ക്രിസ്തുരാജ് കപ്പേളയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2322/2013).
18. തിരൂർ ഇടവക ശങ്കരൻചിറ സെന്റ് അൽഫോൻസ കപ്പേളയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2323/2013).
19. തിരൂർ ഇടവക ഗീവർഗീസ് കപ്പേളയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2324/2013).

20. തിരൂർ ഇടവക അഞ്ചങ്ങാടി സെന്റ് ആന്റണീസ് കപ്പേളയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2325/2013).
21. തിരൂർ ഇടവക സെന്റ് റാഫേൽ കപ്പേളയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2326/2013).
22. തിരൂർ ഇടവക സെന്റ് സേവ്യർ കപ്പേളയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2327/2013).
23. തിരൂർ ഇടവക ആലംകുന്ന് സെന്റ് തോമസ് കപ്പേളയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2328/2013).
24. തിരൂർ ഇടവക സെന്റ് സെബാസ്റ്റ്യൻ കപ്പേളയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2329/2013).
25. തിരൂർ ഇടവക സെന്റ് ജോസഫ് (പുത്തൻകപ്പേള) കപ്പേളയുടെ 2012-2013 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 2330/2013).

**പ്രതിനിധിയോഗം**

1. വെണ്ടോർ ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2129/2013).
2. ആർത്താറ്റ് ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2150/2013).
3. തൃക്കൂർ ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2160/2013).
4. മരോട്ടിച്ചാൽ ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2164/2013).
5. ഏങ്ങണ്ടിയൂർ ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2165/2013).
6. പുതുരുത്തി ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2165/2013).
7. കുറുമാൽ ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2184/2013).
8. തൃശ്ശൂർ ബസിലിക്ക ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2202/2013).
9. അത്താണി ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2204/2013).
10. പട്ടിക്കാട് ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2205/2013).
11. കൊട്ടേക്കാട് ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2207/2013).

12. മുക്കാട്ടുകര ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2208/2013).
13. പനമുക്ക് ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2209/2013).
14. വലക്കാവ് ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2237/2013).
15. മരിയാപുരം ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2255/2013).
16. കണ്ടശ്ശാംകടവ് ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2266/2013).
17. പേരകം ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2278/2013).
18. കാവീട് ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2319/2013).
19. ചേറ്റുപുഴ ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 2334/2013).

**2013-14 വർഷത്തിലെ കൈക്കാരന്മാർ (തുടർച്ച):**

| | |
|---|---|
| വെണ്ടോർ | മഞ്ഞളി അന്തോണി പോൾ |
| | ചിറമ്മൽ ജേക്കബ് പോൾസൺ |
| | കാഞ്ഞിരത്തിങ്കൽ പൊറിഞ്ചു ആന്റോ |
| തൃക്കൂർ | നെല്ലങ്കര ഫ്രാൻസിസ് റീസൺ |
| | എരുകുളം അന്തപ്പൻ ജോയി |
| | അപ്പാടൻ റപ്പായി ഫ്രാൻസിസ് |
| കണ്ണംകുളങ്ങര | ഫ്രാൻസിസ് കുന്നൻ |
| | വർഗ്ഗീസ് കാട്ടാശ്ശേരി |
| | ജെയ്സൻ കൊക്കാലി |
| എരനെല്ലൂർ | ചൂണ്ടൽ ഇയ്യപ്പൻ ഇട്ട്യേച്ചൻ |
| | ചക്രമാക്കിൽ തോമക്കുട്ടി തോമസ് |
| ചൂലിശ്ശേരി | പാലയൂർ ലോന ജോണി |
| | പുത്തിരി ഔസേപ്പ് ബാബു |
| | വടക്കൻ അന്തോണി പൊറിഞ്ചു |
| അത്താണി | ജോയ് അറയ്ക്കൽ |
| | ബാബു കണ്ണനായ്ക്കൽ |
| | സ്റ്റീഫൻ പുത്തിരി |
| | ബെന്നി പുലിക്കോട്ടിൽ |

| | |
|---|---|
| പനമുക്ക് | പുത്തൂക്കാരൻ ഔസേപ്പ് ജോയ് |
| | വാഴക്കുഴിയിൽ ജോർജ്ജ് ജോർജ്ജ് രാജു |
| | ആലപ്പാടൻ വറീത് ജോയ് |
| ചെങ്ങാലൂർ–ക്രൈസ്റ്റ് നഗർ | അരങ്ങത്തുപറമ്പിൽ ഔസേപ്പുണ്ണി ജോയ് |
| | വെണ്ണാട്ടുപറമ്പിൽ റപ്പായി ജോളി |
| ചേരുംകുഴി | പാരിക്കിലാത്ത് അവിര (പാപ്പച്ചൻ) |
| | കുറ്റിക്കോട്ട തോമാച്ചൻ |
| | ഐനിക്കൽ സുബോധ് |
| മണലാടി | പാലക്കുളം ജെയിൻ |
| | കളപ്പുരയ്ക്കൽ ബെന്നി |
| പേരകം | ചീരൻ റപ്പായി ഡൊമിനി |
| | ചീരൻ ജോസഫ് സ്റ്റീഫൻ |
| തയ്യൂർ | എം. ഡി. ജോസ് |
| | എ. കെ. ദേവസ്സികുട്ടി |
| | എ. എഫ്. ജോസ് |
| മാന്ദാമംഗലം | പാറത്താനം ജോസഫ് ഷൈജു |
| | മതിപ്പുറം വർഗ്ഗീസ് ജോസുകുട്ടി |

## പാസ്റ്ററൽ കൗൺസിൽ/ ഫൊറോനകൗൺസിൽ തെരഞ്ഞെടുപ്പ്

പുതിയ പാസ്റ്ററൽ കൗൺസിലിലേക്കും ഫൊറോന കൗൺസിലിലേക്കുമുള്ള ഇടവക പ്രതിനിധികളെ 2013 ഡിസംബർ മാസത്തിൽ തെരഞ്ഞെടുക്കണം. തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരു വിവരം ബഹു. വികാരിയച്ചന്മാർ (പേര്, അഡ്രസ്സ്, ഫോൺ നമ്പറുകൾ, ഇ-മെയിൽ, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവയുൾപ്പെടെ) 2014 ജനുവരി 15നു മുമ്പ് അതിരൂപത കാര്യാലയത്തിലും ഫൊറോന കാര്യാലയത്തിലും രേഖാമൂലം നൽകണം. തെരഞ്ഞെടുപ്പു സംബന്ധിച്ച വിശദവിവരങ്ങൾക്ക് അതിരൂപതാനിയമാവലിയുടെ (2007) അനുബന്ധമായി (അനുബന്ധം 2) പ്രസിദ്ധീകരിച്ചിരിക്കുന്ന പാസ്റ്ററൽ കൗൺസിൽ നിയമാവലി ശ്രദ്ധിക്കുക. പ്രസ്ക്തഭാഗം താഴെ കൊടുക്കുന്നു.

## *അംഗത്വത്തിനുള്ള യോഗ്യത (നിയമാവലി 5.1.)*

*ജീവിതത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നതിൽ തല്പരരും സഭയോടൊത്ത് ചിന്തിക്കുന്നവരും പ്രവർത്തിക്കുന്നവരും പൊതുജനസമ്മതരും ആയ അതിരൂപതാംഗങ്ങളെയാണ് തെരഞ്ഞെടുക്കേണ്ടത്. പ്രതിനിധികൾ കത്തോലിക്കവിശ്വാസം, ധാർമികത, സഭാധികാരികളോടുള്ള വിധേയത്വം എന്നിവ പുലർത്തുന്നവരായിരിക്കണം. ആവശ്യപ്പെടുന്നപക്ഷം ഇത് ഏറ്റുപറയേണ്ടതും രേഖാമൂലം നല്കേണ്ടതുമാണ്. അവർ നിരീശ്വരപ്രസ്ഥാനങ്ങളിലെ അംഗങ്ങളോ അവയിലെ സജീവപ്രവർത്തകരോ ആയിരിക്കരുത്.*

### 1. പാസ്റ്ററൽ കൗൺസിൽ

**_പാസ്റ്ററൽ കൗൺസിലിലെ ഇടവക പ്രതിനിധി (നിയമാവലി 5.3.(a))_**

*ഓരോ ഇടവകയിൽ നിന്നും താഴെ പറയുന്ന പ്രകാരം പ്രതിനിധിയോഗം/പൊതുയോഗം തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായിരിക്കും. 21 വയസ്സ് പൂർത്തിയായിട്ടുള്ളവരെയാണ് തെരഞ്ഞടുക്കേണ്ടത്.*

*1. 2500 – നുമേൽ കുടുംബങ്ങളുള്ള ഇടവകയിൽ നിന്നും മൂന്ന് പ്രതിനിധികൾ (മൂന്നുപ്രതിനിധികളിൽ ഒരാൾ പുരുഷനും ഒരാൾ സ്ത്രീയും, ഒരാൾ 35 വയസ്സിൽ താഴെയുള്ള യുവജന പ്രതിനിധിയും [സ്ത്രീ പുരുഷ വ്യത്യാസമില്ല] ആയിരിക്കണം.)*

*2. 2500 കുടുംബങ്ങൾ വരെയുള്ള ഇടവകയിൽ നിന്നും രണ്ടു പ്രതിനിധികൾ (രണ്ട് പ്രതിനിധികളിൽ ഒരാൾ അതിരൂപതയിൽ നിന്ന് അറിയിച്ചിട്ടുള്ള റൊട്ടേഷൻ ക്രമമനുസരിച്ചായിരിക്കണം).*

*3. 1500 കുടുംബങ്ങൾ വരെയുള്ള ഇടവകയിൽ നിന്നും ഒരു പ്രതിനിധി. (അതിരൂപതയിൽ നിന്ന് അറിയിച്ചിട്ടുള്ള റൊട്ടേഷൻ ക്രമമനുസരിച്ചായിരിക്കണം)*

*പാസ്റ്ററൽ കൗൺസിലിലെ പുരുഷ, വനിത, യുവജന പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനുതകുന്ന റൊട്ടേഷൻ സംവിധാനമാണ് തെരഞ്ഞെടുപ്പിന് സ്വീകരിക്കുന്നത്. ഇതനുസരിച്ച് ഏതൊക്കെ ഇടവകകളിൽ നിന്നാണ് പുരുഷ, വനിത, യുവജന, പ്രാതിനിധ്യം വേണ്ടതെന്ന് തീരുമാനിച്ചുക്കൊണ്ടുള്ള ലിസ്റ്റ് തെരഞ്ഞെടുപ്പിനു മുമ്പ് അതിരൂപത കാര്യാ*

*ലയത്തിൽ നിന്നും ഇടവകകളിലേക്ക് അയക്കുന്നതാണ്. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വിധത്തിൽ ഓരോ ഇടവകയിൽ നിന്നും പ്രതിനിധിയെ തെരഞ്ഞെടുക്കണം.*

പാസ്റ്ററൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നയാൾ തെരഞ്ഞെടുക്കപ്പെടുന്ന സമയത്ത് പ്രതിനിധിയോഗാംഗം ആയിരിക്കണമെന്ന് വ്യവസ്ഥയില്ല. തെരഞ്ഞെടുക്കപ്പെടുന്നവരെല്ലാം 21 വയസ്സ് പൂർത്തിയായിട്ടുള്ളവരായിരിക്കണം. പുതിയ പാസ്റ്ററൽ കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പു സംബന്ധിച്ച റൊട്ടേഷൻ ലിസ്റ്റ് ഫൊറോനാടിസ്ഥാനത്തിൽ താഴെ കൊടുക്കുന്നു. ഒന്നിൽക്കൂടുതൽ അംഗങ്ങളെ തെരഞ്ഞെടുക്കാവുന്ന ഇടവകകളുടെ പേരിനുനേരെ, (അതായത് 1500ൽ കൂടുതൽ കുടുംബങ്ങളുള്ള ഇടവക) കൂടുതൽ വേണ്ട അംഗങ്ങളുടെ എണ്ണം സൂചിപ്പിച്ചിട്ടുണ്ട് (ഉദാ. + 1).

## Rotation order of Parishes for 16th Pastoral Council Election
## Archdiocese of Trichur

| Female | Youth | Male |
|---|---|---|
| 21 വയസ്സ് പൂർത്തിയായ സ്ത്രീകൾ മാത്രം. | 21 വയസ്സിനും 35 വയസ്സിനും ഇടയിലുള്ളവർ (സ്ത്രീ, പുരുഷ വ്യത്യാസമില്ല). | 21 വയസ്സ് പൂർത്തിയായ പുരുഷന്മാർ മാത്രം |

### CHELAKARA

| | | |
|---|---|---|
| Chelakara | Mulloorkara | Cheruthuruthy |
| Pangarappilly | Elanad | Parakad |
| Killimangalam | Pazhayannur | Manalady |
| Thiruvillamala | Mayannur | |

### ERUMAPETTY

| | | |
|---|---|---|
| | | Attathara |
| Chowannur | Erumapetty | Eyyal |
| Kadangode | Mangad | Parempadam |
| Pathiyaram | Pathramangalam | Puthuruthy |
| Vellarakad | Marathamkode | |

| Female | Youth | Male |
|---|---|---|
| 21 വയസ്സ് പൂർത്തിയായ സ്ത്രീകൾ മാത്രം. | 21 വയസ്സിനും 35 വയസ്സിനും ഇടയിലുള്ളവർ (സ്ത്രീ, പുരുഷ വ്യത്യാസമില്ല). | 21 വയസ്സ് പൂർത്തിയായ പുരുഷന്മാർ മാത്രം |

## KANDASANKADAVU

| | | |
|---|---|---|
| | Arimpur | Enammavu |
| Engandiyur | Eravu | Kandasamkadavu |
| Kanjani | Karamuck | Manalur East |
| Manalur West | Mullassery | North Pudukad |
| Thoyakavu | Vadanappilly | Manakody |
| Veluthur | | |

## KOTTEKAD

| | | |
|---|---|---|
| | | Kolengattukara |
| Kottekad | Kuttur | Mundur |
| Peramangalam | Valappaya | Varadium |
| Viyyur | Choolissery | Avanur |
| Amalanagar | | |

## MATTOM

| | | |
|---|---|---|
| | Aloor | Chittattukara |
| Choondal | Elavally | Koonammuchy |
| Kunnamkulam | Mattom | Pudussery |
| Vaka | | Kandanassery |

## OLLUR

| | | |
|---|---|---|
| Ammadam | Kodannur | Marathakara |
| Ollur **(+ 1)** | Padavarad | Palackal |
| Pallissery | Perinchery | Pootharackal |
| Pulakkattukara | Thaikkattussery | Thalore |
| Vallachira | Venginissery | Angel Nagar (Quasi) |
| | Konikkara | |
| | Chi. Vijayamatha (Quasi) | |

| Female | Youth | Male |
|---|---|---|
| 21 വയസ്സ് പൂർത്തിയായ സ്ത്രീകൾ മാത്രം. | 21 വയസ്സിനും 35 വയസ്സിനും ഇടയിലുള്ളവർ (സ്ത്രീ, പുരുഷ വ്യത്യാസമില്ല). | 21 വയസ്സ് പൂർത്തിയായ പുരുഷന്മാർ മാത്രം |
| **PALAYUR** | | |
| | | Anjoor |
| Arthat | Attupuram | Brahmakulam |
| Chemmannur | Guruvayur | Kaveed |
| Kottapady | Orumanayur | Palayur |
| Pavaratty **(+ 1)** | Perakom | Ponnani |
| Vylathur | | |
| **PARAPPUR** | | |
| Adat | Ambakad | Chittilappilly |
| Edakkalathur | Parappur | Peruvallur |
| Ponnore | Puranattukara | |
| **PATTIKAD** | | |
| | | Cherumkuzhy |
| Chirakekode | Chuvannamannu | Kannara |
| Koottala | Manjakunnu | Mulayam |
| Pattikad | Peechi | Vaniampara |
| Veendassery | Vellakkarithadam | |
| **PAZHUVIL** | | |
| | | Anthikad |
| Chazhoor | Cherpu | Chevoor |
| Chirakkal | Pazhuvil | Peringottukara |
| Poochinnipadam | Porathur | Puthanpeedika |
| Thriprayar | Valapad | |

| Female | Youth | Male |
|---|---|---|
| 21 വയസ്സ് പൂർത്തിയായ സ്ത്രീകൾ മാത്രം. | 21 വയസ്സിനും 35 വയസ്സിനും ഇടയിലുള്ളവർ (സ്ത്രീ, പുരുഷ വ്യത്യാസമില്ല). | 21 വയസ്സ് പൂർത്തിയായ പുരുഷന്മാർ മാത്രം |

## PUDUKAD

| | | |
|---|---|---|
| | | Chengalur |
| Chittissery | Kallur East | Kallur West |
| Mannampetta | Nandipulam | Nandipulam North |
| Palazhi | Pudukkad **(+ 1)** | Snehapuram |
| Varakkara | V. Pallikkunnu | Varandarappilly East |
| Vellanikode | Velupadam | Vendore |
| Nenmanikkara | Varakkara South | |

## PUTHUR

| | | |
|---|---|---|
| Bharatha | Eravimangalam | Kozhukully |
| Mannamangalam | Marottichal | Ponnukkara |
| Puthur | Thrikkur | Valakkavu |
| Vettukad | | |

## TRICHUR DOLOURS'

| | | |
|---|---|---|
| | Aranattukara **(+ 1)** | Ayyanthole |
| Chettupuzha | Ch. Sevanalayam | Nedupuzha |
| Kannamkulangara | Kuriachira **(+ 1)** | Olarikara |
| Nehru Nagar | Nirmalapuram | Trichur St. Annes |
| Panamuck | Pullazhy | |
| Trichur Dolours' | Vadookara | |
| Elthuruth | | |

## TRICHUR LOURDES

| | | |
|---|---|---|
| | | Kundukad |
| Madakkathara | Madona Nagar | Mannuthy |
| Mariapuram | Mukkattukara | Mullakara |
| Nadathara | Nellankara | Nellikkunnu |
| Ollukara | Paravattani | Ponganamkad |
| Punkunnam | Trichur Cathedral **(+ 1)** | Vijayapuram |
| Villadam | Pullamkandom | |

| Female | Youth | Male |
|---|---|---|
| 21 വയസ്സ് പൂർത്തിയായ സ്ത്രീകൾ മാത്രം. | 21 വയസ്സിനും 35 വയസ്സിനും ഇടയിലുള്ളവർ (സ്ത്രീ, പുരുഷ വ്യത്യാസമില്ല). | 21 വയസ്സ് പൂർത്തിയായ പുരുഷന്മാർ മാത്രം |

## VELUR

| | | |
|---|---|---|
| | Arampilly | Eranellur |
| Kiraloor | Kurumal | Kuttamkulam |
| Mundathikode | Parannur | Thalakkottukara |
| Thandilam | Thangalur | Thayyur |
| Vellattanjur | Velur | Thangalur North |
| Pazhayangadi | | |

## WADAKKANCHERY

| | | |
|---|---|---|
| | | Athani |
| Chottupara | Karumathra | Kolazhy |
| Kumblangad | Kundannur | Machad |
| Poomala | Sarithapuram | Thiroor |
| Thuruthiparambu | Varavoor | Wadakancherry |



**മാർ റാഫേൽ തട്ടിൽ**
സഹായമെത്രാൻ & പ്രോട്ടോ സിഞ്ചെല്ലൂസ്





# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 1 | Sun | Morning | Karuna Trust Meeting |
| | | Evening | Viswasoltsav- Mannuthy |
| 2- 4 | Mon- Wed | | Allahabad |
| 5 | Thu | Morning | HolyMass- MI Convent TCR |
| | | | Convention- Jerusalem Retreat Centre |
| | | Afternoon | CSC Convent Blessing- Poomkunnam |
| | | Evening | Viswasoltsav- Puthenpeedika |
| | | | Bible Convention- Pazhuvil |
| 6 | Fri | Morning | Curia Meeting |
| | | | Holy Mass- Perinchery |
| | | Evening | Finance Council |
| 7 | Sat | Morning | Holy Mass- Assisi Convent TCR- Silver Jubilee |
| | | | Holy Mass- Lourde Cthedral- Silver Jubille of Marriage by FAP |
| | | Afternoon | Junior CLC Day |
| | | Evening | Book Releasing |
| | | | Pope Paul Mercy Home |
| 8 | Sun | Morning | Holy Mass & Hall Blessing- Chittisserry |
| | | | Holy Mass & Hall Blessing- Peechi |
| | | Evening | MI Hospital Blessing- Engandiyur |

| | | | |
|---|---|---|---|
| | | | Eucharistic Procession- Marymatha Seminary |
| | | | Viswasoltsav- Cherumkuzhy |
| 9 | Mon | Morning | For the People |
| | | Evening | Priest Senate |
| | | | JMMC Trust Meeting |
| 10-12 | Tue- Thu | | KCBC/ KCC/ Permanent Synod |
| 13 | Fri | Afternoon | CMC Convent- Pudukkad |
| 14 | Sat | Evening | Pro- Life Movment; Laheim Meet- Lourde Cathedral |
| 15 | Sun | Morning | Holy Mass, Sneholtsav- |
| | | | Holy Mass- Family Apostolate- Golden Jubilee of Marriage |
| | | Afternoon | KLM- DBCLC |
| | | Evening | Holy Mass- Mattam- Convention |
| 16 | Mon | Morning | Holy Mass- Minor Seminary |
| | | | Patron's Day- St. Thomas College, TCR |
| 17-18 | Tue- Wed | | Bangalore |
| 19 | Thu | Morning | Holy Mass- for Bp. J. Menachery- Lourde Cathedral |
| | | | Mount St. Thomas |
| | | Evening | Christmas Eve- Basilica TCR |
| 20 | Fri | Morning | CuriaMeeting |
| | | | Consulters Meeting |
| | | Evening | Holy Mass, Sneholtsav- |
| 21 | Sat | Morning | For the People |
| | | | Christmas Eve- Peace Home, Peringandoor |
| | | | Christmas Eve- Lourde Cathedral |
| 22 | Sun | | Pastoral Visit- Velur |
| 23 | Mon | Morning | For Priests and Religious |

| | | | |
|---|---|---|---|
| | | Evening | Christmas Eve- Archbishop's House |
| 24 | Tue | Morning | Curia Meeting |
| | | Evening | Christmas Mass- Lourde Cathedral |
| 25 | wed | | CHRISTMAS |
| 26 | Thu | Morning | Ordination- Dn. Ginson Chiriyankandath-Guruvayur |
| | | Afternoon | Ordination- Dn. Jaison Vadakkethala- Manalur East |
| 27 | Fri | Morning | Ordination- Dn. Theruvankunnel Joseph MCBS-Kompazha |
| | | Evening | Archdiocesan Christmas Celebration |
| 28 | Sat | Morning | Ordination- Dn. Jinto Choondal- Parappur |
| | | | Dn. Antos Eluvathingal- Parappur |
| | | | Dn. Binoy Chittilappilly- Parappur |
| | | Afternoon | Ordination- Dn. Fexin Koothur- Elavally |
| 29 | Sun | Morning | Holy Mass- Lourde Cathedral |
| | | Afternoon | Jubilee Mass- Varadiyam |
| | | Evening | Holy Childhood Camp- DBCLC |
| | | | Jubilee- Parempadam |
| 30 | Mon | Morning | Ordination- Dn. David Nettikkadan- Mariyapuram |
| 31 | Tue | Morning | Ordination- Dn. Royson Kollannur-Mundathikodu |



# സഹായമെത്രാന്റെ പരിപാടികൾ

## December 2013



| Date | Day | Time | Programme |
|---|---|---|---|
| 1 | Sun | | Pastoral Visit- **East Kallur** |
| 2 | Mon | | Engaged |
| 3 | Tue | Morning | Curia Meeting |
| | | Forenoon | Mothers Gathering- SOS, **Mulayam** |
| | | Evening | Pastoral Visit- **East Kallu**r (Continue. . .) |
| 4 | Wed | Forenoon | Vimala College- Patroness Day |
| | | Evening | *Viswasolsav*- **Mannuthy** |
| 5 | Thu | Morning | Holy Mass- Marymatha Seminary, **Mulayam** |
| | | Afternoon | Convention Talk**- Kalamassery** |
| | | Evening | Convention Talk **- Kanjoor** |
| 6 | Fri | Morning | Curia Meeting |
| | | Evening | *Aradhana Samapanam*- **Mattom** |
| | | " | Finance Council |
| 7 | Sat | Morning | Junior CLC Meet- **DBCLC** |
| | | Forenoon | Holy Mass**-MMB Mission Home** |
| | | Afternoon | Visiting the bed-ridden**–Marathakara, Providence Home** |
| | | Evening | *Viswasolsav* **-Cherumkuhy** |
| 8 | Sun | Morning | Holy Mass- **Engadiyur** |
| | | Forenoon | *Dambadhee Sangamam* **–Brahmakulam** |
| | | Afternoon | Legion of Mary Meeting**- St. Mary's College** |
| | | " | *Puthree Sangamam***- Nellikunnu** |
| | | Evening | Home Mission**- Vellattanjoor** |
| 9 | Mon | Morning | Holy Mass- **Mundathikode Convent** |
| | | Forenoon | Jubilee Mass- SLMI, **West Fort** |
| | | Afternoon | Priests Senate Meet |
| | | Evening | **JMMC**- Trust Meeting |
| 10-14 | | | KCBC- **Vadavatoor** |

| | | | |
|---|---|---|---|
| 15 | Sun | | Pastoral Visit- **Karumathra** |
| | | Evening | Carol Message**-Ebanezar Church, West Fort** |
| | | " | Convention Talk**- Valappaya** |
| 16 | Mon | Forenoon | St. Thomas College- Patrons Day |
| | | Evening | Convention Holy Mass- **Kothamangalam Cathedral** |
| 17 | Tue | Morning | Curia Meeting |
| | | Forenoon | **St. Thomas Parallel College**- Annul Celebration |
| 19 | Thu | | Bble Convention Talk- **Pala** |
| 20 | Fri | Morning | Curia Meeting |
| | | Forenoon | Consultors Meeting |
| 21 | Sat | | Catechism Teachers Meet - **Thalassery** |
| | | Evening | **Lourde Cathedral-** Gloria Christmas Programme |
| 22 | Sun | Morning | Holy Mass- **Vellattanjoor** |
| | | " | *Thirunnal Kodiyettom***- Varadiyam** |
| 24 | Tue | Evening | Christmas With Neighbours |
| | | ,, | Christmas Prayers- **Dolours Basilica** |
| 25 | Wed | Morning | Christmas Mass- **Dolours Basilica** |
| 26 | Thu | Forenoon | Ordination- **Mannamangalam ( Dn. Aneesh)** |
| | | Evening | Engaged |
| 28 | Sat | Forenoon | Ordination- **Mattom( Dn. Febin)** |
| | | Afternoon | **Engaged** |
| | | Evening | *Kooduthurakal Qurbana***- Lourde Cathedral** |
| 29 | Sun | Forenoon | Holy Mass- **Nadathara** |
| | | Evening | Meeting- **Cheerumkuzhy** |
| 30 | Mon | Forenoon | Ordination- **Thayyur** (Dn . Sinoj) |
| | | Afternoon | Ordination- **Thiroor** ( Dn. Fijo Alappadan) |
| | | Evening | Engaged |
| 31 | Tue | Morning | Holy Childhood Formation Camp Holy Mass- **DBCLC** |
| | | Afternoon | Ordination**- Erumapetty** (Dn. Manoj) |

# നാളാഗമം

## ഒക്ടോബർ– 2013

1. അഭിവന്ദ്യ താഴത്ത് പിതാവ് മുളയം നിർമ്മലദാസി കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് മേരിമാത മേജർ സെമിനാരിയിൽ അതിരൂപതാവൈദികരോടൊപ്പം വാർഷികധ്യാനത്തിൽ പങ്കെടുത്തു.

2. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തിരൂർ എൽ. പി. സ്ക്കൂളിന്റെ വെഞ്ചിരിപ്പുകർമ്മം നടത്തി. ഉച്ചതിരിഞ്ഞ് പറപ്പൂർ സി. എം. സി. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തൃശ്ശൂർ പരിശുദ്ധ വ്യാകുലമാതാവിൻ ബസിലിക്കയിൽ വി. ബലിയർപ്പിച്ചു.

3. അഭിവന്ദ്യ താഴത്ത് പിതാവ് കലാകായിക അധ്യാപകരുടെ ഇപവാസ സമരം ഉദ്ഘാടനം ചെയ്ത് പ്രസംഗിച്ചു

4. അഭിവന്ദ്യ പിതാക്കന്മാർ മേരിമാത സെമിനാരിയിൽ വൈദീക സമ്മേളനത്തിൽ പങ്കെടുത്തു

5. അഭിവന്ദ്യ താഴത്ത് പിതാവ് ഒരു മാസത്തെ വിദേശ പര്യടനത്തിനായി പോയി. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തൃശ്ശൂർ ബസിലിക്കയിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ഒല്ലൂരിൽ തിരുബാലസഖ്യത്തിന്റെ ഫൊറോനതലയോഗത്തിൽ പങ്കെടുത്തു. പിന്നീട് മൂക്കന്നൂർ സി. എസ്. ടി. ബ്രദേഴ്സിന്റെ ആശ്രമത്തിൽ തിരുനാൾ ദിവ്യപൂജയർപ്പിച്ചു.

6. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ നിർമ്മലപുരം ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. ചൊവ്വന്നൂരിൽ യൂത്ത് ക്യാമ്പ് ഉദ്ഘാടനം നിർവഹിച്ചു.

7. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മുണ്ടത്തിക്കോട് സി. എസ്. സി. നോവിഷ്യറ്റ് ഹൗസിൽ വി. ബലിയർപ്പിച്ചു.

8. അഭിവന്ദ്യ തട്ടിൽ പിതാവ് കോളങ്ങാട്ടുകര മഠത്തിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് മണ്ണുത്തി ഡോൺ ബോസ്കോ കോളേജിൽ ചാപ്പൽ ആശീർവാദകർമ്മത്തിന് നേതൃത്വം നൽകി.

9. അഭിവന്ദ്യ തട്ടിൽ പിതാവ് ഉച്ചകഴിഞ്ഞ് ഇരിങ്ങാലക്കുട ഗുഡ്ഷെപ്പേർഡ് പ്രോവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു.

11. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തിരുവല്ല കൺവെൻഷനിൽ പങ്കെടുത്ത് വചനസന്ദേശം നൽകി. വൈകിട്ട് അമ്മാടം സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

12. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ കുമ്പളങ്ങാട് പള്ളിയിൽ ദിവ്യബലിയർപ്പണവും കട്ടിലവയ്പും നിർവഹിച്ചു. ഉച്ചകഴിഞ്ഞ് മുക്കാട്ടുകര ഹോളി ഫാമിലി കോൺവെന്റിന്റെ ചാപ്പൽ ആശീർവദിച്ചു. വൈകിട്ട് അരിമ്പൂർ തിരുനാൾ കൂടുതുറക്കൽ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

13. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ അവിട്ടത്തൂർ ദൈവാലയത്തിൽ ദിവ്യബലിയർപ്പണം നടത്തി. പിന്നീട് വടക്കാഞ്ചേരി ദൈവാലയത്തിൽ തിരുനാൾ കുർബാനയ്ക്ക് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് അമ്മാടം പള്ളി കട്ടിലവയ്ക്കൽ ചടങ്ങിൽ പങ്കെടുത്തു. വൈകിട്ട് കുന്നംകുളം ദൈവാലയത്തിൽ 'വിശ്വാസോത്സവ്' ധ്യാനത്തിന്റെ സമാപനകുർബാനയ്ക്ക് നേതൃത്വം നൽകി.

15. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ കളമശ്ശേരി പ്രോവിൻഷ്യൽ ഹൗസിൽ ദിവ്യകാരുണ്യ കൺവെൻഷനിൽ പങ്കെടുത്തു.

16 അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ഏറ്റുമാനൂരിൽ 'വചനാഗ്നി' കൺവെൻഷനിൽ പങ്കെടുത്തു. വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ഡി. ബി. സി. എൽ. സി. യിൽ മതബോധന അവാർഡ് ജേതാക്കൾക്ക് സമ്മാനവിതരണവും ആശംസയും അർപ്പിച്ചു.

17. അഭിവന്ദ്യ തട്ടിൽ പിതാവ് ഒല്ലൂർ സെന്റ് മേരീസ് മഠത്തിൽ രാവിലെ വി. ബലിയർപ്പണം നടത്തി. ഉച്ചകഴിഞ്ഞ് എടത്തിരുത്തി ദൈവാലയത്തിൽ വി. ബലിയർപ്പണം നടത്തി.

18. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകിട്ട് പാലക്കൽ ദൈവാലയത്തിൽ തിരുനാൾ കൊടികയറ്റം നിർവഹിച്ചു.

19. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ സി. എം. സി. പ്രോവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പണം നടത്തി.

20. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ നെടുപുഴ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. പിന്നീട് കൊട്ടേക്കാട് തിരുനാൾ കുർബാനയ്ക്ക് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് മണ്ണംപേട്ട ദൈവാലയത്തിൽ മതബോധനദിനത്തിൽ പങ്കെടുത്തു.

21. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ഗുരുവായൂർ ലിസ്യൂ മഠത്തിൽ വി. ബലിയർപ്പിച്ചു. പിന്നീട് മറ്റം, പറപ്പൂർ ഫൊറോന വൈദികരുടെ മാസ ധ്യാനത്തിൽ പങ്കെടുത്തു.

22. അഭിവന്ദ്യ തട്ടിൽ പിതാവ് കോളങ്ങാട്ടുകര പള്ളിയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പുതുക്കാട്, പട്ടിക്കാട് ഫൊറോന വൈദികരുടെ മാസധ്യാനങ്ങളിൽ പങ്കെടുത്തു.

23. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മുളയം മേരിമാത സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. പിന്നീട് ലൂർദ്ദ് കത്തീഡ്രൽ ഫൊറോന വൈദിക മാസധ്യാനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ഒല്ലൂർ തിരുനാൾ കൂടുതുറക്കൽ കുർബാനയ്ക്ക് നേതൃത്വം നൽകി.

24. രാവിലെ 'നെസ്റ്റി'ൽ വി. ബലിയർപ്പിച്ചു. പിന്നീട് പഴുവിൽ, കണ്ടശ്ശാം കടവ് ഫൊറോന മാസധ്യാനത്തിൽ പങ്കെടുത്തു.

25. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ആമ്പല്ലൂരിൽ നടക്കുന്ന വിവാഹ കോഴ്സിൽ പങ്കെടുക്കുന്നവരോടൊപ്പം വി. ബലിയർപ്പിച്ചു.

26. അഭിവന്ദ്യ തട്ടിൽ പിതാവ് ഉച്ചകഴിഞ്ഞ് ഡീ. റോബിൻ വാഴപറമ്പിലിന്റെ തിരുപ്പട്ട ശുശ്രൂഷയ്ക്ക് പടവരാട് പള്ളിയിൽ നേതൃത്വം നൽകി. വൈകിട്ട് കാക്കശ്ശേരി മതബോധനഹാളിന്റെ ആശീർവാദത്തിനും തിരുനാൾ കൂടുതുറക്കൽ കുർബാനയ്ക്കും നേതൃത്വം നൽകി.

27. അഭിവന്ദ്യ തട്ടിൽ പിതാവ് കണ്ടശ്ശാംകടവ് ബഹു.ജോസഫ് മുണ്ടശ്ശേരിയച്ചന്റെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. വൈകിട്ട് നടത്തറയിൽ ജപമാലസമാപനസന്ദേശം നൽകി.

31. അഭിവന്ദ്യ തട്ടിൽ പിതാവ് മറ്റം തീർത്ഥകേന്ദ്രത്തിൽ ജപമാല സമാപനസന്ദേശം നൽകി.

# പാസ്റ്ററൽ കൗൺസിൽ



കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയുടെ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഡോ. മേരി റെജീനയ്ക്ക് അതിരൂപതയുടെയും പാസ്റ്ററൽ കൗൺസിലിന്റെയും അഭിനന്ദനങ്ങൾ

## 15-ാം പാസ്റ്ററൽ കൗൺസിലിന്റെ 9-ാം യോഗ റിപ്പോർട്ട്

പതിനഞ്ചാം പാസ്റ്ററൽ കൗൺസിലിന്റെ ഒമ്പതാം യോഗം 2013 സെപ്തംബർ 14ന് ഡി. ബി. സി. എൽ. സി. യിൽ നടന്നു. ശ്രീമതി ലിസി വർഗ്ഗീസ് നയിച്ച പ്രാർത്ഥനയോടെ രാവിലെ 10ന് ആരംഭിച്ച യോഗത്തിന് മോൺ. ഫ്രാൻസിസ് ആലപ്പാട്ട് സ്വാഗതമാശംസിച്ചു. നല്ല ഓർമ്മകളുമായി ഓണം പടിവാതില്ക്കലെത്തി നിൽക്കുന്ന ദിനത്തിൽ വിശ്വാസത്തിന്റെയും സത്യത്തിന്റെയും ധർമ്മത്തിന്റെയും പൂക്കളുകൾ ചേർത്ത് കളങ്ങളൊരുക്കുവാൻ സാധിക്കട്ടെ എന്ന് അച്ചൻ ആശംസിച്ചു. കഴിഞ്ഞ യോഗത്തിന്റെ റിപ്പോർട്ട് ജോ. സെക്രട്ടറി അവതരിപ്പിച്ചത് അംഗങ്ങൾ പാസാക്കി.

മാർപ്പാപ്പയുടെ പുതിയ ചാക്രികലേഖനമായ 'ലൂമെൻ ഫിദേയി'യുടെ വെളിച്ചത്തിൽ തൃശ്ശൂർ അതിരൂപതയുടെ ആഭിമുഖ്യങ്ങൾ എന്താകണമെന്ന് മാർ റാഫേൽ തട്ടിൽ പിതാവ് വിഷയാവതരണപ്രസംഗത്തിൽ അവതരിപ്പിച്ചു. 'വിശ്വാസത്തിന്റെ വെളിച്ചം' എന്ന ചാക്രിക ലേഖനത്തെ വലിയ തത്വങ്ങളുടെ മാംസളമായ ആവിഷ്കാരമായാണ് പിതാവ് വിശേഷിപ്പിച്ചത്. വിശ്വാസപൈതൃകത്തിന്റെയും ശ്ലൈഹിക പാരമ്പര്യത്തിന്റെയും തുടർച്ചയായ കൈമാറ്റമാണ് ഈ ചാക്രികലേഖനത്തിന്റെ കാതൽ. വിശ്വാസം അണമുറിയാതെ ഒഴുകുന്ന ഒരു പ്രവാഹമാണ് എന്ന് തെളിയിക്കുവാനായി, ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ രചന തുടങ്ങി വച്ച ഈ ചാക്രികലേഖനത്തെ കുറിച്ചുള്ള 'ഇത് ബനഡിക്ട് പാപ്പയുടെ ഒസീത്തും എന്റെ പ്രകടനപത്രികയുമാണ്' എന്ന ഫ്രാൻസിസ് പാപ്പായുടെ പ്രഖ്യാപനം അവതരിപ്പിച്ചു കൊണ്ട് മാർപ്പാപ്പമാരുടെ ചിന്താധാര റിലേ ഓട്ടത്തിലെ ബാറ്റൺ കൈമാറ്റം പോലെയാണ് എന്ന് അഭിവന്ദ്യപിതാവ് നിരീക്ഷിച്ചു. നാല് അധ്യായങ്ങളിലായി 60 ഖണ്ഡികകളിലൂടെ മാർപ്പാപ്പ മുന്നോട്ടു വച്ച ആശയങ്ങൾ വളരെ ലളിതമായി എന്നാൽ ആശയഗാംഭീര്യം നഷ്ടപ്പെടാതെ പിതാവ് അവതരിപ്പിച്ചു.

'നവീന സഭാ' നിർമ്മിതിക്കായി കെ. സി. ബി. സി. മുന്നോട്ടു വച്ചിട്ടു ള്ളതും കേരള കാത്തലിക് കൗൺസിലിന്റെ വാർഷികയോഗത്തിൽ നമ്മുടെ അഭിപ്രായം അറിയിക്കേണ്ടതുമായ വിഷയങ്ങളുടെ അവതരണം ശ്രീ. പി. ഐ. ലാസർ മാസ്റ്റർ നടത്തി. ഇതുസംബന്ധിച്ച് അതിരൂപതയുടെ അഭി പ്രായം ക്രോഡീകരിക്കുന്നതിന് കത്തോലിക്കസഭയുടെ മതബോധനഗ്രന്ഥം, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ എന്നിവയുടെ ആഴ ത്തിലുള്ള പഠനം, സഭയുടെയും വിശ്വാസത്തിന്റെയും നിലനില്പും ഐക്യ വും, വളർന്നു വരുന്ന തിന്മകൾ, അഴിമതി എന്നിവയ്ക്കെതിരായുള്ള സമീ പനം, കുടുംബം, വിവാഹം, മക്കൾ, പ്രായമായവർ എന്നിവരോടുള്ള മനോ ഭാവം, കരുണയുള്ളവരാകാനുള്ള ഫ്രാൻസിസ് പാപ്പയുടെ ഉദ്ബോധനം, സമർപ്പിതരോടുള്ള കടപ്പാട് എന്നീ വിഷയങ്ങൾ ചായയ്ക്ക് ശേഷമുള്ള ഗ്രൂപ്പ്ചർച്ചയ്ക്കായി നല്കി. ഇതിന്മേലുള്ള പൊതുചർച്ച ഫാ. ഷാജൻ തേർമഠം മോഡറേറ്റ് ചെയ്തു.

2013 നവംബർ മുതൽ 2014 നവംബർ വരെ ഇടവകകളെ കേന്ദ്രീകരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന വിശ്വാസോത്സവത്തെ കുറിച്ച് ബഹു. ഫാ. ഷാജൻ തേർമഠം വിശദീകരിച്ചു. അന്ധവിശ്വാസവും, നിരീശ്വരത്വവും, വിശ്വാ സത്തിലെ അന്ധതയും കൂടി വരുന്ന കാലഘട്ടത്തിൽ ക്രിസ്തുവിലുള്ള വിശ്വാസം ആഴത്തിൽ ഗ്രഹിക്കാനും കാത്തുസൂക്ഷിക്കാനും കൈമാറ്റം ചെയ്യാനുമുള്ള തീവ്രശ്രമമാണ് വിശ്വാസോത്സവത്തിലൂടെ ഉദ്ദേശിക്കുന്നത്. വ്യക്തികളുടെ മാനസാന്തരം, കുടുംബങ്ങളുടെ വിശുദ്ധീകരണം, സംഘട നകളുടെ വളർച്ച, ദൈവവിളിയിലെ സമ്പന്നത, ഇടവക അജപാലനത്തിലെ പങ്കാളിത്തം എന്നിവയുടെ വർദ്ധനവാണ് ലക്ഷ്യം. ഇതിനായി ഓരോ ഇട വകയിലും അതത് ഫൊറോനകളിലെ എല്ലാ വൈദികരുടെയും നേതൃത്വ ത്തിൽ ഹോം മിഷനും ധ്യാനവും അനുബന്ധപരിപാടികളും സംഘടിപ്പി ക്കും. അഭിവന്ദ്യ പിതാക്കന്മാർ വിഭാവനം ചെയ്യുന്ന രീതിയിൽ നടപ്പിലാ ക്കാൻ സാധിച്ചാൽ നവീകരണത്തിന്റെ ദീപാവലിയാകാൻ പോകുന്ന ഈ വലിയ സംരഭത്തിന് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ സജീവ സാന്നിധ്യം ഉണ്ടാകണമെന്ന് ബഹു. അച്ചൻ ഓർമ്മിപ്പിച്ചു.

അംഗങ്ങളുടെ വിവിധ മേഖലകളിലുള്ള ആശങ്കകളും അറിവുകളും ചോദ്യോത്തരവേളയിൽ അവതരിപ്പിക്കപ്പെട്ടു. വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ തൃശ്ശൂരിനെ പ്രതിനിധീകരിക്കാൻ തൃശ്ശൂരിന്റെ ആവശ്യ ങ്ങൾ അറിയുകയും അവ സാധിതമാക്കാൻ പ്രയത്നിക്കുകയും ചെയ്യുന്ന സ്ഥാനാർത്ഥി വേണം എന്ന ആവശ്യം പല അംഗങ്ങളും ഉന്നയിച്ചു. വിശ്വാ

സത്തിൽ വളരുവാൻ വേണ്ട പല പ്രായോഗിക നിർദ്ദേശങ്ങളും അംഗങ്ങൾ മുന്നോട്ടു വച്ചു. പൊതുസമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള ഉന്നമനത്തിന് നേതൃത്വം നൽകാൻ സഭയ്ക്കു കഴിയണം എന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു.

ഉടൻ തുടങ്ങാനിരിക്കുന്ന വൈദികരുടെ ധ്യാനം, ക്രിസ്തുമസ്സിനോടനുബന്ധിച്ച് നടത്താനുദ്ദേശിക്കുന്ന സാംസ്കാരികപരിപാടി എന്നിവയുടെ വിശദാംശങ്ങൾ അഭിവന്ദ്യ റാഫേൽ പിതാവ് യോഗത്തെ അറിയിച്ചു.

യോഗനടപടികൾ സംഗ്രഹിച്ചുകൊണ്ട് അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷപ്രസംഗം നടത്തി. ഗ്രൂപ്പ് ചർച്ചകളുടെ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് കെ. സി. ബി. സി. ക്ക് കൊടുക്കുമെന്ന് പിതാവ് അറിയിച്ചു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് വിശ്വാസോത്സവത്തിന്റെ അന്തിമകരടു രൂപപ്പെടുത്തും. അതിരൂപത നവീകരണത്തിന്റെ ഇന്നേവരെ നടന്നിട്ടുള്ള ഏറ്റവും വലിയ ഈ പദ്ധതിയിൽ എല്ലാവരും സംബന്ധിക്കുകയും നടത്തിപ്പിൽ സഹകരിക്കുകയും വേണമെന്ന് അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു. വിവിധ തലങ്ങളിലുള്ള ഭരണസംവിധാനങ്ങളെ വിശ്വാസത്തിൽ എടുത്തുകൊണ്ട് നാം ആഗ്രഹിക്കുന്ന തരത്തിലുള്ള അംഗീകാരങ്ങളും അവകാശങ്ങളും നേടിയെടുക്കാൻ അത്മായ നേതാക്കൾ തന്നെ മുന്നോട്ടു വരണമെന്ന് അഭിവന്ദ്യപിതാവ് നിർദ്ദേശിച്ചു. സമൂഹത്തിന് നല്ല നേതൃത്വം കൊടുക്കുന്നതും ഉപവി പ്രവർത്തനങ്ങളുടെ ഭാഗമാണെന്ന് അഭിവന്ദ്യപിതാവ് ഓർമ്മിപ്പിച്ചു. തിരുനാൾ ചെലവിന്റെ ശതാംശം ഉപവി പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്ന ശീലം ശക്തിപ്പെടുത്തണം, LOAF, ഫാമിലി അപ്പസ്തോലേറ്റ് എന്നിവയുടെ നേതൃത്വത്തിൽ കുടുംബനവീകരണത്തിനുള്ള കോഴ്സുകൾ നടത്തണം എന്നും അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടു. എ. സി. സി. പാഠപുസ്തകം നവീകരിക്കാൻ സഹായിച്ച ഫാ. പോൾ പുളിക്കനെ അഭിവന്ദ്യ പിതാവ് അനുമോദിച്ചു. സംഘടനകളുടെ കണക്കുകൾ 10 വർഷം സൂക്ഷിക്കുകയും യഥാസമയം തെരട്ടു സമർപ്പിക്കുകയും ചെയ്യണമെന്ന് അഭിവന്ദ്യപിതാവ് അറിയിച്ചു.

സമുദായ സംഘടന എന്ന രീതിയിൽ പിതാക്കന്മാരുടെ സിനഡ് തീരുമാനിച്ചിരിക്കുന്ന എ. കെ. സി. സി. യുടെ 20 പേരടങ്ങുന്ന യൂണിറ്റുകൾ എല്ലാ ഇടവകകളിലും തുടങ്ങുവാനുള്ള നിർദ്ദേശം പാസ്റ്ററൽ കൗൺസിൽ അംഗീകരിച്ചു. ആയത് ഉടൻ നടപ്പിലാക്കാൻ അഭിവന്ദ്യപിതാവ് നിർദ്ദേശി

ച്ചു. സാമൂഹികപ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ ഓരോന്നിനോടും ബന്ധപ്പെട്ട സംഘടനകളോട് അഭിവന്ദ്യപിതാവ് ആഹ്വാനം ചെയ്തു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. ബിജു കുണ്ടുകുളം നന്ദി പറയുകയും സമാപനപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. അതിരൂപത ക്രിസ്തുമസ്സ് ആഘോഷപരിപാടിയുടെ ഓഫീസ് ഉദ്ഘാടനത്തിനു ശേഷം വിഭവസമൃദ്ധമായ ഓണസദ്യയോടെ യോഗം സമാപിച്ചു.

ഫാ. റാഫേൽ ആക്കാമറ്റത്തിൽ
ചാൻസലർ & ജനറൽ സെക്രട്ടറി

അഡ്വ. ബിജു കുണ്ടുകുളം
സെക്രട്ടറി

# ചാന്ദാ വാർത്തകൾ

"നമോ ഹേ കൃപാ പൂർണ് മരിയെ" എന്നാരംഭിക്കുന്ന മരിയസ്തുതികളാൽ മുഖരിതമായിരുന്നു, ബാലാപൂരും പരിസരങ്ങളും. ഒക്ടോബർ മാസത്തിൽ, ഗ്രാമത്തിലെ ക്രിസ്ത്യൻ ഭവനങ്ങളിലൂടെ ജപമാല ചൊല്ലിയും പത്തു ദിവസം ദിവ്യബലിയോടുകൂടി പള്ളിയിൽ ആരാധന നടത്തിയും മരിയഭക്തിയുടെ ദിനങ്ങൾ ആചരിച്ചു.

ഒക്ടോബർ 20 ആഗോള മിഷൻ ഞായർ, ബാലാപൂർ സെന്ററിലും വിവിധ പരിപാടികളോടെ ആചരിച്ചു. എല്ലാ വിശ്വാസികളും സർവ്വാത്മനാ സഹകരിച്ച 'നിലാം' (ലേലം) കഴിഞ്ഞ വർഷങ്ങളിലേതിൽനിന്നും വ്യത്യസ്തത പുലർത്തി. കവർ പിരിവും മിഷനറിമാർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും ആഘോഷങ്ങളുടെ ഭാഗമായിരുന്നു. കേരളത്തിൽനിന്നുള്ള കുഞ്ഞുമിഷനറിമാരുടെ (ചെറുപുഷ്പ മിഷൻ ലീഗ്) കത്തുകൾക്ക് ഞങ്ങൾ മറുപടി എഴുതി.

തൃശൂർ അതിരൂപതയിൽനിന്നും, കൊഴുക്കുള്ളി പൊങ്ങണംകാട് ഇടവകകളിലെ ബഹു. ജോസ് അറങ്ങാശ്ശേരിയച്ചൻ, ബഹു. ബെന്നി കിടങ്ങനച്ചൻ എന്നിവരുടെ നേതൃത്വത്തിൽ കമ്മിറ്റി അംഗങ്ങൾ നടത്തിയ ചാന്ദാ വിസിറ്റ് ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ

ഊർജ്ജം പകർന്നു. പ്രാർത്ഥനാകൂട്ടായ്മകൾ, വീട് സന്ദർശനം എന്നി വയിൽ പങ്കുചേർന്ന് പുത്തൻ അനുഭവങ്ങളുമായി നാട്ടിലേക്ക് മടങ്ങിയ ബഹു. അച്ചൻമാരേയും സഹോദരങ്ങളേയും നന്ദിയോടെ ഓർക്കുന്നു.

പള്ളിയിൽനിന്നും ഒരു കിലോമീറ്റർ അകലെ വനപ്രദേശത്തുള്ള സെമിത്തേരിയിൽ തകർന്നു കിടന്ന കുരിശുകൾ പുനരുദ്ധരിച്ചുകൊ ണ്ടാണ് മരിച്ച വിശ്വാസികൾക്കുവേണ്ടിയുള്ള പ്രാർത്ഥനകൾക്കായി ഞങ്ങൾ ഒരുങ്ങിയത്. നവംബർ 3 ഞായർ പള്ളിയിലെ കുർബ്ബാനയ്ക്കു ശേഷം സെമിത്തേരിയിൽ സമൂഹപ്രാർത്ഥന നടത്തി. ദൂരെയുള്ള വില്ലേ ജുകളിൽ വിശ്വാസികളുടെ പുരയിടങ്ങളിലും കൃഷിയിടങ്ങളിലുമായി അന്ത്യവിശ്രമം കൊള്ളുന്ന പൂർവ്വികരുടെ കബറിടങ്ങളും സന്ദർശിച്ചു പാർത്ഥിച്ചു. ദീപാവലി അവധി കഴിഞ്ഞ് ഞങ്ങളുടെ ബാലഭവനങ്ങ ളിലെ അംഗങ്ങൾ നവംബർ 18-ന് തിരിച്ചുവന്നു. വയലിലെ കൊയ്ത്തു ജോലികൾക്ക് ഫാ. സിന്റോ തൊറയൻ നേതൃത്വം നൽകി. തണുപ്പു കാലം ഇവിടെ ആരംഭിച്ചു. ഞങ്ങളുടെ ഉപകാരികൾക്കും മിഷനെ സ്നേഹിക്കുന്നവർക്കും മിഷനറിമാരാകാൻ ആഗ്രഹിച്ചു പ്രാർത്ഥിക്കു ന്നവർക്കും ക്രിസ്തുമസ്സ് നവവത്സര മംഗളങ്ങൾ സ്നേഹത്തോടെ നേർന്നുകൊണ്ട്

ചാന്ദായിൽനിന്നും

ഫാ. ജോസഫ് വൈക്കാടൻ

# നാമകരണ നടപടികൾ

## ദൈവദാസൻ - ആന്റണി തച്ചുപറമ്പിലച്ചൻ

◆ ഒക്ടോബർ മാസത്തെ വെള്ളിയാഴ്ച ആചരണ തിരുക്കർമ്മങ്ങളിൽ ഫാ. ജോർദ്ദിൻ സി.എസ്.ടി., ഫാ. ജോസ് ചിറയത്ത്, ഫാ. ജോൺ മുളയ്ക്കൻ, ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ എന്നിവർ കാർമ്മികരായിരുന്നു. വെള്ളിയാഴ്ച തിരുക്കർമ്മങ്ങൾക്കും ഊട്ട് നേർച്ചയ്ക്കും കപ്പിയാങ്കൽ ജോസഫ്, ചിറയത്ത് ഇട്ട്യേര ലോനപ്പൻ, പഴയകരിയിൽ പി. പി. ജോർജ്ജ്, പുത്തൻവീട്ടിൽ ഇസഹാക്ക് ജോസ് എന്നിവരും അവരുടെ കുടുംബാംഗങ്ങളും നേതൃത്വം നൽകി. അപരന്റെ വേദനകളെല്ലാം എന്റെയും വേദനകളാണെന്ന മനോഭാവത്തോടെ നല്ല സമരിയാക്കാരനെപ്പോലെ, കരുതലുള്ള സ്നേഹത്തോടെ ദൈവസ്നേഹത്തിന്റെ പ്രവാചകനായി മാറിയ താപസനായിരുന്നു ആന്റണിയച്ചൻ. പരിശുദ്ധ കുർബ്ബാനയുടെയും പരിശുദ്ധ അമ്മയുടെയും വലിയ ഭക്തനായിരുന്ന ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ യാത്രകളിലും, വിശ്രമവേളകളിലും ജപമാല രഹസ്യങ്ങൾ ഭക്തിപൂർവ്വം ധ്യാനിച്ച് ജീവിതപ്രതിസന്ധികളെ അതിജീവിയ്ക്കുവാൻ കരുത്തു നേടി.

ഒരു രാജകുടുംബത്തിലേക്ക് ഒരു സാധുവിന്റെ മകളെ വിവാഹം കഴിച്ചാൽ ആ വീട്ടുകാരെല്ലാവരും രാജാവിന്റെ (രക്ത) സംബന്ധികളായി. നാമിപ്രകാരം മറിയം വഴിയായി ദൈവത്തിന്റെ രക്തസംബന്ധികളായിരിക്കുന്നു. നമ്മുടെ സഹോദരൻ അല്ലെങ്കിൽ മരുമകൻ ആണ് കർത്താവ്. എന്നാൽ രാജ്ഞിയുടെ ശേഷക്കാർ നഗ്നരായോ, കീറിയ വസ്ത്രധാരികളായോ രാജ്യസഭയിൽ ഇരിക്കുന്നത് കണ്ടാൽ രാജാവിന് എത്ര അപമാനം. "നീ കാരണമല്ലയോ എനിയ്ക്കിത്ര അപമാനം എന്ന് രാജ്ഞിയോട് പറയുകയും ചെയ്യും. ഇപ്രകാരമാണ് നാം പുണ്യങ്ങളാൽ അലങ്കരിക്കപ്പെടാഞ്ഞാൽ" (ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ)

**ഫാ. പോൾ പുളിക്കൻ,**
പോസ്റ്റുലേറ്റർ



# സാമ്പത്തിക കാര്യാലയം

**1.** 2012 വർഷത്തെ മിഷൻ ഞായർ, ദുഃഖവെള്ളി (2012, 2013) പിരിവുകൾക്ക് സമ്മാനർഹമായ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും 9.11.2013 ലെ അതിരൂപത അവാർഡ്ദിനത്തിൽ അഭിവന്ദ്യ പിതാവ് മാർ ആൻഡ്രൂസ് താഴത്ത് ട്രോഫികൾ വിതരണം ചെയ്തു. സമ്മാനർഹർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**2. ക്രിസ്തുമസ്സ് അവധി ദിനങ്ങൾ** : ക്രിസ്തുമസ്സ് പ്രമാണിച്ച് 24, 25, 26 തിയ്യതികളിൽ സാമ്പത്തിക കാര്യാലയം മുടക്കമായിരിക്കും.

## 2. വരവ് – ചെലവ് കണക്കുകൾ – ഒക്ടോബർ 31, 2013

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ |
|---|---|---|---|---|
| 1. | അടാട്ട് | 10144 | 5000 | 10000 |
| 2. | ആർത്താറ്റ് | 3260 | - | 4120 |
| 3. | ചേരുംകുഴി | 12600 | 19275 | 28045 |
| 4. | ചിറക്കാക്കോട് | - | - | 9200 |
| 5. | ചിറനെല്ലൂർ | 3260 | 1275 | - |
| 6. | ചിയ്യാരം സേവനാലയം | - | - | 10000 |
| 7. | ചിയ്യാരം വിജയമാത | - | - | 67400 |
| 8. | ചൂലിശ്ശേരി | 2165 | 1170 | 3410 |
| 9. | കണ്ടാണശ്ശേരി | - | - | 13960 |
| 10. | മണലാടി | 3098 | 2240 | 2000 |
| 11. | മാന്ദാമംഗലം | 2280 | 4610 | 2850 |
| 12. | പനമുക്ക് | 2500 | 2000 | 1500 |
| 13. | പങ്ങാരപ്പിള്ളി | - | - | 2000 |
| 14. | പേരകം | 3710 | 4790 | 3190 |
| 15. | പൊറത്തൂർ | - | - | 5050 |
| 16. | തൈക്കാട്ടുശ്ശേരി | - | - | 12000 |
| 17. | തങ്ങാലൂർ | - | - | 3430 |

| | | | |
|---|---|---|---|
| 18. തയ്യൂർ | 6377 | 6595 | 13418 |
| 19. തിരൂർ | 37559 | 65700 | 57850 |
| 20. തൃക്കൂർ | - | - | 5239 |
| 21. വാക | - | - | 10160 |
| 22. വരാക്കര | - | - | 38230 |
| 23. വെളുത്തൂർ | - | - | 15000 |
| 24. റവ. ഫാ. സിറിയക് വടക്കൻ | - | - | 1000 |
| 25. റവ. ഫാ. നിക്കോളാസ് അന്തിക്കാട്ട് | - | - | 100 |
| 26. റവ. ഫാ. ജേക്കബ് തൈക്കാട്ടിൽ | - | - | 250 |
| 27. റവ. ഫാ. ആന്റണി ഐനിക്കൽ | - | - | 200 |
| 28. റവ. ഫാ. ജോസഫ് ചാഴൂർ | - | - | 100 |
| 29. റവ. ഫാ. റാഫേൽ ചിറ്റിലപ്പിള്ളി | - | - | 100 |
| 30. റവ. ഫാ. ആന്റണി തെക്കിനിയത്ത് | - | - | 100 |
| 31. റവ. ഫാ. ജേക്കബ് ചിറയത്ത് | - | - | 100 |

| | **സഭാ ദിനം** | **പ്രത്യേക പിരിവ്** | **ഞായർ പിരിവ്** |
|---|---|---|---|
| 1. അടാട്ട് | 1912 | 2508 | 2052 |
| 2. ആർത്താറ്റ് | 1620 | 2068 | 1504 |
| 3. ചേരുംകുഴി | 7000 | 6380 | 6960 |
| 4. ചിറനെല്ലൂർ | 710 | 990 | 720 |
| 5. ചൂലിശ്ശേരി | 534 | 792 | 576 |
| 6. മണലാടി | 958 | 1089 | 792 |
| 7. മാന്ദാമംഗലം | 800 | 1485 | 1080 |
| 8. പനമുക്ക് | 3800 | 4840 | 5280 |
| 9. പറവട്ടാനി | 9310 | 6952 | 12640 |
| 10. പേരകം | 2784 | 3080 | 3360 |
| 11. തയ്യൂർ | 1542 | 1914 | 2088 |
| 12. തിരൂർ | 11052 | 15620 | 35500 |
| 13. തൃക്കൂർ | 1360 | 1870 | 1530 |
| 14. അസ്സീസ്സി മഠം, തൃശൂർ | - | - | 200 |

## 4. മാർ കുണ്ടുകുളം ട്രസ്റ്റിൽനിന്നും വിവാഹസഹായം

| | | | |
|---|---|---|---|
| 1. പുല്ലഴി | 5000 | 2. ചേർപ്പ് | 5000 |
| 3. മുള്ളൂർക്കര | 5000 | 4. തൊയക്കാവ് | 5000 |
| 5. നടത്തറ | 5000 | 6. കുരിയച്ചിറ | 5000 |

## 5. സാമ്പത്തിക സഹായം

| | | | |
|---|---|---|---|
| 1. കുമ്പളങ്ങാട് പള്ളി | 100000 | 2. തയ്യൂർ | 27240 |
| 3. പേരകം | 38125 | | |
| വിവാഹം | 41500 | ചികിത്സ സഹായം | 26985 |

## 6. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്

| | | | |
|---|---|---|---|
| 1. വിദ്യാഭ്യാസം | 15000 | 2. ചികിത്സ | 19000 |
| 3. വിവാഹം | 16500 | | |

**ഫാ. ജോസ് ചാലക്കൽ**
ഫിനാൻസ് ഓഫീസർ



# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോയ് മൂക്കൻ | 02 |
| ഫാ. ജോസഫ് മുരിങ്ങാത്തേരി | 03 |
| ഫാ. വർഗ്ഗീസ് പാലത്തിങ്കൽ | 06 |
| ഫാ. റാഫേൽ ആക്കാമറ്റത്തിൽ | 07 |
| ഫാ. നൈസൻ ഏലന്താനത്ത് | 07 |
| ഫാ. ലിറിൽ തളിയപറമ്പിൽ | 08 |
| ഫാ. ജോയ് കൂത്തൂർ | 09 |
| ഫാ. ഷാജു ചിറയത്ത് | 10 |
| ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി | 12 |
| ഫാ. ഫ്രാൻസിസ് കൂത്തൂർ | 13 |
| ഫാ. അജിത്ത് തച്ചോത്ത് | 13 |
| ഫാ. ചാക്കോ എടയാൽ | 15 |
| ഫാ. ജോ കൊള്ളൂർ | 15 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 16 |
| ഫാ. നിബിൻ തളിയത്ത് | 17 |
| ഫാ. ജോസ് തെക്കേക്കര ജൂനിയർ | 19 |
| ഫാ. ബർണാർഡ് തീൽ | 19 |
| ഫാ. പ്രിന്റോ കുളങ്ങര | 20 |
| ഫാ. ജോ ചുങ്കത്ത് | 20 |
| ഫാ. ജോസഫ് അന്തിക്കാട് | 23 |
| ഫാ. ജോയ് ജൂനിയർ ചിറ്റിലപ്പിള്ളി | 23 |
| ഫാ. പീറ്റർ പാലയൂർ | 25 |
| ഫാ. ബെബി കിടങ്ങൻ | 25 |
| ഫാ. ജസ്റ്റിൻ തടത്തിൽ | 25 |
| ഫാ. ജോമോൻ മുരിങ്ങാത്തേരി | 27 |
| ഫാ. സിജോ കാട്ടൂക്കാരൻ | 27 |
| ഫാ. ജോയ് കൊള്ളൂർ | 29 |
| ഫാ. ഡേവിസ് ജൂനിയർ ചിറമ്മൽ | 30 |
| ഫാ. സ്റ്റിഷിൻ കുണ്ടുകുളം | 31 |

## നാമഹേതുകതിരുനാളുകൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് പള്ളിക്കുത്ത് | 03 |
| ഫാ. സേവിയർ പാണേങ്ങാടൻ | 03 |
| ഫാ. ബാബു പാണാ്ടുപറമ്പിൽ | 03 |
| ഫാ. ഫ്രാങ്കോ പുത്തിരി | 03 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 03 |
| ഫാ. ഫ്രാൻസിസ് മഞ്ഞളി | 03 |
| ഫാ. ഫ്രാൻസിസ് അറക്കൽ | 03 |
| ഫാ. റെി മുണ്ടൻകുരിയൻ | 03 |
| മോ. ഫ്രാൻസിസ് ആലപ്പാ് | 03 |
| ഫാ. ട്വിങ്കിൾ വാഴപ്പിള്ളി | 03 |
| ഫാ. ഫ്രാൻസിസ് കരിപ്പേരി | 03 |
| ഫാ. ഫ്രാങ്കോ കവലക്കാ് | 03 |
| ഫാ. ഫ്രാൻസിസ് കൂത്തൂർ | 03 |
| ഫാ. ഷിജോ ചിരിയങ്കണ്ടത്ത് | 03 |
| ഫാ. ഫ്രാൻസിസ് തരകൻ | 03 |
| ഫാ. ഫ്രാൻസിസ് തലക്കോ്ടൂർ | 03 |
| ഫാ. നിക്കോളസ് അന്തിക്കാ് | 06 |
| ഫാ. നിക്കോളസ് പൊറത്തൂർ | 06 |
| ഫാ. ജോസൻ ആച്ചാണ്ടി | 14 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 14 |
| ഫാ. ബാബു ചേലപ്പാടൻ | 17 |
| ഫാ. ലാസർ താണിക്കൽ | 17 |
| ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ | 27 |
| ഫാ. ജോ (ബിജു) പാണേങ്ങാടൻ | 27 |
| ഫാ. ജോസൻ പുലിക്കോ്ടിൽ | 27 |
| ഫാ. ജോസൻ അരിമ്പൂർ | 27 |
| ഫാ. ടെറിൻ മുള്ളക്കര | 27 |
| ഫാ. ജോ മുളക്കൽ | 27 |
| ഫാ. ജോ മൂലൻ | 27 |
| ഫാ. ജോജോ എടത്തിരുത്തി | 27 |

| | |
|---|---|
| ഫാ. ജീജോ വള്ളൂപ്പാറ | 27 |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 27 |
| ഫാ. ജോ കിടങ്ങൻ | 27 |
| ഫാ. ടെൻസ് കുപ്പിള്ളി | 27 |
| ഫാ. ജോ ചുങ്കത്ത് | 27 |
| ഫാ. ജോസൻ ഐനിക്കൽ | 27 |
| ഫാ. ആൻസിൽ ജോ വെള്ളറ | 27 |

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ഗീവർഗ്ഗീസ് മാമ്പിള്ളി | 31-12-1920 |
| മോ. പൊറിഞ്ചു ആലപ്പാട് | 13-12-1924 |
| ഫാ. പൗലോസ് കൂന്തയിൽ | 13-12-1924 |
| ഫാ. തോമസ് അക്കരപ്പറ്റി | 19-12-1944 |
| ഫാ. പോൾ ചിറയത്ത് | 14-12-1953 |
| ഫാ. ജോസഫ് തോ'ാൻ | 06-12-1965 |
| ഫാ. ഇഗ്നേഷ്യസ് ചിറയത്ത് | 23-12-1967 |
| ഫാ. അന്തപ്പൻ വലിയവീിൽ | 02-12-1971 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 18-12-1973 |
| ഫാ. ജോർജ്ജ് ചൂണ്ടൽ | 19-12-1990 |
| ഫാ. ആന്റണി ജീസ് ചിറമ്മൽ | 21-12-1992 |
| മോ. മാത്യു മുരിങ്ങാത്തേരി | 17-12-1994 |
| ഫാ. ജോസഫ് ചുങ്കത്ത് | 28-12-2000 |
| ഫാ. ജോസഫ് വടക്കൻ | 28-12-2002 |

അതിരൂപതയുടെ സ്മരണാഞ്ജലി

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

25.09.2013. സി.എസ്.എം.സുപ്പീരിയർ ജനറൽ സി. ജിയോ മരിയയും ലൂയ്യദ്ദ്നാഥ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ബിയാട്രിസും, മിഷൻ കൗൺസിലർ സി.ഡെല്ല മരിയയും സാഗറിലെ മിഷൻ സെന്ററുകൾ സന്ദർശിക്കാനായി പോയി.

01.10.2013. സി.എസ്.എം. സുപ്പീരിയർ ജനറൽ സി. ജിയോ മരിയയും ലൂയ്യദ്ദ് നാഥ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ബിയാട്രിസും, മിഷൻ കൗൺസിലർ സി. ഡെല്ലയും മദ്ധ്യപ്രദേശിലെ സാഗർ രൂപതയുടെ പുതുക്കി പണിത സെന്റ് തെരേസാസ് കത്തീഡ്രൽ പള്ളിയുടെയും കജൂറിയായിൽ സ്ഥാപിച്ച ഇന്ത്യയിലെ ഏററവും ഉയരമുള്ള ക്രിസ്തുവിന്റെ തിരുസ്വരൂപത്തിന്റെയും ആശീർവാദകർമ്മത്തിലും പങ്കെടുത്തു.

04.10.2013. സി.എം.സി. കോലഴി ഇടവക വികാരി ഫാ.ഫ്രാൻസീസ് എടക്കളത്തൂരിന്റെ തിരുനാൾ സമുചിതമായി ഘോഷിച്ചു.

05.10.2013. സി.എം.സി. ഫോർമേഷൻ ഡെ ഘോഷത്തോടനുബന്ധിച്ച് നോവിസ് മാസ്റ്റർ റവ. ഫാ. സെബാസ്റ്റ്യൻ പെരേപ്പാടൻ സി.എം.ഐ വി.ബലി അർപ്പിച്ചു. വിവിധ കലാപരിപാടികൾ അവതരിപ്പിച്ച് തങ്ങളുടെ മികവ് പ്രകടമാക്കുകയും ഉല്ലാസയാത്രയിലൂടെ സ്നേഹ സൗഹൃദം പങ്കിടുകയും ചെയ്തു.

07.10.2013. എഫ്.സി.സി. പടവരാട് ആശാഭവൻ സ്പെഷ്യൽ സ്കൂളിന്റെ നവീകരിച്ച ഓഫീസ് റൂമിന്റെ വെഞ്ചെരിപ്പ് കർമ്മം പടവരാട് സെന്റ് തോമസ് ഇടവക വികാരിയും മഠം ചാപ്ലെയിനുമായ റവ. ഫാ. പോൾ പയ്യപ്പിള്ളി നിർവഹിച്ചു.

സി.എസ്.സി. കോലഴി മരിയഭവൻ ജനറലേറ്റിൽ റീജൻസിക്കായി മൂന്നു പ്രോവിൻസിൽ നിന്നും 11 Novices എത്തിചേർന്നു.

08.10.2013 എഫ്.സി.സി. സന്യാസ പരിശീലനത്തിലായിരിക്കുന്ന അർത്ഥിനികൾക്ക് റവ. ഫാ. ജോസ് പൂതൃക്കയിലിന്റെ നേതൃത്വത്തിൽ മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിൽ വെച്ച് നടന്ന ഒരാഴ്ചത്തെ ധ്യാനത്തിൽ 45 അർത്ഥിനികൾ പങ്കെടുത്തു.

10.10.2013. സി.എച്ച്.എഫ്. ശതാബ്ദിയാഘോഷങ്ങളോടനുബന്ധിച്ച് അത്മായ പ്രേഷിത സംഗമം 'ജ്വലനം 2013' ഏകദിന സെമിനാർ ചെമ്പൂക്കാവ് ഹയർ സെക്കണ്ടണ്ടറി സ്ക്കൂൾ ഓഡിറ്റോറിയത്തിൽ നടത്തി. വിവിധ ഇടവകകളിൽ നിന്നായി 200 അത്മായ പ്രേഷിതർ പങ്കെടുത്തു. തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് എമിരറ്റസ് മാർ ജേക്കബ് തൂങ്കുഴി സെമിനാർ ഉദ്ഘാടനം ചെയ്തു.

11.10.2013. സി.എസ്.എം. വരടിയം ഇടവകയിൽ 11.10.13 മുതൽ 16.10.13 വരെ മുപ്പതോളം സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഊർജ്ജിതമായി നടന്ന ഹോം മിഷൻ പരിപാടികൾ വിജയകരമായി പര്യവസാനിച്ചു.

12.10.2013. എഫ്.സി.സി. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ ജാഗരണ പ്രാർത്ഥനയിൽ എല്ലാ പ്രൊവിൻഷ്യൽ വൊക്കേഷൻ പ്രൊമോട്ടേഴ്സും പങ്കുകൊണ്ടു.

എഫ്.സി.സി. വിവിധ എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാർ, ഹെഡ്മിസ്ട്രസ്സുമാർ, അനധ്യാപകരായ സിസ്റ്റേഴ്സ് എന്നിവർക്കായി അസ്സീസിയിൽ വെച്ച് ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 4 മണി വരെ ഒരു ഏകദിന സെമിനാർ സംഘടിപ്പിച്ചു.

സി.എം.സി. സഭാസംയോജന ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് ആലുവയിൽ നടന്ന ആഘോഷങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ഓമറും കൗൺസിലേഴ്സും പങ്കുകൊണ്ടു. തുടർന്ന് നടന്ന രണ്ടു ദിവസത്തെ കോഴ്സിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഓമറും ഫിനാൻസ് ഓഫീസർ സി. പ്രെയ്സും സെക്രട്ടറി സി. ജോളി തേരേസും പങ്കെടുത്തു.

സി.എച്ച്.എഫ്. മുക്കാട്ടുകര ബെത്ലഹം കോൺവെന്റിലെ പുതുക്കി പണിത കപ്പേളയുടെ വെഞ്ചിരിപ്പു കർമ്മം അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് നടത്തി.

13.10.2013. എഫ്.സി.സി. 13 മുതൽ 19 വരെ മുട്ടുചിറ Alphonsa Spirituality Centre ൽ വെച്ച് നടന്ന Madona Family Renewal Retreat ൽ തൃശൂർ അസ്സീസി പ്രോവിൻസിൽ നിന്ന് സി. ലിസ തെരേസ്, സി. ചൈതന്യ തെരേസ് എന്നിവർ പങ്കെടുത്തു.

14.10.2013. എഫ്.സി.സി. തലോർ സ്കൂളിൽ വെച്ച് നടന്ന Teacher's Guild Meeting ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത ആധ്യക്ഷം വഹിച്ച് സന്ദേശം നൽകി.

15.10.2013. സി.എം.സി. വി. അമ്മത്രേസ്യയുടെ തിരുനാൾ ദിനം Seniors Day ആയി ഘോഷിച്ചു.

16.10.2013. എഫ്.സി.സി. സഭയുടെ ശതോത്തര രജതജൂബിലിയാഘോഷത്തിന്റെ ഭാഗമായി തൃശൂർ അസ്സീസി പ്രോവിൻസിൽ ലളിതമായി ജൂബിലിയാഘോഷിച്ചു. റവ. ഫാ. റാഫി പാലിക്കരയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിക്കുശേഷം എഫ്.സി.സി സഭയുടെ ചരിത്രക്വിസ് സംഘടിപ്പിക്കപ്പെട്ടു. വിജയികൾക്ക് സമ്മാനം നൽകി ആദരിച്ചു.

സി.എച്ച്.എഫ്. ശതാബ്ദിയാഘോഷങ്ങളോടനുബന്ധിച്ച് കുടുംബങ്ങളുടെ മഹനീയതയും മക്കളുടെ സമൃദ്ധിയും ഉയർത്തികാണിക്കാനും, ജീവിതത്തെ പരിപോഷിപ്പിക്കുവാനുമായി 1990–നു ശേഷം വിവാഹിതരായവരും നാലും അതിൽ കൂടുതലും മക്കളുള്ള കുടുംബങ്ങളെ ആദരിച്ചുകൊണ്ട് 'ജീവോത്സവ് 2013' കുഴിക്കാട്ടുശ്ശേരി വാ.മറിയം ത്രേസ്യ തീർത്ഥകേന്ദ്രത്തിൽ നടത്തപ്പെട്ടു. കേരളത്തിലെ 15 രൂപതകളിൽനിന്നുള്ള 150 കുടുംബങ്ങൾ സെമിനാറിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റിനർഹരായി.

18.10.2013. എഫ്.സി.സി. പരിയാരം CSR ൽ വെച്ച് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത MMB Brothers ന് Eco Immunology എന്ന വിഷയത്തെ ക്കുറിച്ച് ക്ലാസ്സ് എടുത്തു.

19.10.2013. സി.എം.സി. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ വി.ബലി അർപ്പിക്കുകയും ഫോർമേഷനിലുള്ളവർക്കും ജൂനിയേഴ്സിനും ഉപദേശം നല്കുകയും സിസ്റ്റേഴ്സുമായി സ്നേഹസൗഹൃദം പങ്കിടുകയും ചെയ്തു.

20.10.2013. എഫ്.സി.സി. ചുവന്നമണ്ണ് ഹോളി ട്രിനിറ്റി കോൺവെന്റിലെ കമ്മ്യൂണിറ്റി ഡേ ആഘോഷപരിപാടിയിൽ പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് പങ്കുകൊണ്ടു.

സി.എസ്.എം. സുപ്പീരിയർ ജനറൽ സി. ജിയോ മരിയ മണ്ണംപേട്ട മേരി ഇമ്മാക്കുലേറ്റ് പള്ളിയിലെ മതബോധന വാർഷികാഘോഷപരിപാടികളിൽ പങ്കെടുക്കുകയും മതബോധനദിന സന്ദേശം നൽകുകയും ചെയ്തു.

22.10.2013. സി.എം.സി. ഇന്നു മുതൽ ആരംഭിച്ച 10 ദിവസം നീണ്ടുനില്ക്കുന്ന വാഴ്വോടുകൂടിയ ജപമാലയിലൂടെ ഒരുപാട് ദൈവാനുഭവങ്ങൾ സ്വന്തമാക്കി.

26.10.2013. സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സ് രണ്ട് ദിവസം പ്രാർത്ഥനാദിനമായി ചിലവഴിച്ചു. സി. ചൈതന്യ, സി. ഗ്രെയ്സ് തോമസ് എന്നിവർ ക്ലാസ്സെടുത്തു.

എഫ്.സി.സി. പെരിങ്ങോട്ടുകര സെറാഫിക് കോൺവെന്റിൽ വെച്ച് നടന്ന ഉപവാസ പ്രാർത്ഥനാസമ്മേളനത്തിൽ എല്ലാ ഭവനങ്ങളിലെയും സിസ്റ്റേഴ്സ് സംബന്ധിച്ചു. ഗോൾഡൻ ജൂബിലിയാഘോഷിക്കുന്ന പാലക്കാട് പ്രോവിൻസിലെ മംഗലംഡാം സെന്റ് പീറ്റേഴ്സ് കോൺവെന്റ് പ്രൊവിൻഷ്യൽ ടീം സന്ദർശിച്ചു.

സി.എച്ച്.എഫ്. മിഷൻ പ്രോവിൻസുകളുടെ സ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലിയാഘോഷം ബഗൽപ്പൂരിൽ നടത്തി.ആഘോഷപരിപാടികളിൽ നവജ്യോതി പ്രെവിൻഷ്യൽ സി.ഫിലോ ജോസഫും കൗൺസിലേഴ്സും സിസ്റ്റേഴ്സും പങ്കെടുത്തു.

സി.എസ്.എം. അരുണാചൺ മിഷനിലെ സിറ്റേഴ്സിനെ സന്ദർശിക്കുവാൻ സുപ്പീരിയർ ജനറലും പ്രൊവിൻഷ്യൽസും അരുണാചലിൽ പോയി.

27.10.2013. സി.എസ്.എം. ലൂർദ്ദ്നാഥ പ്രോവിൻസിനുവേണ്ടണ്ടി ബഹു. സിസ്റ്റേഴ്സ് രാവിലെ 7 മുതൽ വൈകിട്ട് 8 വരെ അഖണ്ഡ ജപമാല നടത്തി മാതാവിന്റെ മദ്ധ്യസ്ഥം പ്രാർത്ഥിച്ചു.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻസിന്റെ ഹോംമിഷൻ ടീമംഗങ്ങൾ നെടുപുഴ ഇടവകയിൽ ഒരാഴ്ചത്തെ ഹോം മിഷൻ വിജയകരമായി പൂർത്തിയാക്കി.

01.11.2013. സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് സിസ്റ്റേഴ്സിന്റെ ബാച്ച് ഗാതറിങ്ങ് നടത്തി. റവ. ഫാ. ജോസഫ് ചെറുകുന്നേൽ Sdb ക്ലാസ്സെടുത്തു.

02.11.2013. സി.എം.സി. സകല മരിച്ചവരുടെയും ഓർമ്മ ദിനത്തിൽ പ്രൊവിൻഷ്യൽ ഹൗസിലെ ഗ്രോട്ടോയിൽ റവ. ഫാ. ഷാജു എടമന വി.ബലി അർപ്പിച്ച് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചു.

സി.എം.സി. Community Week Celebration ന്റെ ഭാഗമായി ഇന്ന് അഖണ്ഡ വചനവായനയായിരുന്നു. വചനാഭിഷേകം

നിറഞ്ഞ അനുഭവമായിരുന്നുവെന്ന് ഏവരും അഭിപ്രായപ്പെട്ടു. സി.എം.സി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ഓമറും മറ്റു മേജർ സുപ്പീരിയേഴ്സും National CRI Golden Jubilee Celebration ൽ പങ്കുകൊളളുന്നതിനായി ഗോഹട്ടിയിലേക്ക് പോയി.

സി.എം.സി. 2001 മുതൽ 2008 വരെയുള്ള വർഷങ്ങളിൽ ആദ്യ വ്രതം ചെയ്ത സിസ്റ്റേഴ്സിനായി വിമലകോളേജിൽ വച്ച് പാടൂക്കാട് ബ്രദർ സണ്ണിയുടെ നേതൃത്വത്തിൽ ഒരു ദിവസത്തെ get together നടത്തുകയും മിസ്ട്രസ്സുമാരുമൊത്ത് അവരുടെ അനുഭവം പങ്കുവെക്കുകയും ചെയ്തു.

സി.എച്ച്.എഫ്. നവജ്യോതി പ്രൊവിഷ്യൽ ഹൗസിൽ ജൂനിയേഴ്സ് കോഴ്സ് നടത്തി. റവ. ഫാ. ടോണി നീലങ്കാവിൽ വിശ്വാസത്തിന്റെ വെളിച്ചം എന്ന ചാക്രികലേഖനത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു.

03.11.2013. എഫ്.സി.സി. ജൂനിയർ സിസ്റ്റേഴ്സ് അടുത്ത ഒരു വർഷത്തേക്ക് വ്രതവാഗ്ദാനം നടത്തുന്നതിന് കുട്ടംകുളം ആബ്ബാ കോൺവെന്റിൽ 1–ാം തീയതി വെള്ളിയാഴ്ച എത്തിച്ചേരുകയും നവംബർ 3–ാം തീയതി ഞായറാഴ്ച രാവിലെ വി. ബലിമധ്യേ വ്രതവാഗ്ദാനം നടത്തുകയും ചെയ്തു.

05.11.2013. എഫ്.സി.സി. വെങ്ങിണിശ്ശേരി അൽവേർണിയ കോൺവെന്റിന്റെ രജതജൂബിലി ആഘോഷ പരിപാടികളിൽ പ്രൊവിൻഷ്യൽ ടീം പങ്കുകൊണ്ടു.

എഫ്.സി.സി. സി.എം.ഐ. ദേവമാതാ പ്രവിശ്യ ഭവനാംഗമായ ഫാ. ജോസ് കള്ളിവളപ്പിലിന്റെ നിര്യാണത്തിൽ പ്രൊവിൻഷ്യൽ ടീം സന്ദർശിച്ച് അനുശോചനമറിയിച്ചു.

സി. ആർ. ഐ. സെക്രട്ടറി
**സി. ഡോണ കുമ്പുക്കൽ SNDS**

# സ്ഥാപനങ്ങൾ

## മേരിമാതാ മേജർ സെമിനാരി

### 'സർഗ്ഗ 2013' ന് അരങ്ങുണർന്നു

മേരിമാതയുടെ ഹോം ഡേ ആഘോഷങ്ങളോടനുബന്ധിച്ച് നടത്തിവരുന്ന കലാ കായിക സാഹിത്യ മത്സരങ്ങൾക്ക് അരങ്ങുണർന്നു. യുവ മജീഷ്യൻ ബൈജു പുതുരുത്തി ദീപശിഖ തെളിയിച്ചുകൊണ്ട് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഹോം ഡേയുടെ പേരും മുദ്രാവാക്യവും ബഹു. സെബാസ്റ്റ്യൻ എബ്രയിലച്ചൻ പ്രഖ്യാപിച്ചു. ബഹു. റെക്ടർ ബാബു പാണങ്ങാട്ടുപറമ്പിലച്ചൻ സർഗ്ഗ 2013 ന്റെ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

വൈദിക വിദ്യാർത്ഥികളെ നാല് ഗ്രൂപ്പുകളായി തിരിച്ച് മൂന്ന് ആഴ്ചകളിലായി കലാ കായിക മത്സരങ്ങൾ സംഘടിപ്പിച്ചു. സർഗ്ഗജ്യോതിയുടെയും കായിക വിഭാഗത്തിന്റെയും സംയുക്ത നേതൃത്വത്തിലാണ് മത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. നവംബർ 14, 15 തിയ്യതികളിലായ് ബാക്കിയുള്ള എല്ലാ കലാമത്സരങ്ങളും അത്‌ലറ്റിക്സും നടത്തപ്പെട്ടു.

### കുടുംബദിനം

മേരിമാതാ സെമിനാരി നവംബർ 16-ാം തിയ്യതി കുടുംബദിനം സാഘോഷം കൊണ്ടാടി. ബഹു. റെക്ടറച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ സെമിനാരി കുടുംബം ഒന്നുചേർന്ന് ബലിയർപ്പിച്ച് എല്ലാ അനുഗ്രഹങ്ങൾക്കും ദൈവത്തിന് നന്ദി പറഞ്ഞു. ബഹു. ടോണിയച്ചൻ സന്ദേശം നൽകി. 12 മണിക്ക് ക്ഷണിക്കപ്പെട്ട എല്ലാ അതിഥികളോടുമൊപ്പം ചാപ്പലിൽ പൊതുവായ പ്രാർത്ഥന ഉണ്ടായിരുന്നു. അതിനുശേഷം സ്വാദിഷ്ടമായ സ്നേഹവിരുന്നും നടത്തപ്പെട്ടു. വൈകീട്ട് 6 മണിക്ക് ആഘോഷമായ ജപമാല പ്രദക്ഷിണവും ദിവ്യകാരുണ്യ ആശീർവ്വാദവും ഉണ്ടായിരുന്നു. സർഗ്ഗ 2013 ലെ കലാ മത്സരങ്ങളിൽ ഒന്നാം സ്ഥാനത്തിനർഹരായവർ അവതരിപ്പിച്ച പരിപാടികളഅം ആ സന്ധ്യയെ മനോഹരമാക്കി. അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെയും മാർ റാഫേൽ തട്ടിൽ പിതാവിന്റെയും സാന്നിദ്ധ്യം കുടുംബദിനത്തിന്റെ സന്തോഷം വർദ്ധിപ്പിച്ചു.

### ഡീക്കൻമാർക്ക് യാത്രാമംഗളങ്ങൾ – ഒക്ടോബർ 30

വൈദിക പരിശീലനം പൂർത്തിയാക്കി സെമിനാരിയുടെ പടികളിറങ്ങുന്ന പ്രിയപ്പെട്ട ഡീക്കൻമാർക്ക് യാത്രാമംഗളങ്ങൾ നേരുവാൻ ഒക്ടോബർ 30-ാം തിയ്യതി സെമിനാരി കുടുംബം ഒരുമിച്ച് കൂടി. സെമിനാരിയിലെ വൈദികർ

എല്ലാവരും ചേർന്ന് സമൂഹബലിയർപ്പിക്കുകയും ഡീക്കൻമാരുടെ തലയിൽ വെച്ചനുഗ്രഹിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. അതിനുശേഷം നടന്ന കുടുംബസംഗമത്തിൽ അച്ചൻമാരുടെ പ്രതിനിധികളായി ബഹു. റെക്ടറച്ചനും ഡീക്കൻമാരുടെ ആനിമേറ്ററായ കാവുങ്കലച്ചനും ബ്രദേഴ്സിന്റെ പ്രതിനിധിയായി ബ്ര. ഷിബി ചെട്ടിക്കത്തോട്ടത്തിലും ആശംസകൾ നേർന്ന് സംസാരിച്ചു. ഡീക്കൻമാരുടെ ഭാഗത്തുനിന്ന് ബഹു. ഡീക്കൻ റിജോയ് തൈവളപ്പിൽ മേരിമാതായുടെ അമ്മ വാത്സല്യത്തിന് പ്രത്യേകം നന്ദി പറഞ്ഞു.

**സകല മരിച്ചവരുടെയും ഓർമ്മദിനം – നവംബർ 2**

സകല മരിച്ച വിശ്വാസികൾക്കും വേണ്ടി പ്രാർത്ഥിക്കുവാൻ വീണ്ടും ഒരു ദിനം കൂടി. പതിവിൽനിന്ന് വ്യത്യസ്തമായി സെമിനാരിയുടെ സമീപ പ്രദേശങ്ങളിലുള്ള പള്ളികളിൽ പോയി തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുവാൻ അനുവാദം ലഭിച്ചത് പ്രത്യേക അനുഭവമായി. ഇടവകജനങ്ങളോട് ചേർന്ന് മരിച്ചുപോയ പ്രിയപ്പെട്ടവർക്കായ് പ്രാർത്ഥിക്കുവാൻ സാധിച്ചു.

**വിനോദയാത്ര – നവംബർ 6**

പരസ്പരമുള്ള സൗഹൃദവും കൂട്ടായ്മയും ഊട്ടിയുറപ്പിക്കുന്നതിന്റെ ഭാഗമായ് സെമിനാരിക്കാർ എല്ലാവരും നവംബർ 5, 6 തിയ്യതികളിലായ് വിനോദയാത്രയ്ക്ക് പോയി. മനസ്സിനും ശരീരത്തിനും നവോന്മേഷവും സന്തോഷവും നൽകുന്നതായിരുന്നു ഈ വർഷത്തെ വിനോദയാത്ര. ഊട്ടി, കൊടൈക്കനാൽ, തേക്കടി, വയനാട്, പറമ്പികുളം എന്നിവിടങ്ങളിലേക്കാണ് ആറ് ബാച്ചുകളിലായി വിനോദയാത്ര പോയത്.

**സ്നേഹോത്സവം**

ഈശോയുടെ ഹൃദയത്തിനിണങ്ങിയ അജപാലകരാകാനും അവിടുത്തെ സ്നേഹം അജഗണങ്ങൾക്ക് പകർന്നുകൊടുക്കുവാനുമായി രൂപപ്പെടുത്തിയ സ്നേഹോത്സവത്തിന്റെ ഈ വർഷത്തെ ഒരുക്കങ്ങൾ ആത്മീയ നിറവിൽ 18–ാം തിയ്യതി ദിവ്യകാരുണ്യ ആരാധനയോടെ ആരംഭിച്ചു. ഡിസംബർ 15 മുതൽ 20 വരെ നടത്തപ്പെടുന്ന സ്നേഹോത്സവത്തിനായ് ചിയ്യാരം, മണലൂർ എന്നീ ഇടവകകളാണ് തിരഞ്ഞെടുക്കപ്പെട്ടത്.

**ബേഴ്സ് സ്ഥാപിച്ചവർ**

## Individual Patron Membership

1. ശ്രീ. ടി. വി. പോൾ, തേറാട്ടിൽ ഹൗസ്, അവിണിശ്ശേരി

## Individual Benefactor Membership

1. ശ്രീ. ജോൺസൺ, കാഞ്ഞിരത്തിങ്കൽ ഹൗസ്, അരണാട്ടുകര
2. ശ്രീ. എം. ജെ. സ്റ്റീഫൻ, മേലിട്ട് ഹൗസ്, ഗുരുവായൂർ

3. ശ്രീ. സി. ഡി. യാക്കോബ്, ചിറ്റാട്ടുകര ഹൗസ്, മുണ്ടൂർ
4. ശ്രീ. ടി. ജെ. ജോണി & ശ്രീമതി ആനി ജോണി, തരകൻ ഹൗസ്, പാവറട്ടി
5. ശ്രീ. ഡെൽജോ ജോൺ, മുട്ടത്ത് ഹൗസ്, അയ്യന്തോൾ
6. ശ്രീ. ജോണി കെ. വി., ചിറയത്ത് കാട്ടുമാത്ത് ഹൗസ്, പുതുക്കാട്
7. ശ്രീ. പി. ടി. പോൾ, പാണഞ്ചേരി ഹൗസ്, വടൂക്കര

## Individual Wellwisher Membership

1. ശ്രീ. അലക്സ് സി. ജോസ്, ചിറ്റിലപ്പിള്ളി ഹൗസ്, കൊട്ടേക്കാട്
2. ശ്രീ. സി. കെ. തോമസ്, ചൊവ്വല്ലൂർ ഹൗസ്, ബ്രഹ്മകുളം
3. ശ്രീ. ഒ. ജെ. നെൽസൺ, ഒലക്കേങ്കിൽ ഹൗസ്, പാവറട്ടി
4. ശ്രീ. സി. വി. കൊച്ചന്തു, ചിറ്റിലപ്പിള്ളി കുന്നത്ത് ഹൗസ്, പറപ്പൂർ

**ഫാ. ബാബു പാണാട്ടുപറമ്പിൽ**
റെക്ടർ

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

**റീജൻസി ബ്രദേഴ്സിനു സ്വാഗതം**

മൈനർ സെമിനാരിയിൽ 6 മാസക്കാലം റീജൻസിയ്ക്കായി വന്നിരിക്കുന്ന ബഹു. ബ്രദർ റൊണാൾഡ് പുലിക്കോടനും ബഹു. ബ്രദർ ഗ്ലാഡ്റിൻ വട്ടക്കുഴിക്കും സെമിനാരി കുടുംബം ഊഷ്മളമായ സ്വാഗതം നൽകി.

**കുടുംബദിനവും ആർച്ച്ബിഷപ്സ് ദിനവും**

സെന്റ് മേരീസ് മൈനർ സെമിനാരി കുടുംബത്തിന്റെ കുടുംബദിനവും ആർച്ച്ബിഷപ്സ് ദിനവും നവംബർ 2-ന് സമുചിതമായി ആഘോഷിച്ചു. കുടുംബദിനത്തിന് ഒരുക്കമായി സംഘടിപ്പിച്ച ആർട്സ് ഡേയിലും സ്പോർട്സ് ഡേയിലും സഹോദരൻമാർ ആവേശപൂർവ്വം പങ്കെടുത്തു. കുടുംബദിനത്തിന്റെ ആഘോഷങ്ങൾ അഭിവന്ദ്യ ആൻഡ്രൂസ് പിതാവിനോടൊത്ത് നന്ദിയുടെ ബലിയർപ്പിച്ചുകൊണ്ടാണ് ആരംഭിച്ചത്. അന്നേദിവസം വൈകീട്ട് 6-ന് കുടുംബാംഗങ്ങളും അദ്ധ്യാപകരും ഉപകാരികളും സുഹൃത്തുക്കളും അയൽപക്കസ്ഥാപനങ്ങളിലെ അംഗങ്ങളും ഒത്തുചേർന്ന പൊതുസമ്മേളനം അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. സെമിനാരി വിദ്യാർത്ഥികൾ തയ്യാറാക്കിയ കയ്യെഴുത്ത് പ്രസിദ്ധീകരണമായ 'ദീപം 2013' പ്രകാശിപ്പിച്ചു. വൈദികവിദ്യാർത്ഥികൾ അവതരിപ്പിച്ച കലാപരിപാടികൾ കുടുംബദിനാഘോഷങ്ങളുടെ മാറ്റുകൂട്ടി.

**ആരാധനദിനം**

കാരുണ്യവാനായ ദൈവം സെമിനാരി കുടുംബത്തിൽ ചൊരിയുന്ന അനുഗ്രഹങ്ങൾക്ക് നന്ദി പറയുവാനും അവിടുത്തെ ആരാധിക്കാനുമായി നവംബർ 24 സെമിനാരിയിൽ ആരാധനദിനമായി ആചരിച്ചു. രാവിലെ വി. ബലിക്കുശേഷം ആരംഭിച്ച ആരാധനയിൽ സെമിനാരി വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും അയൽപക്ക സ്ഥാപനങ്ങളിലെ അംഗങ്ങളും സന്നിഹിതരായിരുന്നു. വൈകീട്ട് പരി. കുർബ്ബാനയുടെ ആശീർവ്വാദത്തോടെ ആരാധന സമാപിച്ചു.

**അർദ്ധവാർഷിക പരീക്ഷകളും ക്രിസ്തുമസ്സ് അവധിയും**

സെമിനാരിയിലെ അർദ്ധവാർഷിക പരീക്ഷകൾ ഡിസംബർ ആദ്യവാരത്തിൽ ആരംഭിക്കുന്നു. ഡിസംബർ 22-നാണ് ക്രിസ്തുമസ്സ് അവധിയ്ക്കായി സെമിനാരി അടയ്ക്കുന്നത്.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. കുരിയാക്കു വറീത്, മണ്ടുംപാൽ ഹൗസ്, ആർത്താറ്റ്
2. ശ്രീ. വി. ഐ. ആന്റണി, വാഴപ്പറമ്പിൽ ഹൗസ്, പെരുവാംകുളങ്ങര
3. ശ്രീ. ടി. പി. ഫ്രാൻസിസ്, തട്ടിൽ മണ്ടി ഹൗസ്, സെന്റ് ആൻസ്, വെസ്റ്റ്ഫോർട്ട്

വൈദികപരിശീലനത്തിനായി പ്രാർത്ഥിച്ചും സാമ്പത്തികസഹായം നൽകിയും അതിരൂപതയോട് സഹകരിക്കുന്ന ഞങ്ങളുടെ സ്നേഹമുള്ള ഉപകാരികൾക്ക് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു. നിത്യപുരോഹിതനായ ഈശോ നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും സമൂഹങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. റോയ് മൂക്കൻ,**
റെക്ടർ

Ph : 2333245

## INSTITUTE OF THEOLOGY

- **B. A. in Theology & Religious Studies (Affilliated to Catholic University, Leuven (Katholieke Universitelt, Leuven, Belgium)**

അത്മായർക്കും സന്യസ്തർക്കും ദൈവശാസ്ത്രം പഠിക്കുന്നതിനും, വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സഭാചരിത്രത്തെയും സംബന്ധിച്ച് കൂടുതൽ അറിവ് നേടുന്നതിനും തൃശൂർ അതിരൂപതയിൽ സ്ഥാപിതമായ പരിശീലനകേന്ദ്രമാണ് ദൈവശാസ്ത്രവിദ്യാപീഠം (Institute of

Theology, Catholic Archbiship's House, Trichur). ഈ വിദ്യാപീഠത്തിൽ നിന്നും മൂന്ന് വർഷത്തെ B.A. in Theology and Religious Studies-ന്റെ ഒരു പുതിയ ബാച്ച് 2014 ജനുവരി 5-ന് ആരംഭിക്കുന്നതായിരിക്കും. എല്ലാ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 2 മണി മുതൽ 5 മണി വരെ ആയിരിക്കും ക്ലാസ്സുകൾ. വിദ്യാഭ്യാസയോഗ്യതയും വിശ്വാസബോധ്യങ്ങളിൽ ആഴപ്പെടാൻ ആഗ്രഹിക്കുകയും ചെയ്യുന്ന എല്ലാ അത്മായർക്കും സന്യസ്തർക്കും സ്വാഗതം. റിട്ടയേർഡ് ഉദ്യോഗസ്ഥർക്കും, സ്ക്കൂൾ അദ്ധ്യാപകർക്കും, മതബോധന അദ്ധ്യാപകർക്കും ഈ കോഴ്സുകളിലേക്ക് സ്വാഗതം. ചേരാൻ ആഗ്രഹിക്കുന്നവർ ഡിസംബർ 10-ന് മുമ്പായി ഡി.ബി.സി.എൽ.സി.യിലെ തിയോളജി ഓഫീസിൽനിന്നും വിശദവിവരങ്ങൾ അറിഞ്ഞ് പേര് രജിസ്റ്റർ ചെയ്യുക.

- **Basic Theology Course**

സന്യാസാർത്ഥിനികൾക്കുള്ള മൂന്ന് മാസത്തെ ബെയ്സിക് തിയോളജി കോഴ്സ് (BTC) 2014 ജനുവരി 8-ന് (ബുധൻ) ആരംഭിക്കുന്നതാണ്. ക്ലാസ്സ് സമയം രാവിലെ 9 മണി മുതൽ 12 മണി വരെ. ചേരാൻ ആഗ്രഹിക്കുന്നവർ ഡി.ബി.സി.എൽ.സി.യിലെ തിയോളജി ഓഫീസിൽ നിന്നും വിശദവിവരങ്ങൾ അറിഞ്ഞ് പേര് രജിസ്റ്റർ ചെയ്യുക.

- **Six Months Theology Course Correspondence ന്റെയും Theology Course ന്റെയും**

കോഴ്സ് പൂർത്തിയാക്കിയതിന്റെ സർട്ടിഫിക്കറ്റുകൾ 2014 ജനുവരി 26-നാ ഡി,ബി.സി.എൽ.സി.യിൽ വെച്ച് നടക്കുന്ന അവാർഡ് ഡേ പ്രോഗ്രാമിൽ വിതരണം ചെയ്യുന്നതായിരിക്കും.

- **Correspondence Theology Course**

2013 അദ്ധ്യയനവർഷത്തെ കറസ്പോണ്ടൻസ് തിയോളജിയുടെ ക്ലാസ്സുകൾ ഡിസംബർ 8, ഡിസംബർ 29 എന്നീ ഞായറാഴ്ചകളിൽ 2 മണി മുതൽ 5 മണി വരെ ആയിരിക്കും.

**ഫാ. ജിഫി മേയ്ക്കാട്ടുകുളം**
ഡയറക്ടർ

Ph : 2333245, 2320828

# മതബോധനകേന്ദ്രം

http://catechismtrichur.blogspot.com

*ക്രിസ്തുമസ്സിന്റെ മംഗളങ്ങൾ ആശംസിക്കുന്നു*

പുൽക്കൂട്ടിലെ ഉണ്ണിയേശുവിന്റെ സ്നേഹവും സമാധാനവും എല്ലാ മതാദ്ധ്യാപകർക്കും വിശ്വാസപരിശീലനം സ്വീകരിക്കുന്ന എല്ലാ കുഞ്ഞുമക്കൾക്കും ആശംസിക്കുന്നു.

**ഡയറക്ടർമാർ സന്ദർശിച്ച മതബോധനയൂണിറ്റുകൾ** : എളവള്ളി, മരിയാപുരം, പൊങ്ങണംകാട്, അരിമ്പൂർ, വെള്ളാറ്റഞ്ഞൂർ, മറ്റം, പറവട്ടാനി

## 1. Aptitude Examination for Sunday Catechism Teachers

### a) Unit Level : 1st December 2013 Sunday 3.00 pm - 4.00 pm

Aptitude പരീക്ഷയെ സംബന്ധിച്ച വിശദവിവരങ്ങൾ നവംബർ മാസത്തിലെ അതിരൂപത ബുള്ളറ്റിനിൽ നൽകിയിട്ടുണ്ട്. See Trichur Archdiocesan Bulletin November 2013, Pages 83, 84. Please see Annual Programme Page 28 also.

അതിരൂപതയിലെ എല്ലാ മതാദ്ധ്യാപകരും Aptitude Examination എഴുതേണ്ടതാണ്. ഡിസംബർ 1-ാം തിയ്യതി ഞായറാഴ്ച (3 pm - 4 pm) പരീക്ഷ എഴുതാത്ത അദ്ധ്യാപകർക്കും തോറ്റവർക്കും Re-Examination നടത്തുന്നതാണ്. ഹെഡ്മാസ്റ്ററുടെ ചുമതലയിൽ നടത്തുന്ന ഈ പരീക്ഷയ്ക്ക് ബഹുമാനപ്പെട്ട വൈദികർ മേൽനോട്ടം വഹിക്കേണ്ടതാണ്.

Unit Level പരീക്ഷയുടെ Syllabus 'നിത്യജീവൻ' പുസ്തകത്തിലെ ആദ്യത്തെ 10 അദ്ധ്യായങ്ങൾ ആയിരിക്കും. നവംബർ 23 മുതൽ ചോദ്യക്കടലാസ്സ് പാക്കറ്റുകൾ മതബോധനകേന്ദ്രത്തിൽനിന്നും HM വാങ്ങി കൊണ്ടുപോകേണ്ടതാണ്. ഈ പരീക്ഷ എഴുതിയ എല്ലാ അദ്ധ്യാപകരുടേയും ഉത്തരക്കടലാസ്സുകൾ അതാത് യൂണിറ്റിൽ വികാരിയച്ചന്റെ / HM ന്റെ നേതൃത്വത്തിൽ മൂല്യനിർണ്ണയം ചെയ്തതിനുശേഷം എല്ലാ അദ്ധ്യാപകരുടെയും പേരെഴുതിയ മാർക്ക്ലിസ്റ്റ് ഡിസംബർ 18-ന് മതബോധനകേന്ദ്രത്തിൽ എത്തിച്ചുതരേണ്ടതാണ്. മൂല്യനിർണ്ണയത്തിന് Answer key മതബോധനകേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

### b) Archdiocesan Level : 29th Dec. 2013 Sunday 2 pm to 4 pm at D.B.C.L.C.

മതബോധനകേന്ദ്രത്തിൽവെച്ച് നടത്തുന്ന പരീക്ഷക്ക് യൂണിറ്റിൽ

ഫസ്റ്റ് ആയ ഒരദ്ധ്യാപകനെ മാത്രം പറഞ്ഞയയ്ക്കുക. ഹാൾടിക്കറ്റിൽ അദ്ധ്യാപകന്റെ പേര്, ആവശ്യമായ ഒപ്പുകൾ എന്നിവ വേണം. Archdiocesan Level പരീക്ഷയുടെ സിലബസ്സ് വിതരണം ചെയ്ത 'നിത്യജീവൻ' എന്ന പുസ്തകത്തിലെ 13 അദ്ധ്യായങ്ങൾ ആണ്.

## 2. Unit Visit

ഡിസംബർ മാസത്തിൽ തന്നെ യൂണിറ്റ് വിസിറ്റ് നടത്തിക്കഴിഞ്ഞിരിക്കേണ്ടതാണ്. വിസിറ്റ് റിപ്പോർട്ട് എത്രയും വേഗം (നിർബന്ധമായും 2014 ജനുവരി 3-ന് മുമ്പ്) മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഡിസംബർ 22-ന് യൂണിറ്റുകളിൽ ക്രിസ്തുമസ്സ് ആഘോഷത്തിന് സാധ്യത ഉള്ളതിനാൽ ആ ഞായറാഴ്ച യൂണിറ്റ് വിസിറ്റ് സാധ്യമല്ല എന്ന് ഓർമ്മിപ്പിക്കുന്നു.

## 3. Annual Examinations & Centralised Valuation

Catechism Annual Examinations 2014 February യിൽ തന്നെ നടത്തുന്നതാണ്. അതനുസരിച്ച് പാഠങ്ങൾ പഠിപ്പിച്ചു തീർക്കുകയും മറ്റു ഒരുക്കങ്ങൾ ചെയ്തു തീർക്കുകയും ചെയ്യുക. Centralised Valueationന് (Std XII & ACC) ബന്ധപ്പെട്ട എല്ലാ അദ്ധ്യാപകരും നിർബന്ധമായി സംബന്ധിക്കണം. തിയ്യതികൾ പിന്നീട് അറിയിക്കുന്നതാണ്.

## 4. SMCC Award - Std XII Students

Syro-Malabar Catechetical Commission Awardന്റെ Forane Level Selection October-ൽ തന്നെ വളരെ വിജയകരമായി നടത്തി. നടത്തിപ്പിന് സഹായിച്ച ബഹു. അച്ചൻമാർ, ഫൊറോന പ്രമോട്ടർമാർ, ഹെഡ്മാസ്റ്റർമാർ, ആനിമേറ്റർമാർ മുതലായവരുടെ സഹകരണത്തിന് നന്ദി. ഓരോ ഫൊറോനയിൽനിന്നും കുട്ടികളെ തെരഞ്ഞെടുത്തു. അതിരൂപതാതല ആദ്യ സെലക്ഷൻ നവംബർ 9 ന് നടന്നു. അടുത്ത സെലക്ഷൻ ഡിസംബർ അവസാനം നടത്തുന്നതാണ്. ഈ കുട്ടികളിൽനിന്നും 4 പേരെ തെരഞ്ഞെടുത്ത് സഭാതല മത്സരത്തിലേക്ക് പറഞ്ഞയയ്ക്കുന്നു.

## 5. VITA AETERNA Seminar for Std. XII Students on 8 December 2013

പങ്കെടുക്കേണ്ട ഫൊറോനകൾ : എരുമപ്പെട്ടി, പഴുവിൽ, വടക്കാഞ്ചേരി

**6. തൃശൂർ അതിരൂപത മതാദ്ധ്യാപകസംഗമം 2013 നവംബർ 3 ഞായർ**

തൃശൂർ അതിരൂപത മതാദ്ധ്യാപക സംഗമം തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽവെച്ച് നടന്നു. ആഗോളസഭയിൽ വിശ്വാസവർഷ സമാപനത്തിന്റെ ഭാഗമായാണ് അതിരൂപതാതലത്തിൽ അദ്ധ്യാപകസംഗമം സംഘടിപ്പിച്ചത്. രാവിലെ 9 ന് ഉണ്ണിമിശിഹാ പള്ളിയിൽ അതിരൂപത ഡയറക്ടർ ഫാ. ജിഫി മേയ്ക്കാട്ടുകുളം, അസി. ഡയറക്ടർമാരായ ഫാ. ഡെയ്സൺ മുണ്ടോപുറം, ഫാ. ടെഡ്സ് കുന്നപ്പിള്ളി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഫ്ളാഗ് ഉയർത്തിയതോടെ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്ക്കൂളിൽനിന്നും അതിരൂപതയിലെ 4500 അദ്ധ്യാപകർ ഭക്തിയോടുകൂടി ആരംഭിച്ച വിശ്വാസ ജപമാല റാലി ഇൻഡോർ സ്റ്റേഡിയത്തിലെത്തിച്ചേർന്നു. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് വിശ്വാസപരിശീലന പ്രബോധനം നടത്തി. തുടർന്ന് ദിവ്യബലിയായിരുന്നു. ദിവ്യബലിക്കുശേഷം കോനിക്കര ഇടവകയിലെ മതാദ്ധ്യാപകരും വിദ്യാർത്ഥികളും 'നിത്യജീവൻ' എന്ന വിഷയത്തെ ആസ്പദമാക്കി കലാവിരുന്നൊരുക്കിയിരുന്നു. ഭക്ഷണത്തിനുശേഷം രണ്ട് പിതാക്കൻമാരുടെ സാന്നിദ്ധ്യത്തിൽ മെഴുകുതിരി കത്തിച്ചുപിടിച്ച് വിശ്വാസപ്രഖ്യാപനം നടത്തി. തുടർന്ന് പൊതുസമ്മേളനം നടന്നു. പൊതുസമ്മേളനത്തിൽ മതബോധനകേന്ദ്രം ഡയറക്ടർ റവ. ഫാ. ജിഫി മേയ്ക്കാട്ടുകുളം സ്വാഗതം പറഞ്ഞു. അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ യോഗം ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ മതബോധന കേന്ദ്ര മുൻ ഡയറക്ടർമാരേയും (റവ. ഫാ. ലോറൻസ് ഒലക്കേങ്കിൽ, മോൺ ജോസഫ് കാക്കശ്ശേരി, റവ. ഫാ. വർഗ്ഗീസ് ഊക്കൻ, റവ. ഫാ. ആന്റണി ചെമ്പകശ്ശേരി, ശ്രീമതി എം. ആർ. മേരിടീച്ചർ, ഇ. കെ. ഫ്രാൻസിസ് മാസ്റ്റർ, പി. എം. സേവിയർ മാസ്റ്റർ എന്നിവരെ ആദരിച്ചു. റവ. ഫാ. ലോറൻസ് ഒലക്കേങ്കിൽ അദ്ധ്യക്ഷത വഹിച്ചു. മതബോധന കമ്മീഷൻ സെക്രട്ടറി എ. എം. ജെയ്സൺ മതബോധന പി. ടി. എ. പ്രസിഡന്റ് വറീത് തരകൻ, മാസ്റ്റർ ജെയിംസ് കല്ലേലി എന്നിവർ പ്രസംഗിച്ചു. തൃശൂർ അതിരൂപതയിൽ 231 യൂണിറ്റുകളിലായി 87500 മതബോധനവിദ്യാർത്ഥികളും 4960 മതാദ്ധ്യാപകരും ഉണ്ട്.

*Happy Christmas*

**Fr. Daison Mundopuram**
**Fr. Teds Kunnappilly**
Asst. Directors

**Fr. Jiphy Mekkattukulam**
Director

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പസ്റ്റൊലേറ്റ് ഓഫ് ദി ട്രിച്ചൂർ ആർച്ച്ഡയോസിസ്)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

## സോഷ്യൽ ആക്ഷൻ & സോഷ്യൽ വെൽഫെയർ സെന്റർ

**കാർഷികവികസന നയം – കരടുരേഖ അവലോകനം:**

കാർഷികവികസന നയത്തിന്റെ കരടുരേഖയെ സംബന്ധിച്ച് കേരള സോഷ്യൽ സർവ്വീസ് ഫോറം തൃശ്ശൂർ സോഷ്യൽ ആക്ഷനിൽ സംഘടിപ്പിച്ച ശില്പശാല കേരള ഗാന്ധി സ്മാരകനിധി സെക്രട്ടറി ജഗദീശൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന കാർഷിക നയരൂപീകരണ സമിതി അദ്ധ്യക്ഷൻ കെ. കൃഷ്ണൻകുട്ടി മുഖ്യപ്രഭാഷണം നടത്തി. കൃഷി ലാഭകരമാക്കാനുള്ള സാധ്യതകൾ കേരളത്തിൽ ഒട്ടേറെയുണ്ടെങ്കിലും സർക്കാരും സമൂഹവും കർഷകർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾ പരിമിതമാണെന്നും കാർഷികമേഖല ഇന്നും അവഗണനയിലാണെന്നും അദ്ദേഹം പറഞ്ഞു. കാർഷികമേഖലയിലെ വിവിധ പ്രശ്നങ്ങളെ കുറിച്ച് ആഴത്തിൽ പഠിച്ച് തയ്യാറാക്കിയ 38 അദ്ധ്യായങ്ങളും 331 ശുപാർശകളുമടങ്ങുന്നതാണ് കരടുരേഖ. ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. റൊമാൻസ് ആന്റണി അദ്ധ്യക്ഷത വഹിച്ചു. കേരള കാർഷിക സർവ്വകലാശാലയിലെ ഡോ. രജ്ഞൻ എസ്. കരിപ്പായി നയരേഖയെപ്പറ്റിയുള്ള വിമർശനാത്മക പ്രതികരണങ്ങൾ അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ സോഷ്യൽ ആക്ഷൻ ഡയറക്ടർ ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ, ഫാ. മാവുങ്കൽ, ഡോ. ആർ.എം. പ്രസാദ്, ഡോ. ജോസ് കല്ലറയ്ക്കൽ, സജീവൻ കാവുങ്കൽ, സണ്ണി പൈകട, പങ്കജാക്ഷൻ, പി.എ. ജോസ്, ഇ. ജെ. ജോസ് എന്നിവർ പ്രസംഗിച്ചു. കൃഷിവിജ്ഞാന കേന്ദ്രം അസോഷിയേറ്റ് പ്രൊഫസർ ഡോ. മേരി റജീന ക്രോഡീകരണപ്രഭാഷണം നടത്തി.

### ബ്ലസഡ് ഹോംസ് പദ്ധതി

പദ്ധതിയുടെ ഭാഗമായി സാന്ത്വനം നിർമ്മിച്ചുനൽകുന്ന അഞ്ച് ഭവനങ്ങളിലൊന്ന് വടൂക്കര വടേരിയാട്ടിൽ ശിവരാമൻ ഭാര്യ തങ്കത്തിന് സമ്മാനിച്ചു. ലളിതമായ ഗൃഹപ്രവേശന ചടങ്ങിൽ അതിരൂപത വികാരി ജനറലും സാന്ത്വനം ചെയർമാനുമായ ഫാ. ഫ്രാൻസിസ് ആലപ്പാട്ട് കുടുംബാംഗങ്ങളോടൊപ്പം നിലവിളക്ക് തെളിയിച്ചു. സെക്രട്ടറി ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ താക്കോൽദാനം നിർവ്വഹിച്ചു. ട്രഷറർ ഫാ. തോമസ് പൂപ്പാടി, കോർഡിനേറ്റർ സി.ഡി. ആന്റണി, എഞ്ചിനീയർ പി.കെ. ആന്റി എന്നിവർ സന്നിഹിതരായിരുന്നു. അഞ്ചേരി, പുത്തൂർ എന്നിവിടങ്ങളിലായി രണ്ട് ഭവനങ്ങളുടെ നിർമ്മാണമാണ് ഇനിയും പൂർത്തീകരിക്കാനുള്ളത്. ക്രിസ്തുമസ്സിനു മുമ്പായി നിർമ്മാണം പൂർത്തിയാക്കി പ്രസ്തുത ഭവനങ്ങളും കൈമാറാനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു.

## സ്നേഹനിധി

സ്നേഹനിധി അക്കൗണ്ട്സ് സംബന്ധിച്ച ഒരു അവലോകന യോഗം ആർച്ച്ബിഷപ്സ് ഹൗസിൽ ചേർന്നു. കോട്ടാർ രൂപതയിൽനിന്നുള്ള ഓഡിറ്ററും ഗവേർണിംഗ് ബോഡി അംഗങ്ങളും പങ്കെടുത്തു.

അടുക്കളത്തോട്ടം പദ്ധതിയുടെ ഭാഗമായി സ്നേഹനിധി യൂണിറ്റുകളിലേക്ക് ശീത കാല പച്ചക്കറിതൈകൾ വിതരണം ചെയ്തു. സോഷ്യൽ ആക്ഷന്റെ കീഴിലുള്ള ഇരുപത് സ്നേഹനിധി യൂണിറ്റുകളിലേക്കായി നാലായിരം കോളിഫ്ളവർ-കാബേജ് തൈകളാണ് വിതരണം ചെയ്തത്. പരിസ്ഥിതിക്കും മനുഷ്യനും ഹാനിവരാത്തവിധം ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടുകൾ പുനരാലോചനയ്ക്ക് വിധേയമാക്കണ മെന്നും അതിനായി യാഥാർത്ഥ്യ ബോധത്തോടെയുള്ള സമീപനം ഇരുപക്ഷത്തുനിന്നും ഉണ്ടാകേണ്ടതുണ്ടെന്നും വിതരണോദ്ഘാടന വേളയിൽ അതിരൂപത വികാരി ജനറൽ ഫാ. ഫ്രാൻസിസ് ആലപ്പാട്ട് അഭിപ്രായപ്പെട്ടു. ക്രിസ്തുമസ് ആഘോഷങ്ങൾക്കായി മര ങ്ങൾ മുറിച്ച് ക്രിസ്തുമസ് ട്രീകൾ സ്ഥാപിക്കരുതെന്നും പകരം നിലവിലുള്ള മര ങ്ങൾ അലങ്കരിച്ച് ക്രിസ്തുമസ് പരിസ്ഥിതി സൗഹൃദമാക്കണമെന്നും അദ്ദേഹം അംഗ ങ്ങളോട് ആവശ്യപ്പെട്ടു. സോഷ്യൽ ആക്ഷൻ ഡയറക്ടർ ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ അദ്ധ്യക്ഷത വഹിച്ചു. അസോ. ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, പദ്ധതി കോർഡി നേറ്റർമാരായ സി.പി. ജോർജ്ജ്, ബീന വർഗ്ഗീസ് എന്നിവർ സംസാരിച്ചു.

ജൂബിലി ഹൃദയാലയിൽ സ്നേഹനിധി അംഗങ്ങൾക്കായി സൗജന്യ ഹൃദ്രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു.

തയ്യൂർ, അത്താണി, എരനെല്ലൂർ എന്നീ യൂണിറ്റുകളിൽ ജനറൽ ബോഡി യോഗങ്ങൾ ചേർന്നു.

അടുക്കളത്തോട്ട മത്സരത്തിന് പേര് രജിസ്റ്റർ ചെയ്ത യൂണിറ്റുകളിൽ വിദഗ്ദ സമിതി വിലയിരുത്തൽ സന്ദർശനം നടത്തി.

## ജെസ്പ് പദ്ധതി

പദ്ധതിയുടെ പുതിയ കോർഡിനേറ്ററായി ഗ്രേയിൻ ജെ. കടമ്പാട്ടിനെ നിയമിച്ചു.

ജെസ്പ് വിദ്യാർത്ഥികൾക്കായി എറണാകുളത്തേക്ക് ഏകദിന വിനോദ-വിജ്ഞാന യാത്ര സംഘടിപ്പിച്ചു. ടീച്ചേഴ്സും പങ്കെടുത്തു.

ജെസ്പ് ആനിമേറ്റേഴ്സിനായി പേപ്പൽ ടവ്വറിൽ ഏകദിന പരിശീലന പരിപാടി നട ത്തി. ഡയറക്ടർ ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ അദ്ധ്യക്ഷത വഹിച്ചു. വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി യൂണിറ്റ് അടിസ്ഥാനത്തിൽ പാലുവായ്, ആളൂർ എന്നീ യൂണിറ്റുകളിൽ ക്ഷയരോഗ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

## സമന്വയ പദ്ധതി

പദ്ധതിയുടെ പുതിയ കോർഡിനേറ്ററായി സോണിയ സാമിനെ നിയമിച്ചു.

കാരിത്താസ് ഇന്ത്യ 'സമന്വയ' പദ്ധതിയുടെ ഭാഗമായുള്ള സുസ്ഥിര കാർഷിക വിക സന പരിപാടിയോടനുബന്ധിച്ച് ശീതകാല പച്ചക്കറി തൈകൾ വിതരണം ചെയ്തു.

### അക്ഷയ പദ്ധതി

കാത്തലിക് അസ്സോസിയേഷൻ ഓഫ് ഇന്ത്യ (CHAI) കേരളത്തിൽ നടത്തിവരുന്ന പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി (RNTCP) 'അക്ഷയ' പദ്ധതിയുടെ ഭാഗമായുള്ള കമ്മ്യൂണിറ്റി മീറ്റിംഗുകൾ ഒല്ലൂർ, അടുപ്പുട്ടി, വലക്കാവ്, കുരിയച്ചിറ, വെട്ടുക്കാട് മേഖലകളിലും സർവ്വേ പ്രവർത്തനങ്ങൾ പാണഞ്ചേരി, പുത്തൂർ പഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിലും സംഘടിപ്പിച്ചു. ക്ഷയരോഗ ലക്ഷണങ്ങൾ പ്രകടമായ രോഗികളെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി.

### സേവ് എ ഫാമിലി പ്ലാൻ

### സ്പെഡ് - III

പദ്ധതിയുടെ ഭാഗമായി ആരംഭിച്ച 'സാന്ത്വനം' ടൈലറിംഗ് യൂണിറ്റ് അംഗങ്ങൾ സ്വന്തമായ അദ്ധ്വാനത്തിലൂടെ നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം വാർഡ് മെംബർ ശ്രീ. വിശ്വനാഥൻ എല്ലിശ്ശേരി നിർവ്വഹിച്ചു. സി.ഡി.എസ്. ചെയർപേഴ്സൺ ശ്രീമതി പത്മജ മണികണ്ഠൻ അദ്ധ്യക്ഷത വഹിച്ചു.

ചേലക്കര, മുള്ളൂർക്കര പഞ്ചായത്തുകളിലായി പദ്ധതിയുടെ മൂന്നാം വർഷത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി ടീമംഗങ്ങൾ 20 വില്ലേജുകളിലെയും അടിസ്ഥാന വിവര സമാഹരണം നടത്തുകയും കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

### ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം (FDP)

'സ്കോളർഷിപ്പ്' എന്ന വിഷയത്തിൽ സെൻട്രൽ മീറ്റിംഗുകളിൽ ആനിമേറ്റേഴ്സ് ചർച്ച നടത്തി.

പദ്ധതിയിലേക്കുള്ള പുതിയ കുടുംബങ്ങളെ തെരഞ്ഞെടുക്കലിന്റെ ഭാഗമായി അരിമ്പൂർ, മനക്കൊടി എന്നീ ഇടവകകളിൽ ഡയറക്ടർ, കോർഡിനേറ്റർ, ആനിമേറ്റർ എന്നിവർ ഭവനങ്ങൾ സന്ദർശിക്കുകയും അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

ഒക്ടോബർ മാസത്തിൽ FDP മുഖേന സഹായം ലഭിച്ച വ്യക്തികളുടെ ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

| ഇടവക | സംഖ്യ | ഇടവക | സംഖ്യ |
|---|---|---|---|
| പുല്ലംകണ്ടം | 8,500 | വിയ്യൂർ | 8,000 |
| ആമ്പക്കാട് | 36,500 | നെല്ലങ്കര | 6,000 |

**ഡോ. ഫ്രാൻസിസ് ആലപ്പാട്ട്**
ചെയർമാൻ, സാന്ത്വനം

**ഫാ.പ്രിൻസ് പൂവ്വത്തിങ്കൽ**
ഡയറക്ടർ, സോഷ്യൽ ആക്ഷൻ & സോഷ്യൽ സെന്റർ ഹൗസിംഗ് സെക്രട്ടറി, സാന്ത്വനം & സോഷ്യൽ വെൽഫെയർ സെന്റർ

**ഫാ. തോമസ് പൂപ്പാടി**
അസോ. ഡയറക്ടർ, സോഷ്യൽ ആക്ഷൻ, & ട്രഷറർ, സാന്ത്വനം & ഡയറക്ടർ, സേവ് എ ഫാമിലി പ്ലാൻ

## NEST *The Village of Comfort*
**Tel : 2321854; 9446996148**

- ഒക്ടോബർ മാസത്തിലെ ജപമാലസമാപനം തിരിപ്രദക്ഷിണത്തോടെ നടത്തിയതിൽ നെസ്റ്റിലെ മക്കൾ ഭക്തിനിർഭരമായി പങ്കെടുത്തു.
- നെസ്റ്റിലെ ആറുമാസക്കാലത്തെ നിസ്വാർത്ഥസേവനത്തിനുശേഷം റീജന്റ് ബ്രദർ ജോമോൻ പൊന്തേക്കൻ പോകുമ്പോൾ ഊഷ്മളമായ യാത്രയയപ്പ് നൽകി, നന്ദി രേഖപ്പെടുത്തി.
- റീജന്റ് ബ്രദർ ഷെൽഡൺ ചിറ്റിലപ്പിള്ളി നെസ്റ്റിൽ സേവനത്തിനായി വന്നു. ഹൃദയംഗമമായ സ്വാഗതം നൽകി.
- ഇരിങ്ങാലക്കുട രൂപതയിലെ ബ്രദർ നവീൻ കുഴിയാനി ഓർഗൺ വായിക്കുന്നതിനും പാടാനും സഹായത്തിനെത്തിയത് വളരെ സന്തോഷമായി.
- തൃശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ പിതാവ് നെസ്റ്റിൽ വന്ന് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.
- തൃശൂർ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നെസ്റ്റ് സന്ദർശിച്ചു.
- നവംബർ മാസത്തിലെ തീവ്രപരിശീലന ചികിത്സാ ക്യാമ്പും ഫോളോ അപ്പും നടത്തി. അനേകം പേർ പങ്കെടുത്തു.

**ഫാ. ജോജു പനയ്ക്കൽ**
ഡയറക്ടർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**നവംബർ – 2013**

### അന്തർദ്ദേശീയ സെമിനാർ ഇൻഡുസെം സമാപിച്ചു

കേരള ആരോഗ്യ സർവ്വകലാശാലയുടെ നേതൃത്വത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്നീ മൂന്നു മെഡിക്കൽ കോളേജുകളുടെയും സഹകരണത്തോടെ ഇൻഡുസെം അന്തർദ്ദേശീയ സെമിനാർ ഒക്ടോബർ 25 മുതൽ 27 വരെ നടന്നു.

എമർജൻസി ചികിത്സ സംബന്ധിച്ച് വിദേശരാജ്യങ്ങളിലെ പുതിയ ആശയങ്ങൾ പരസ്പരം കൈമാറുകയും കൈകോർക്കുകയും ചെയ്താൽ

സംസ്ഥാനത്തിന് എമർജൻസി ചികിത്സയിൽ കൂടുതൽ മെച്ചപ്പെടാൻ കഴിയുമെന്ന് സംസ്ഥാന ചീഫ് സെക്രട്ടറി ഇ. കെ. ഭരത് ഭൂഷൺ പറഞ്ഞു. ഇന്ത്യ-യു.എസ് എമർജൻസി മെഡിസിൻ വിഭാഗങ്ങളുടെ സംയുക്തസമ്മേളനം ഇൻഡുസെം ലുലു കൺവെൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആരോഗ്യ സർവ്വകാലശാല വൈസ് ചാൻസലർ ഡോ. കെ. മോഹൻദാസ് അദ്ധ്യക്ഷത വഹിച്ചു. ഇന്ത്യ-യു.എസ് സയന്റിഫിക്ക് ചെയർമാൻ ഡോ. സാഗർ ഗാൽവാങ്കർ, മേയർ ഐ. പി. പോൾ. പി. സി. ചാക്കോ എം. പി, തേറമ്പിൽ രാമകൃഷ്ണൻ എം. എൽ. എ, മാർ റാഫേൽ തട്ടിൽ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റാഫേൽ വടക്കൻ, അമല മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. വാൾട്ടർ തേലപ്പിള്ളി, മോൺ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട്, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. സി. സുധീന്ദ്രഘോഷ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടി, അമല പ്രിൻസിപ്പൽ ഡോ. ചന്ദ്രൻ, ഇൻഡുസെം കോർഡിനേറ്റർ ഫാ. സുനിൽ ചിരിയങ്കണ്ടത്ത്, ചെയർമാൻ ഡോ. പി. സി. ഗിൽവാസ്, ഡോ. ബാബു ഉറുമീസ് പാലാട്ടി, ഡോ. ജയരാജ്, എം. ബാലകൃഷ്ണൻ, ഡോ. സി. രവീന്ദ്രൻ എന്നിവർ പ്രസംഗിച്ചു. 27.10.2013 ഞായറാഴ്ച രണ്ടുമണിക്ക് നടന്ന ചർച്ചാവേദി ട്രാൻസ്പോർട്ട് കമ്മീഷണർ ഋഷിരാജ്സിങ്ങ് ഉദ്ഘാടനം ചെയ്തു.

## പുഞ്ചിരപ്പാൽ ചുണ്ടിൽ നിറച്ച് ജൂബിലിയുടെ പഞ്ചാരച്ചിരിവണ്ടി

ചുണ്ടുളുക്കി കരഞ്ഞും ചെഞ്ചുണ്ടുവളച്ച് പുഞ്ചിരിപ്പാൽ വിതറിയും ഒരു പറ്റം കുഞ്ഞുമാലാഖമാർ. ആ ചുണ്ടിൽ ദൈവം പണ്ടൊളിപ്പിച്ച ഒരു കുഞ്ഞുവികൃതി ഇന്നു മുറിപ്പാടില്ലാതെ മോണകാട്ടി ചിരിക്കുകയാണ്. ആ കരച്ചിലും ചിരിയും ഒരു ട്രെയിൽ യാത്രക്കിടെ തൃശ്ശൂരിലുമെത്തി. ജൂബിലി മിഷൻ മെഡിക്കൽ കോളജേ ആശുപത്രിയിൽ കഴിഞ്ഞ 13 വർഷത്തിനിടെ മുറിച്ചുണ്ടിനും മുറിഅണ്ണാക്കിനുമുള്ള സൗജന്യ ശസ്ത്രക്രിയ പൂർത്തിയാക്കിയ 500 കുട്ടികളുടേയും അവരുടെ മാതാപിതാക്കളുടേയും സംഗമമാണു (ഒക്ടോബർ 27) ഹൃദ്യമായ അനുഭവമായത്. മുറിച്ചുണ്ടും മുറിഅണ്ണാക്കുമുള്ള കുഞ്ഞുങ്ങളെ സഹായിക്കാൻ 1999ൽ ന്യൂയോർക്കിൽ അന്താരാഷ്ട്ര തലത്തിൽ പുഞ്ചിരി തീവണ്ടി (സ്മൈയിൽ ട്രെയിൻ) എന്ന പേരിൽ രൂപം കൊണ്ട ജീവകാരുണ്യപ്രസ്ഥാനവും ജൂബിലിയും സംയുക്തമായാണ് സംഗമമൊരുക്കിയത്. സ്റ്റേഷനിൽ നീണ്ടുനിവർന്നു കിടക്കുന്ന ഒരു ട്രെയിന്റെ ബോഗിയുടെ മാതൃകയിൽ തന്നെയാണ് ജൂബിലി സെന്റ് തോമസ് ബ്ലോക്കിൽ കുഞ്ഞുങ്ങളും രക്ഷിതാക്കളും സംഗമിച്ചത്. തൃശ്ശൂരിന്റെ മദർതെ

രേസ എന്നറിയപ്പെടുന്ന ഡോ. ഹിർജി സോരബ് ഏഡൻവാലയുടെ നേതൃത്വത്തിൽ 2000 നവംബർ മുതൽ ചാൾസ് പിന്റോ സെന്ററും ജൂബിലി മിഷൻ ആശുപത്രിയും ഈ പ്രസ്ഥാനത്തിൽ പങ്കാളികളായി. കഴിഞ്ഞ 13 വർഷത്തിനിടെ ജൂബിലിയിൽ മാത്രം 8500 ശസ്ത്രക്രിയകളാണു വിജയകരമായി പൂർത്തിയാക്കിയത്. കഴിഞ്ഞ 54 വർഷങ്ങളിൽ 17000 പിഞ്ചുകുഞ്ഞുങ്ങൾക്കു പാൽപ്പുഞ്ചിരി തിരിച്ചുനൽകിയ ഡോ. ഏഡൻവാലയെ, സ്മൈൽ ട്രെയിൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂസന്ന ഷാഫെർ പൊന്നാട ചാർത്തി ആദരിച്ചു.  സ്മൈൽ ട്രെയിൻ അന്തർദ്ദേശീയ പ്രോഗ്രാം ഓഫീസർ സതീഷ് കാർള, മേയർ ശ്രീ. ഐ. പി. പോൾ, അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ, ജൂബിലി മിഷൻ ട്രസ്റ്റ് പ്രസിഡന്റ് മോൺ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട്, ഡയറക്ടർ ഫാ. റാഫേൽ വടക്കൻ, ഡോ. പി. വി. നാരായണൻ, ഡോ. വർഗ്ഗീസ് പോൾ,ഡോ. സരോജം എന്നിവർ സംഗമത്തിൽ പങ്കെടുത്തു. ശസ്ത്രക്രിയയിലൂടെ പുഞ്ചിരി വീണ്ടെടുത്ത് സംസാര വൈകല്യങ്ങളെ അതിജീവിച്ച കുട്ടികളുടെ വിവിധ കലാപരിപാടികൾ സംഗമത്തിന് മാറ്റുകൂട്ടി.

**ലോകപ്രമേഹദിനാചരണം**

ലോകപ്രമേഹദിനത്തോടനുബന്ധിച്ച് നവംബർ 13ന് ജൂബിലി മിഷൻ ആശുപത്രിയിലെ എൻഡൊക്രൈനോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സൗജന്യ പ്രമേഹരോഗ നിർണ്ണയവും, പ്രമേഹരോഗത്തിനെക്കുറിച്ചുള്ള അവബോധക്ലാസ്സും നടന്നു.  ഡോ. സുനിൽ കെ. മേനോൻ ക്ലാസ്സിന് നേതൃത്വം നൽകി.

**അഭിനന്ദനങ്ങൾ.... ആശംസകൾ.....**

ആരോഗ്യസർവ്വകലാശാലയുടെ ഡിസോൺ ഖോ-ഖോ മത്സരത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് രണ്ടാംസ്ഥാനവും, ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് മൂന്നാംസ്ഥാനവും നേടി.

ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ഏറ്റവും നല്ല പ്രബന്ധത്തിനുള്ള അവാർഡ് നേടിയ  പ്രൊഫസർ ഡോ. പി. ബാബുരാജിന് (ഡിപ്പാർട്ട്മെന്റ് ഓഫ് മെഡിസിൻ) ജൂബിലി കുടുംബത്തിന്റെ മംഗളങ്ങൾ.

**ശിശുദിനാഘോഷം ഹൃദ്യമായി**

കുട്ടികളുടെ ചാച്ചാജിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സംഘടിപ്പിക്കപ്പെട്ട ശിശുദിനാഘോഷം ഏറെ ഹൃദ്യമായി. രോഗികകളായ കുട്ടികൾക്ക് സമ്മാനങ്ങളും, മധുരപലഹാരങ്ങളും

വിതരണം ചെയ്തു. ആശുപത്രി അധികൃതരും, ഡോക്ടർമാരും, നേഴ്സുമാരും, ആശുപത്രി ജീവനക്കാരും, നേഴ്സിങ്ങ് വിദ്യാർത്ഥികളുടെയും നേതൃത്വത്തിലാണ് ശിശുദിനാഘോഷം ഒരുക്കിയിരുന്നത്. വ്യത്യസ്തമായ മത്സരങ്ങളും, കലാപരിപാടികളും ഉണ്ടായിരുന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാദർ റാഫേൽ വടക്കൻ, കുട്ടികളുടെ വിഭാഗം മേധാവി ഡോ. ജോണി വിൻസെന്റ്, ഡോ. സണ്ണി ജോർജ്ജ് എന്നിവർ ആശംസകൾ നേർന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റാഫേൽ വടക്കൻ, അസിസ്റ്റന്റ് ഡയറക്ടർ ഫാദർ സെബി കാഞ്ഞിരത്തിങ്കൽ എന്നിവർ സമ്മാനദാനം നിർവ്വഹിച്ചു. വാർഡ് ഇൻചാർജ്ജ് സി. ക്ലാരിസ് എഫ്. സി. സി. സ്വാഗതവും, സ്റ്റാഫ് നേഴ്സ് സിജി ജോസഫ് നന്ദിയും പറഞ്ഞു.

### ആദരാഞ്ജലികൾ

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് കേഷ്വാലിറ്റിയിലെ സി. എം. ഒ ആയിരുന്ന ഡോ. ആന്റോ പറനിലത്തിന്റെ നിര്യാണത്തിൽ (04.11.2013) ജൂബിലി കുടുംബങ്ങൾ ആദരാഞ്ജലികൾ അർപ്പിച്ചു.

### സൗജന്യ ഡയാലിസിസ് മെഷീൻ

ജൂബിലി മിഷൻ ആശുപത്രിക്ക് ഒരു സൗജന്യ ഡയാലിസിസ് മെഷീൻ സംഭാവന നൽകിയ വെണ്ടോർ മഞ്ഞളി കുടുംബത്തിന് (ശ്രീ എം. പി. ജോണിന്റെ ഓർമ്മക്ക്) ജൂബിലി കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

### ഡയാലിസിസ് സ്പോൺസേഴ്സ്

- ശ്രീ. ഷാജി ജോസ്, അമ്പൂക്കൻ ഹൗസ്, കുഴിക്കാട്ടുശ്ശേരി (40 ഡയാലിസിസ്)
- മില്ലേനിയം ഗ്രൂപ്പ് ഓഫ് കമ്പനീസ് (30 ഡയാലിസിസ്)
- ഫാ. ആന്റണി ചെമ്പകശ്ശേരി, എം. ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ (26 ഡയാലിസിസ്)
- ശ്രീ. പീറ്റർ ഒ, നെല്ലിക്കുന്ന്, തൃശ്ശൂർ (20 ഡയാലിസിസ്)
- സെന്റ് തോമസ് ചർച്ച്, സെന്റ് തോമസ് നഗർ, പടവരാട്, തൃശ്ശൂർ (61 ഡയാലിസിസ്)
- സെന്റ് മേരീസ് ചർച്ച്, പെരിങ്ങോട്ടുകര, വടക്കുമുറി, തൃശ്ശൂർ (107 ഡയാലിസിസ്)
- കെ. സി. വൈ. എം. മൗണ്ട് കാർമ്മൽ ചർച്ച്, ചെങ്ങാലൂർ, തൃശ്ശൂർ (50 ഡയാലിസിസ്)

- ശ്രീമതി രെന കൃഷ്ണകുമാർ, വൈഷ്ണവം, പുല്ലഴി പി. ഒ., തൃശ്ശൂർ (20 ഡയാലിസിസ്)
- ശ്രീ. സിന്റോ & പ്രിയ, അരിക്കാട്ട് ഹൗസ്, പാണഞ്ചേരി, പട്ടിക്കാട് പി. ഒ., തൃശ്ശൂർ ( 80 ഡയാലിസിസ്)
- ശ്രീ. ലിജോ ജോസ്, കുരുതുകുളം ഹൗസ്, പൂവ്വത്തൂർ പി. ഒ., തൃശ്ശൂർ ( 20 ഡയാലിസിസ്)
- ശ്രീമതി രെജനി ലൂക്കോസ്, മിഷൻ ക്വാർട്ടേഴ്സ്, തൃശ്ശൂർ (20 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- റേഡിയോളജി ഡിപ്പാർട്ട്മെന്റ്, JMMC, തൃശ്ശൂർ
- റൗണ്ട് ടേബിൾ ഇന്ത്യ, ടി. ആർ. ടി - 8
- ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ

**കൺമണിക്കൊരു കരുതൽ**

- ശ്രീ. പീറ്റർ ഒ, നെല്ലിക്കുന്ന്, തൃശ്ശൂർ

**ഫാദർ റാഫേൽ വടക്കൻ**
ഡയറക്ടർ

TRICHUR ARCHDIOCESAN
Bulletin

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

Ph: 0487 - 3242209, 2320040

## കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

- **സബ്സോൺ മിനിസ്ട്രി കോർ ടീം ഏകദിനം**

തൃശൂർ അതിരൂപതയിലെ 16 സബ്സോണുകളിലെയും മിനിസ്ട്രി കോർ ടീം 2013 ഒക്ടോബർ 5-ാം തിയ്യതി ശനിയാഴ്ച ആബയിൽ ചേർന്നു. മിനിസ്ട്രികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും, തുടർ പ്രവർത്തനം ഫലവത്താകുന്നതിനെ സംബന്ധിച്ചും ഡയറക്ടർ ഫാ.ഷാജൻ തേർമഠം വ്യക്തമായ നിർദ്ദേശങ്ങൾ നൽകി. ജപമാലയും, വി. ബലിയും, ആരാധനയും ഉണ്ടായിരുന്നു. സർവ്വീസ് ടീം അംഗങ്ങൾ നേതൃത്വം നൽകി. രാവിലെ 9.30ന് ആരംഭിച്ച് ഉച്ചതിരിഞ്ഞ് 3.30ന് പര്യവസാനിച്ചു.

- **ക്രിസ്റ്റീൻ കൂട്ടായ്മ**

തൃശൂർ അതിരൂപതയിലെ ക്രിസ്റ്റീൻ മക്കൾ 2013 ഒക്ടോബർ മാസം 12-ാം തിയ്യതി ശനിയാഴ്ച ആബയിൽ ഒത്തുചേർന്നു. നമ്മുടെ മക്കൾ ഒത്തുചേർന്ന് ആടിയും പാടിയും ദൈവത്തെ സ്തുതിക്കുന്ന കാഴ്ച മനോഹരമായിരുന്നു. തിന്മ നിറഞ്ഞ ഈ ലോകത്തിൽ യേശുവിന്റെ മക്കൾ എങ്ങിനെയുള്ളവരാകണമെന്ന് ഫാ. ജോയ് കൂത്തൂർ വളരെ ലാളിത്യത്തോടെ പഠിപ്പിച്ചു. 9.30ന് ആരംഭിച്ചു. വി. ബലിയും, ആരാധനയും ഉണ്ടായിരുന്നു. ഉച്ചതിരിഞ്ഞ് 3 മണിക്ക് അവസാനിച്ചു.

- **ജാഗരണപ്രാർത്ഥന**

തൃശൂർ ബസിലിക്കാ പള്ളിയിൽ 2013 ഒക്ടോബർ മാസം 18-ാം തിയ്യതി വെള്ളിയാഴ്ച അതിരൂപത നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ ജാഗരണപ്രാർത്ഥന നടന്നു. വൈകീട്ട് 7.30ന് വി. ബലിയോടെ ആരംഭിച്ചു. ഫാ. ഫ്രാൻസിസ് തലക്കോട്ടൂരും അസ്സീസ്സി പ്രാർത്ഥനാഗ്രൂപ്പും ചേർന്നു ജാഗരണ പ്രാർത്ഥന നയിച്ചു. രാത്രി 11 മണിക്ക് അവസാനിച്ചു.

- **ചേലക്കര സബ്സോൺ കൺവെൻഷൻ**

തൃശൂർ അതിരൂപതയിലെ ചേലക്കര സബ്സോണിലുള്ള (ഫൊറോന) എല്ലാ പള്ളികളിലേയും പ്രാർത്ഥനാകൂട്ടായ്മകളിലെ കോർ ടീം അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കൺവെൻഷൻ 2013 ഒക്ടോബർ 19-ാം

തിയ്യതി ശനിയാഴ്ച ചേലക്കര ഫൊറോന പള്ളിയിൽ അതിരൂപത സേവനസമിതിയുടെ നേതൃത്വത്തിൽ നടന്നു. ഡയറക്ടർ ഫാ. ഷാജൻ തേർമഠം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ബ്രദർ വി. വി. ജോസ്, വി. സി. ജോൺസൺ എന്നിവർ ക്ലാസ്സ് എടുത്തു. ആരാധന ആനിമേറ്റർ ജോസച്ചൻ നയിച്ചു. സ്വാഗതം ബ്രദർ സിംസൺ തെക്കേക്കരയും നന്ദി സാലിയും നിർവ്വഹിച്ചു. 3 മണിക്ക് സമാപിച്ചു.

- **മദ്ധ്യസ്ഥ പ്രാർത്ഥനാകൂട്ടായ്മ**

ആബാ കേന്ദ്രത്തിൽ 2013 ഒക്ടോബർ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും മദ്ധ്യസ്ഥപ്രാർത്ഥന നടന്നു. ആരാധനയും വി. ബലിയും ഉണ്ടായിരുന്നു. ഡയറക്ടർ ഷാജനച്ചനും, സർവ്വീസ് ടീമും നേതൃത്വം നൽകി. 9.30ന് ജപമാലയോടെ ആരംഭിച്ച് 3 മണിക്ക് അവസാനിക്കുന്നു.

- **കപ്പിൾസ് മിനിസ്ട്രി കൂട്ടായ്മ**

തൃശൂർ അതിരൂപതയിലെ കപ്പിൾസ് മിനിസ്ട്രി കൂട്ടായ്മ 2013 ഒക്ടോബർ 26-ാം തിയ്യതി 2 മണിക്ക് ആബയിൽ ചേർന്നു. കുടുംബങ്ങൾ നവീകരിക്കപ്പെടുവാൻ ദമ്പതികൾ നവീകരിക്കപ്പെടണം എന്നത് ഇന്നിന്റെ ആവശ്യമാണെന്ന് ഡയറക്ടറച്ചൻ ഊന്നിപ്പറഞ്ഞു. ശുശ്രൂഷകൾക്ക് സർവ്വീസ് ടീം അംഗങ്ങൾ നേതൃത്വം നൽകി. 5 മണിക്ക് അവസാനിച്ചു.

- **സർവ്വീസ് ടീം ചേർന്നു**

തൃശൂർ അതിരൂപതാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ രൂപതാ സേവനസമിതി യോഗം 2013 ഒക്ടോബർ 31-ാം തിയ്യതി വ്യാഴാഴ്ച ആബാ കേന്ദ്രത്തിൽ രാവിലെ 10.30ന് ആരംഭിച്ചു. ഡയറക്ടർ ഫാ. ഷാജൻ തേർമഠം അദ്ധ്യക്ഷത വഹിച്ചു. ഫെയ്ത് ഫെസ്റ്റ് 2013 ഡിസംബർ മാസം 14, 21 തിയ്യതികളിൽ നടത്തുവാൻ തീരുമാനിച്ചു. 14-ാം തിയ്യതി പാലയൂർ, മുണ്ടത്തിക്കോട് 21-ാം തിയ്യതി ഒല്ലൂർ, പറവട്ടാനി എന്നിവിടങ്ങളിലും നടത്തുവാൻ തീരുമാനമായി. ആത്മീയ മേഖലയിൽ ശക്തമായ നേതൃത്വത്തെ വാർത്തെടുക്കുക എന്നതാണ് പ്രധാന ലക്ഷ്യം. എല്ലാ പ്രാർത്ഥനാകൂട്ടായ്മയിലേയും കോർടീം ബസേഴ്സാണ് ഫെയ്ത് ഫെസ്റ്റിൽ പങ്കെടുക്കേണ്ടത്. അതിരൂപതാ സർവ്വീസ് ടീമാണ് ഫെയ്ത് ഫെസ്റ്റിന് നേതൃത്വം കൊടുക്കുന്നത്. 3 മണിക്ക് സർവ്വീസ് ടീം സമാപിച്ചു.

| | | |
|---|---|---|
| **ഫാ. ഷാജൻ തേർമഠം** | **വി.വി. ജോസ്** | **എം.എ. ബാബു** |
| ഡയറക്ടർ | സെക്രട്ടറി | കോ-ഓർഡിനേറ്റർ |

# കുടുംബക്കൂട്ടായ്മ

- **കുടുംബകൂട്ടായ്മ സീറോ മലബാർ കൗൺസിൽ മീറ്റിംഗ് – ഒക്ടോബർ 25, 26**

സീറോ മലബാർ കുടുംബകൂട്ടായ്മ കൗൺസിൽ മീറ്റിംഗ് എറണാകുളം പി.ഒ.സി.യിൽവെച്ച് നടക്കുകയുണ്ടായി. കുടുംബ കൂട്ടായ്മകൾക്ക് പുതിയ മുഖം നൽകുന്നതിനുള്ള സാധ്യതകൾ ചർച്ച ചെയ്തു. സീറോ മലബാർ സഭയുടെ പരമാധ്യക്ഷൻ മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്ത ദ്വിദിന സമ്മേളനത്തിൽ തൃശൂർ അതിരൂപതയെ പ്രതിനിധീകരിച്ച് ജന. കൺവീനർ ശ്രീ. തൊമ്മി പിടിയത്ത്, ജോ. കൺവീനർ ശ്രീമതി ഓമന റാഫേൽ, ഡെയ്സൺ പാണേങ്ങാടൻ എന്നിവർ സംസാരിച്ചു.

- **കുടുംബകൂട്ടായ്മ ദേശീയ കൺവെൻഷൻ**

നവംബർ 19, 20, 21 തിയ്യതികളിൽ സി.ബി.സി.ഐ.യുടെ ആഭിമുഖ്യത്തിൽ ഗോവയിൽ വെച്ചു നടന്ന കുടുംബകൂട്ടായ്മ ദേശീയ കൺവെൻഷനിൽ തൃശൂർ അതിരൂപത ഡയറക്ടർ റവ. ഡോ. ലോറൻസ് തൈക്കാട്ടിലിന്റേയും ജന. കൺവീനർ ശ്രീ. തൊമ്മി പിടിയത്തിന്റേയും നേതൃത്വത്തിൽ പത്തംഗ സംഘം പങ്കെടുത്തു.

- **കുടുംബകൂട്ടായ്മ ഫൊറോന ഇലക്ഷനുകൾ**

കുടുംബകൂട്ടായ്മ ഫൊറോന കേന്ദ്രസമിതി ഇലക്ഷനുകൾ നടന്നു വരുന്നു. കൊട്ടേക്കാട്, ലൂർദ്ദ്, വേലൂർ, പുത്തൂർ, വടക്കാഞ്ചേരി ഫൊറോനകളിൽ തെരഞ്ഞെടുപ്പ് ബഹു. ഡയറക്ടറച്ചൻമാരുടെയും ഫൊറോന വികാരി ആനിമേറ്റർ എന്നിവരുടേയും നേതൃത്വത്തിൽ നടന്നു കഴിഞ്ഞു. ഡിസംബറിൽ മറ്റു ഫൊറോന തെരഞ്ഞെടുപ്പുകൾ നടത്തും. ഫൊറോന തിരഞ്ഞെടുപ്പിന്റെ ക്രമീകരണങ്ങൾ നടത്താൻ ബഹു. കൺവീനർമാർ അതാതു ഫൊറോനകളിലെ ആനിമേറ്റർ അച്ചൻമാരെ സഹായിക്കുമല്ലോ.

വിശ്വസ്തതയോടെ

| | | |
|---|---|---|
| **ഫാ. ലോറൻസ് തൈക്കാട്ടിൽ** | **തൊമ്മി പിടിയത്ത്** | **ഡോ. ഡെയ്സൺ പാണേങ്ങാടൻ** |
| **ഡയറക്ടർ** | **ജന. കൺവീനർ** | **ജന. സെക്രട്ടറി** |

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

തൃശ്ശൂർ അതിരൂപത കാത്തലിക് നേഴ്സസ് ഗിൽഡിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി വിവിധ ഹോസ്പിറ്റലുകളിൽനിന്നും നവംബർ 20, 2013ന് വൈകുന്നേരം 4 ന് ആരംഭിച്ച റാലി വളരെ മനോഹരമായിരുന്നു. തൃശൂർ സെന്റ് മേരീസ് കോളേജിൽനിന്നും ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടന്റെയും മറ്റ് പിതാക്കൻമാരുടെയും ആശീർവ്വാദത്തോടെ ആരംഭിച്ച ഗോൾഡൻ ജൂബിലി സമാപനാഘോഷ വിളംബര റാലി തൃശൂർ റൗണ്ട് ചുറ്റി 6 മണിയോടുകൂടി സെന്റ് തോമസ് കോളേജിൽ എത്തിച്ചേർന്നതോടെ ഗോൾഡൻ ജുബിലി സമാപനപരിപാടികൾക്ക് തുടക്കം കുറിച്ചു.

ഗോൾഡൻ ജൂബിലി സമാപന പരിപാടികൾ നവംബർ 24-ന് രാവിലെ 9 മണിക്ക് ആരംഭിച്ചു. മുവ്വായിരത്തോളം നേഴ്സുമാരും, വൈദികരും, ഇടവക പ്രതിനിധികളും, ജനപ്രതിനിധികളും വിശിഷ്ട വ്യക്തികളും സമാപന ചടങ്ങിൽ സന്നിഹിതരായിരുന്നു. രാവിലെ 9 മണിക്ക് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് സമൂഹബലിയിൽ മുഖ്യകാർമ്മികനായി സന്ദേശം നൽകുകയുണ്ടായി. ശുശ്രൂഷാരംഗത്ത് സേവനമനുഷ്ഠിക്കുന്നവർ നല്ല സമരിയാക്കാരന്റെ കാരുണ്യം കാത്തുസൂക്ഷിക്കണമെന്ന് പിതാവ് ഓർമ്മിപ്പിച്ചു. നേഴ്സിംഗ് കെയറിനെക്കുറിച്ച് വളരെ രസകരമായ വിധത്തിൽ പ്രൊഫ. കെ. എം. ഫ്രാൻസിസ് ക്ലാസ്സുകൾ നൽകി. ചടങ്ങിൽ സി.എൻ.ജി.ഐ. ദേശീയ ഭാരവാഹികൾ പങ്കെടുക്കുകയും പരസ്പരം ആശയവിനിമയം നടത്തുകയും ചെയ്തു. വിവിധ നേഴ്സിംഗ് സ്ക്കൂളുകൾ, കോളേജുകൾ, ഹോസ്പിറ്റലുകൾ എന്നിവയിലെ അംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികൾ ജൂബിലി ആഘോഷങ്ങൾക്ക് വർണ്ണപ്പകിട്ടേകി.

ഉച്ചക്ക് 2 മണിക്ക് ആരംഭിച്ച പൊതുസമ്മേളനത്തിൽ തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. ഫ്രാൻസിസ് പാപ്പയുടെ ദർശനമനുസരിച്ച് ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് ഇടവകയിലെ വേദന അനുഭവിക്കുന്നവരെ ജാതിമതഭേദമെന്യേ സഹാനുഭൂതിയോടും കാരുണ്യത്തോടും കൂടെ ശുശ്രൂഷിക്കണമെന്ന് പിതാവ് പറഞ്ഞു. സി.എൻ.ജി.ഐ. ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട് ഏവരേയും പൊതുമീറ്റിംഗിലേക്ക് സ്വാഗതം ചെയ്തു. സെക്രട്ടറി സിസ്റ്റർ സീന എസ്.എം.സി. റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് നേഴ്സിംഗ് പ്രതിജ്ഞ ഏവർക്കും ചൊല്ലിക്കൊടുത്തു. കേരള സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രി ബഹു. വി. എസ്സ്. ശിവകുമാർ പരിപാടി ഉദ്ഘാ

ടനം ചെയ്ത് സംസാരിക്കുകയുണ്ടായി. ആതുരസേവനരംഗത്ത് ക്രൈസ്തവർ നൽകുന്ന മാതൃക പ്രശംസനീയമാണെന്ന് അദ്ദേഹം എടുത്തു പറയുകയുണ്ടായി. ശ്രീ. പി. സി. ചാക്കോ എം.പി., പെയിൻ & പാലിയേറ്റീവ് കെയർ (Diakonia Project) ഉദ്ഘാടനം ചെയ്തു. വിശിഷ്ടാതിഥിയായ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പ്രസിഡന്റ് ശ്രീ. ദിലീപ് കുമാർ ജൂബിലി സോവനീർ പ്രകാശനം ചെയ്തു സംസാരിച്ചു. ഡയകോണിയ 2013 ഇടവകകളിൽ സജീവമായതിനെ സംബന്ധിച്ച് ഇടവക പ്രതിനിധികളെ അഭിസംബോധന ചെയ്ത് മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ (ബിഷപ്പ് എമിരിറ്റസ്, സാഗർ ഡയോസിസ്) സംസാരിച്ചു. മിസ്സ് ഗേളി ആന്റോ (ഗോപിക), സിനി ആർടിസ്റ്റ്, ഡയകോണിയ 2013ന്റെ നറുക്കെടുപ്പ് വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു. റവ. ഫാ. സ്റ്റീഫൻ ഫെർണാണ്ടസ്, സിസ്റ്റർ സരള മാക്വാൻ, റവ. ഫാ. സോണി തെക്കേക്കര എന്നിവരുടെ സാന്നിദ്ധ്യവും നല്ല വാക്കുകളും പ്രോത്സാഹനവും ജൂബിലി പരിപാടികളെ കൂടുതൽ അനുഗ്രഹീതമാക്കി. തൃശൂർ അതിരൂപത കാത്തലിക് നേഴ്സസ് ഗിൽഡ് പ്രസിഡന്റ് സിസ്റ്റർ ഹേമ മേരി എഫ്.സി.സി. ഏവർക്കും നന്ദിയർപ്പിച്ചു. ദേശീയഗാനത്തോടെ പരിപാടികൾ സമാപിച്ചു.

സി.എൻ.ജി.ഐ. ഗോൾഡൻ ജൂബിലി പരിപാടികൾ ഏറെ മനോഹരമാക്കാൻ രാപ്പകൽ അദ്ധ്വാനിച്ച എല്ലാ സി.എൻ.ജി.ഐ. എക്സിക്യൂട്ടീവ് ഭാരവാഹികൾക്കും വിവിധ ജൂബിലി കമ്മിറ്റിയംഗങ്ങൾക്കും വിവിധ ഹോസ്പിറ്റൽ, നേഴ്സിംഗ് സ്ക്കൂൾ, കോളേജ് ഭാരവാഹികൾ എന്നിവർക്കും എല്ലാവിധ സഹായങ്ങളും പിന്തുണയും നൽകിയ തൃശൂർ, ഇരിങ്ങാലക്കുട, പാലക്കാട് രൂപതകളിലെ എല്ലാ സി.എൻ.ജി.ഐ. അംഗങ്ങൾക്കും മറ്റുള്ള എല്ലാവർക്കും സി.എൻ.ജി.ഐ. യുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

ഡയറക്ടർ — സെക്രട്ടറി

**റവ.ഫാ. സിജോ അരിക്കാട്ട്** — **സി. സീന SMC**

# കാത്തലിക് യൂണിയൻ – കെ.സി.വൈ.എം.

- **സേവനദിനം ആചരിച്ചു**

തൃശൂർ മാനസികാരോഗ്യകേന്ദ്രം വൃത്തിയാക്കിക്കൊണ്ട് സി.യു.–കെ.സി.വൈ.എം. പ്രവർത്തകർ ഗാന്ധിജയന്തി ദിനം സേവനദിനമായി ആചരിച്ചു. മോൺ. ഫ്രാൻസിസ് ആലപ്പാട്ട് ഉദ്ഘാടനം ചെയ്യുകയും, എൻ. പി. ജാക്സൺമാസ്റ്റർ, സിസ്റ്റർ ടീന മരിയ, ജോൺസൺ ജോർജ്ജ്, ആന്റോ തൊറയൻ, സി. ഒ. ഔസേപ്പ്, ജയ റാഫേൽ എന്നിവർ നേതൃത്വം നൽകുകയും ചെയ്തു.

- **ദേശീയ യൂത്ത് മീറ്റ് - ജലന്ധർ**

കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ ജലന്ധറിൽ സംഘടിപ്പിച്ച ദേശീയ യൂത്ത് മീറ്റിൽ തൃശൂർ അതിരൂപതയെ പ്രതിനിധാനം ചെയ്ത് ഫാ. ജിയോ കടവി, ഫാ. ദിജോ ഒലക്കേങ്കിൽ, സിസ്റ്റർ ടീന മരിയ, ആന്റോ തൊറ യൻ, അനുപ് പുന്നപ്പുഴ എന്നിവർ പങ്കെടുത്തു. ഫ്രാങ്കോ മുളക്കൻ പിതാവിന് ഉപഹാരസമർപ്പണവും നടത്തി.

- **യുവജനപഠനശിബിരം**

പാലയൂർ ഫൊറോന സമിതിയുടെ നേതൃത്വത്തിൽ പാലയൂരിൽവെച്ച് യുവജനപഠനശിബിരം സംഘടിപ്പിച്ചു. മാർ റാഫേൽ തട്ടിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഫാ. ജോൺ അയ്യങ്കാനയിൽ, ഫാ. ജിയോ കടവി, പി. ഐ. ലാസർമാസ്റ്റർ, എൻ. പി. ജാക്സൺ മാസ്റ്റർ, ആന്റോ തൊറ യൻ, ജിയോ ജോൺ, ജിയോ മേലിട്ട് എന്നിവർ നേതൃത്വം നൽകി.

- **ഫൊറോനതല പഠനശിബിരങ്ങളും, യൂണിറ്റ് രൂപീകരണവും**

സി.യു. - കെ.സി.വൈ.എം. രൂപത, ഫൊറോന സമിതികളുടെ നേതൃ ത്വത്തിൽ ഫൊറോനതല യുവജനപഠനശിബിരങ്ങൾ ആരംഭിച്ചു. പാല യൂരിൽ ഉദ്ഘാടനകർമ്മം മാർ റാഫേൽ തട്ടിൽ നിർവ്വഹിച്ചു. കെ.സി. വൈ.എം. യൂണിറ്റ് തല രൂപീകരണങ്ങളുടെ ഉദ്ഘാടനം തൃപ്രയാർ യൂദാ തദേവൂസ് ഇടവക ദേവാലയത്തിൽ നിർവ്വഹിച്ചു. ഫാ. ജിയോ കടവി, ആന്റോ തൊറയൻ എന്നിവർ നേതൃത്വം നൽകി.

| ഫാ. ജിയോ കടവി | ഫാ. ദിജോ ഒലക്കേങ്കിൽ | എൻ. പി. ജാക്സൺ മാസ്റ്റർ | പി. ഐ. ലാസർമാസ്റ്റർ |
|---|---|---|---|
| ഡയറക്ടർ | അസി. ഡയറക്ടർ | ജന. സെക്രട്ടറി | ചെയർമാൻ |

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശൂർ കൂരിയായുടെ 681-ാമതും, കമ്മീസിയ ത്തിന്റെ 668-ാമതും സമ്മേളനം 2013 നവംബർ 3-ന് പാസ്റ്ററൽ സെന്ററി ലുള്ള ഓഫീസിൽ വെച്ച് കമ്മീസിയം പ്രസിഡന്റ് ബ്രദർ പി. സി. കുരിയ പ്പന്റെ അദ്ധ്യക്ഷതയിൽ ഉച്ചക്ക് 2 മണിക്ക് പ്രാരംഭപ്രാർത്ഥനയോടും ജപമാ ലയോടും കൂടി ആരംഭിച്ചു. പ്രസിഡന്റ് നടത്തിയ ജ്ഞാനവായനയ്ക്കു ശേഷം സെക്രട്ടറി ബ്രദർ കെ. പി. ജോയ് മുൻമാസ റിപ്പോർട്ടും, വരവ് ചിലവ് കണക്കും അവതരിപ്പിച്ച് പാസ്സാക്കി. വൈസ് പ്രസിഡന്റ് സി. അൽഫോൻസ ജോർജ്ജ് ഹാജർ വിളിച്ചതിനുശേഷം പ്രസിഡന്റ് എല്ലാ മരിയ സൈനികരേയും സ്വാഗതം ചെയ്തു.

സെനാത്തൂസിൽനിന്നുള്ള ജൂലൈ മാസ സെനാത്തൂസ് റിപ്പോർട്ട് പ്രസി ഡന്റ് അറിയിച്ചു. ഒക്ടോബർ 14-ന് കാഞ്ഞിരപ്പുഴയിലേക്ക് തീർത്ഥാടനവും

വിനോദയാത്രയുമായി 7 ബസ്സുകളിലായി 339 പേർ യാത്ര ചെയ്തതായും മരിയ സൈനികർ തൃപ്തികരമായ അനുഭവങ്ങളും പങ്കുവെച്ചതിനുശേഷം യാത്രക്ക് വേണ്ടി വന്ന വരവ് ചിലവ് കണക്ക് യോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കി.

സൈനിക ജപശൃംഖലക്കുശേഷം ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. മാത്യു ചാക്കേരി പ്രഭാഷണം നടത്തി. നവംബർ മാസം സകല വിശുദ്ധരുടെയും മരിച്ചവരുടെയും ഓർമ്മ ആചരണത്തെക്കുറിച്ച് വിശദീകരിച്ചു. വിജയസഭ, സഹനസഭ, സമരസഭ എന്നീ 3 അവസ്ഥകളെക്കുറിച്ചും മരിച്ചുപോയ ഓരോ മരിയ സൈനികരെയും പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കണമെന്നും ലീജിയൻ ഉള്ള എല്ലാ പ്രസിദീയവും മരിച്ചവർക്കായി കുർബ്ബാന ചൊല്ലിക്കണമെന്നും അറിയിച്ചു.

പ്രസിദീയങ്ങളിലെയും കൂരിയാകളിലെയും ഭാരവാഹികളുടെ 3 വർഷത്തെ കാലാവധി പൂർത്തിയായതിൽ പുതിയ ഭാരവാഹികളെ കമ്മീസിയം അംഗീകരിക്കുകയും കമ്മീസിയത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനായി കഴിഞ്ഞ മാസം കൂടിയ നോമിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശം ബഹു. ആദ്ധ്യാത്മിക നിയന്താവ് കമ്മീസിയം മീറ്റിംഗിൽ അവതരിപ്പിക്കുകയും ഭേദഗതിയോടെ പുതിയ ഭാരവാഹികളെ എല്ലാ മരിയ സൈനികരും ഐക്യകണ്ഠേന താഴെ പറയുന്നവരെ തിരഞ്ഞെടുക്കുകയും ചെയ്തു. തിരഞ്ഞെടുപ്പിന്റെ നടപടിക്രമമനുസരിച്ച് ഒരാൾ നിർദ്ദേശിക്കുകയും, മറ്റൊരാൾ പിൻതാങ്ങുകയും ചെയ്തതോടെ നിയമനം ബഹു. ആദ്ധ്യാത്മിക നിയന്താവിന്റെ സാന്നിദ്ധ്യത്തിൽ അംഗീകരിക്കുകയും ചെയ്തു.

പ്രസിഡന്റ് - ബ്ര. കെ. പി. ജോയ് (ഒല്ലൂർ കൂരിയ)

വൈസ് പ്രസിഡന്റ് - സി. എൽസി ചുമ്മാർ (പുതുക്കാട് കൂരിയ)

സെക്രട്ടറി - ബ്ര. പി. സി. കുരിയപ്പൻ (പറവട്ടാനി കൂരിയ)

ജോ. സെക്രട്ടറി - സി. അൽഫോൻസ ജോർജ്ജ് (ലൂർദ്ദ് കത്തീഡ്രൽ)

ട്രഷറർ - ബ്ര. എ. ജെ. വിൻസെന്റ് (പഴുവിൽ കൂരിയ)

കമ്മീസിയം ഭാരവാഹികളുടെ മുൻ വർഷത്തെ പ്രവർത്തനങ്ങളെ പ്രകീർത്തിച്ചുകൊണ്ടും, പുതിയ ഭാരവാഹികളെ അനുമോദിച്ചുകൊണ്ടും പ്രാർത്ഥനാചൈതന്യത്തിൽ വളരുന്ന മരിയ സൈനികർ ധാരാളം പ്രവർത്തനങ്ങൾ സഭയിൽ ചെയ്തു തീർക്കുന്നതിന് പരി. അമ്മയുടെ മാദ്ധ്യസ്ഥ ശക്തി ധാരാളമായി ലഭിക്കട്ടെ എന്ന പ്രാർത്ഥനയോടെ പുതിയ ഭാരാവാഹികളെ സ്ഥാനമേൽപ്പിച്ചു.

2013 വർഷത്തെ വാർഷിക റീ യൂണിയൻ ഡിസംബർ 8-ന് സെന്റ് മേരീസ് കോളേജിൽവെച്ച് നടത്തുന്നതാണെന്ന് അറിയിച്ചു. 1 മണിക്ക് കമ്മീസിയം മീറ്റിംഗ് 1.30ന് വാർഷിക റീ യൂണിയൻ സമ്മേളനം അഭിവന്ദ്യ

റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നതുമാണ്. കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് തയ്യാറാക്കുന്നവർ ഡിസംബർ 1-നകം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. രജി. ഫീസ് ഒരാൾ 25/- രൂപ അടക്കുന്നതിനും തീരുമാനിച്ചു.

അടുത്ത മാസം മുതൽ തുടർച്ചയായി മാസത്തിലെ ഒന്നാം ഞായറാഴ്ചകളിൽ നടത്തി വരുന്ന കമ്മീസിയം മീറ്റിംഗ് തുടർന്നുള്ള മാസങ്ങളിലെ രണ്ടാം ഞായറാഴ്ചകളിൽ ഉച്ചക്ക് 2.30ന് കൂടാമെന്ന് തീരുമാനിച്ചു. അവസാനപ്രാർത്ഥനയ്ക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവ്വാദത്തിനും ശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

ക്രിസ്തുമസ്സ് ആശംസകളോടെ, ദിവ്യനാഥയുടെ സേവനത്തിൽ

കമ്മീസിയം സെക്രട്ടറി

**പി. സി. കുരിയപ്പൻ**

# കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.)

- **കേരള ലേബർ മൂവ്മെന്റ് വാർഷിക ജനറൽ ബോഡിയും തിരഞ്ഞെടുപ്പും ഡിസംബർ 14, 15**

തൃശൂർ അതിരൂപത കേരള ലേബർ മൂവ്മെന്റ് വാർഷിക ജനറൽ ബോഡിയോഗവും, അതിരൂപത കേന്ദ്രസമിതി തിരഞ്ഞെടുപ്പും ഡിസംബർ 14, 15 (ശനി, ഞായർ) തിയ്യതികളിൽ ഫാമിലി അപ്പസ്തോലേറ്റ്, ബിഷപ്പ് ഹൗസ് ഓഡിറ്റോറിയം എന്നിവിടങ്ങളിൽവെച്ച് നടക്കുന്നു. 14-ാം തിയ്യതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 5.30ന് ആരംഭിക്കുന്ന നേതൃത്വ ക്ലാസ്സ്, പ്രവർത്തന അവലോകനം എന്നിവയുടെ ഉദ്ഘാടനം വികാരി ജനറാൾ മോൺ. ജോർജ്ജ് എടക്കളത്തൂർ ഉദ്ഘാടനം നിർവ്വഹിക്കും. 15-ാം തിയ്യതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2 മണിക്ക് നടക്കുന്ന പൊതുസമ്മേളനം അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യും. പുതിയ ഭാരാവാഹികൾക്ക് അനുമോദനവും ഈ വേദിയിൽവെച്ച് നടക്കും. അതിരൂപതാ കൗൺസിലർമാരിൽനിന്നാണ് അതിരൂപത ഭാരവാഹികളെ തിരഞ്ഞെടുക്കുക. ഞായറാഴ്ച നടക്കുന്ന തിരഞ്ഞെടുപ്പിൽ യൂണിറ്റ് പ്രസിഡന്റുമാർ, മേഖല പ്രസിഡന്റുമാർ, അതിരൂപത കൗൺസിലർമാർ എന്നിവർക്ക് മാത്രമേ വോട്ട് അവകാശമുണ്ടായിരിക്കുകയുള്ളൂ. ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2 മണിക്ക് നടക്കുന്ന പൊതുസമ്മേളനത്തിൽ യൂണിറ്റ് ഭാരവാഹികളും മേഖല കൗൺസിലർമാർ, അതിരൂപത കൗൺസിലർമാർ, അതിരൂപത ഭാരവാഹികൾ (നിലവിലുള്ള ഭാരവാഹി

കളും, പുതിയ ഭാരവാഹികളും) പങ്കെടുക്കുണമെന്ന് അതിരൂപത നേതൃത്വം അറിയിച്ചു.

- **മെഡി ക്ലെയിം ഇൻഷൂറൻസ്**

കേരള ലേബർ മൂവ്മെന്റ് ഓറിയന്റൽ ഇൻഷൂറൻസ് കമ്പനിയുമായി സഹകരിച്ച് മെഡി ക്ലെയിം ഇൻഷൂറൻസിൽ അംഗങ്ങളെ ചേർക്കുന്നു. 3 മാസം മുതൽ 60 വയസ്സ് വരെ പ്രായമുള്ളവർക്ക് ചേരാവുന്നതാണ്. 5 പേരുള്ള ഒരു കുടുംബത്തിന് വർഷം അംഗത്വ ഫീസ് 700 രൂപ. ഒരു കുടുംബത്തിന് 30,000 രൂപ വരെ ചികിത്സാസഹായം ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് തൃശൂർ പാസ്റ്ററൽ സെന്ററിൽ പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0487 2339995, മൊബൈൽ : 8281246921.

- **സുരക്ഷ പെൻഷൻ പദ്ധതി**

അസംഘടിത തൊഴിലാളികൾക്കായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുള്ള സുരക്ഷ പെൻഷൻ പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നു. ഈ പാക്കേജിൽ 18 വയസ്സ് മുതൽ 54 വയസ്സ് വരെയുള്ളവർക്ക് അംഗത്വം എടുക്കാവുന്നതാണ്. 60 വയസ്സ് മുതൽ ആയുഷ്ക്കാല പെൻഷൻ ലഭിക്കുന്നു. ചേരാൻ ആഗ്രഹിക്കുന്നവർ തൃശൂർ അതിരൂപത പാസ്റ്ററൽ സെന്ററിൽ പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0487 2339995, 8281246921

- **അന്യ സംസ്ഥാന (കുടിയേറ്റ) തൊഴിലാളികൾക്ക് ക്ഷേമനിധി കാർഡുകൾ വിതരണം ചെയ്തു**

തൃശൂർ അതിരൂപതയുടെ തൊഴിലാളി പ്രസ്ഥാനമായ കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ തൃശൂർ ജില്ലയിൽ നിർമ്മാണ പ്രവർത്തന മേഖലയിൽ ജോലി ചെയ്യുന്ന അറുപതിലേറെ അന്യ സംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമനിധി തിരിച്ചറിയൽ കാർഡ്, തലോർ ധ്യാനകേന്ദ്രത്തിൽ റവ. ഫാ. ലൂഷ്യസ് നരേപറമ്പിൽ (സി.എം.ഐ.) ഉദ്ഘാടനം ചെയ്ത യോഗത്തിൽ വെച്ച് റവ. ഫാ. സെബാസ്റ്റ്യൻ പെരുന്നേടത്ത് (സി.എം.ഐ.) വിതരണം ചെയ്തു. റവ. ഫാ. ജോസ് കോനിക്കര (ജൂനിയർ), ബ്രദർ ടോം (എം.എം.ബി.), ജോസഫ് മെൽപാൻ എന്നിവർ സംസാരിച്ചു. ഇ. പി. ജോസ്, ജോയ് മാള്യേക്കൽ എന്നിവർ നേതൃത്വം നൽകി. ഇരുന്നൂറോളം അന്യസംസ്ഥാന തൊഴിലാളികൾ പങ്കെടുത്തു.

**ഫാ. ജോസ് കോനിക്കര**
ഡയറക്ടർ

**ഇ. പി. ജോസ്**
ജന. സെക്രട്ടറി

# ചിൽഡ്രൻസ് മിനിസ്ട്രി

**Ph: 0487 2325336, 9947582522**

- **Saints Quiz 2013-2014: -**

ഡിസംബർ 29-ാം തിയ്യതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മുതൽ 4 വരെ ഫൊറോനതലത്തിൽ സെയിന്റ്സ് ക്വിസ്സ് നടത്തപ്പെടുന്നു. ഇടവകതലത്തിൽ നടത്തിയ സെയിന്റ്സ് ക്വിസ്സിൽ ഒന്നാം സ്ഥാനത്തിനർഹരായ കുട്ടികളെ (3 പേർ മാത്രം) ഫൊറോന തലത്തിൽ പങ്കെടുപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഫൊറോന തല ക്വിസ്സിന്റെ പൂർണ്ണ ചുമതല ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രമോട്ടറച്ചനാണ്. പ്രമോട്ടറച്ചന്റെ അഡ്രസ്സും ഫോൺ നമ്പറും ആവശ്യമുള്ളവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക. മത്സരഫലം എത്തിക്കാത്തവർ എത്രയും പെട്ടെന്ന് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ എത്തിക്കേണ്ടതാണ്.

## A. തിരുബാലസഖ്യം

- **പ്ലാറ്റിനം ജൂബിലിയാഘോഷം** : തൃശൂർ ഉണ്ണീശോ പള്ളിയിൽ പതാക ഉയർത്തി ജൂബിലി വേദിയായ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിലേക്ക് ഘോഷയാത്രയായി നീങ്ങി. രണ്ടായിരത്തിൽപ്പരം കുട്ടികളും അവരുടെ ആനിമേറ്റേഴ്സും മാതാപിതാക്കളും സന്നിഹിതരായിരുന്നു. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ ഉണ്ണീശോയുടെ വേഷമണിഞ്ഞ 75 കുട്ടികൾ സ്റ്റേജിലേക്ക് സ്വീകരിക്കുകയും തുടർന്ന് അഭിവന്ദ്യ പിതാവ് തിരി തെളിയിച്ച് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. തുടർന്ന് അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ ദിവ്യബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. പൊതുസമ്മേളനത്തിൽവെച്ച് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് കഴിഞ്ഞ വർഷങ്ങളിൽ സേവനമനുഷ്ഠിച്ച ഡയറക്ടർമാർക്കും, കോർഡിനേറ്റേഴ്സ്, സെക്രട്ടറി, ട്രഷറർ, അതിരൂപത ഭാരവാഹികൾ എന്നിവർക്ക് പൊന്നാടയും മെമന്റോയും നൽകി ആദരിക്കുകയും ഫൊറോന ആനിമേറ്റേഴ്സിന് മെമെന്റോ നൽകി ആദരിക്കുകയും ചെയ്തു. പ്ലാറ്റിനം ജൂബിലിയാഘോഷം അതീവമനോഹരമായി തീർക്കുവാൻ സഹകരിച്ച വൈദികർക്കും, ആനിമേറ്റേഴ്സിനും ബ്രദേഴ്സിനും പ്രത്യേക നന്ദി.

- **തിരുബാലസഖ്യ മത്സരങ്ങൾ** : 2013 ഡിസംബർ 27, 28 തിയ്യതികളിലായി സെന്റ് ക്ലയേഴ്സ് സ്ക്കൂളിലും ഡി.ബി.സി.എൽ.സി.യിലുമായി തിരുബാല സഖ്യ മത്സരങ്ങൾ നടത്തപ്പെടുന്നു. മത്സരങ്ങളുടെ എൻട്രി

ഫോം ലഭിക്കാത്തവർ തിരുബാലസഖ്യ ഓഫീസുമായി ബന്ധപ്പെടേണ്ട താണ്. ഡിസംബർ 10-ന് മുമ്പായി ഫോം പൂരിപ്പിച്ച് പാസ്റ്ററൽ സെന്ററി ലുള്ള തിരുബാലസഖ്യ ഓഫീസിൽ ഏല്പിക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. (ഫോൺ : 0487 2325336, 9947582522).

- **തിരുബാലസഖ്യ മിഷൻ കവറുകൾ** : ലോകമെങ്ങുമുള്ള പ്രേഷിക പ്രവർത്തനങ്ങൾക്കും അനാഥപൈതങ്ങളുടെ സംരക്ഷണത്തിനും വിദ്യാ ഭ്യാസത്തിനുമായി കുട്ടികളിൽനിന്ന് സ്വരൂപിക്കുന്ന തിരുബാല സഖ്യ മിഷൻ കവറുകൾ 2013 ഡിസംബർ 30-ന് മുമ്പായി ഓഫീസിൽ തിരിച്ചേ ല്പിക്കേണ്ടതാണ്. കളക്ഷൻ കൊണ്ടുവരുമ്പോൾ ഓരോ യൂണിറ്റിലേയും കുട്ടികളുടെ എണ്ണം കൂടി അറിയിക്കണം. ഏറ്റവും കൂടുതൽ കളക്ഷൻ നൽകുന്ന യൂണിറ്റിന് കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ ട്രോഫി നൽകി ആദരിക്കുന്നതാണ്.
- **തിരുബാലസഖ്യ വാർഷിക റിപ്പോർട്ട് ഫോം** : തിരുബാലസഖ്യത്തിന്റെ ഓരോ യൂണിറ്റിലേയും വിശദവിവരങ്ങൾ പൂരിപ്പിക്കാനുള്ള വാർഷിക റിപ്പോർട്ട് ഫോം വ്യക്തമായും കൃത്യമായും സത്യസന്ധമായും പൂരി പ്പിച്ച് നൽകേണ്ട അവസാന തിയ്യതി ഡിസംബർ 30- ആണ്. വാർഷിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിന് ആണ് ബെസ്റ്റ്, മോഡൽ യൂണിറ്റുകളെ പ്രസ്താവിക്കുക.

## B. ജൂനിയർ സി.എൽ.സി.

- **അതിരൂപത ജൂനിയർ സി.എൽ.സി. ദിനാചരണം :-** 2013 ഡിസം ബർ 7-ന് തൃശൂർ അതിരൂപത ജൂനിയർ സി.എൽ.സി. ദിനമായി ആചരി ക്കുന്നു. രാവിലെ 9.30 മുതൽ 4 വരെ ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടക്കുന്ന എല്ലാ പരിപാടികളിലും സഹകരിക്കണമെന്ന് ഓർമ്മപ്പെടുത്തു ന്നു. വി. കുർബ്ബാനയും ഉച്ചഭക്ഷണവും ഉണ്ടായിരിക്കുന്നതാണ്. ഓരോ യൂണിറ്റിൽനിന്നും യൂണിറ്റ് ആനിമേറ്റർ, സമ്മാനർഹർ, കൂടാതെ 5 കുട്ടി കളെയെങ്കിലും കൊണ്ടുവരണം.
- **Colours 2013 - 2014** : ഡിസംബർ 21-ാം തിയ്യതി ശനിയാഴ്ച ഡി.ബി. സി.എൽ.സി.യിൽ വെച്ച് രാവിലെ 9.30മുതൽ 4 വരെ കളേഴ്സ് 2013 - 14 ജൂനിയർ സി.എൽ.സി. ആനിമേറ്റേഴ്സിനും ഭാരവാഹികൾക്കുമായി നടത്തപ്പെടുന്നു. എല്ലാ ജൂനിയർ സി.എൽ.സി. ആനിമേറ്റേഴ്സും ഭാര വാഹികളും യൂണിറ്റിൽനിന്ന് 2 പ്രതിനിധികളെങ്കിലും ഈ ഏകദിന സെമി നാറിൽ നിർബന്ധമായും പങ്കെടുപ്പിക്കണം. ഉച്ചഭക്ഷണം കൊണ്ടുവരേ ണ്ടതാണ്. വരുന്നവരുടെ എണ്ണം ഓഫീസിൽ വിളിച്ചറിയിക്കണം. (ഫോൺ : 0487 2325336, 9947582522).

# C.അൾത്താര സംഘം

- **Prayer Friend Collection :-** Prayer Friend പ്രാർത്ഥനാസംരംഭത്തോട് സഹകരിച്ച എല്ലാവർക്കും നന്ദി. മാലാഖക്കുറിപ്പ്, ക്രിസ്തുമസ്സ് കാർഡുകൾ, പ്രെയർ ഫ്രണ്ട് കളക്ഷൻ ഇനിയും ഓഫീസിൽ എത്തിക്കാത്തവർ നിർബന്ധമായും ഡിസംബർ 10-ന് മുമ്പ് ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## പ്രാർത്ഥിക്കാൻ....... പ്രവർത്തിക്കാൻ - ഡിസംബർ 2013

**തിരുവചനപഠനം** : 'കർത്താവേ, ഈ പാപം അവരുടെമേൽ ആരോപിക്കരുതേ' (നടപടി 7:60)

**സുകൃത ജപം** : ഈശോയെ, എന്റെ സംരക്ഷകനായിരിക്കണമേ

**പ്രാർത്ഥന നിയോഗം** : മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കുക.

**പ്രവർത്തനം** : കൂട്ടുകാരോട് ഈശോയെപ്പറ്റി പറയുക.

**പരിചയപ്പെടുന്ന വിശുദ്ധൻ** : വി. സ്റ്റീഫൻ (ഡിസംബർ 26)

കോഡിനേറ്റർ
**സി.മിനി SSPC**

ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ
**ഫാ. ഡെയ്സൺ മുണ്ടോപുറം**


തൃശൂർ അതിരൂപതാ
മതബോധനകേന്ദ്രം
മതാദ്ധ്യാപക
സംഗമം
3 ഞായർ

Registered
R.N.I. No. 27348/1975
KL/TCR/275/2012-2014
Licence No. KL/CR/TCR/WPP-13/2012 -14
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.11.2013
Dec. 2013

# ജന്മദിനാശംസകൾ



ഡിസംബർ 13ന്
ജന്മദിനം
ആഘോഷിക്കുന്ന
അഭിവന്ദ്യ
മാർ ആൻഡ്രൂസ് താഴത്ത്
പിതാവിനും





അഭിവന്ദ്യ
മാർ ജേക്കബ്ബ് തൂങ്കുഴി
പിതാവിനും
തൃശൂർ
അതിരൂപതയുടെ
പ്രാർത്ഥനാശംസകൾ

Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005